# അണിയറയിൽ

രക്ഷാധികാരികൾ:
**ടി. മൊയ്തീൻകുട്ടി (കുഞ്ഞു)**
(മാനേജർ)

**ടി. അബ്ദുൽ റഷീദ്**
(പ്രിൻസിപ്പാൾ)

**സി. സുൽഫിക്കർ അലി**
(പി.ടി.എ. പ്രസിഡന്റ്)

**സി.പി. മുഹമ്മദ് അലി**
(ഉപ പ്രധാനാധ്യാപകൻ)

**സി.പി. ശാന്തി**
(സ്റ്റാഫ് സെക്രട്ടറി)

**പി. ഹസൈൻ**
(എസ്.ആർ.ജി. കൺവീനർ)

മാനേജിംഗ് എഡിറ്റർ
**തൊട്ടിയിൽ മുഹമ്മദ് കുട്ടി**
(പ്രധാനാധ്യാപകൻ)

പത്രാധിപ സമിതി
അധ്യാപക പ്രതിനിധികൾ:
**കെ.വി. ഷെരീഫ്, സമീർ എം., ഫരീദാ ബാനു, ആസിഫ് അലി**

വിദ്യാർത്ഥി പ്രതിനിധികൾ:
**ശൈഖ, മെഹറിൻ, ഷംന, റിഷാദ് അലി, യാസീൻ, ഇമാദ്, അമിൽ അഹ്സൻ, ആയിഷ റിൻഷ, ഷഹനാസ്, ജസീം**

പ്രൂഫ്:
**കെ.വി. ഷെരീഫ്**

കല:
**ഷമീം, ഷഹിൻ അഹമ്മദ്, ജിൻസി**

കവർ & ലേഔട്ട്:
**ആസിഫ് അലി**



# ഉള്ളടക്കം

## ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുന്നവർ


**05** തൊട്ടിയിൽ മുഹമ്മദ്കുട്ടി: ചരിത്രവിജയത്തിന്റെ സാരഥി

**07** എം.കെ. രാജൻ: പകരം വെയ്ക്കാനില്ലാത്ത പ്രതിഭ

**08** സി.പി. മുഹമ്മദലി മാസ്റ്റർ

**09** മുഹമ്മദ് മാസ്റ്റർ ഒരു ഹൈടെക് അധ്യാപകൻ

**10** സുനിത ടീച്ചർ

**11** പത്മജ ടീച്ചർ

**12** സുജാത ടീച്ചർ


## കവിതകൾ


11 **ഇഷ്ടം** / മിസ്‌രിയ തെസ്നി

21 **കണ്ണീർ** / കെ. രാധിക

23 **മഴ** / ഷഫ്ന കെ.പി.

**വിടരാതെ കൊഴിയാത്ത പൂവ്** / ഫാത്തിമ സനിയ്യ പി.

28 **ഭംഗി** / മുസ്താഖ്

31 **അരങ്ങൊഴിഞ്ഞ തൂലിക** / സിനു ഷഹ്‌ല

36 **ഒരമ്മയുടെ നൊമ്പരം** / ഷബീറ ഇ.കെ.

37 **പ്രളയം** / ഫാത്തിമ ഷജ സി.

**വിശ്വരൂപം** / ആദിൽ നസ്‌റിൻ ഡി.പി.

38 **പ്രകൃതിയുടെ രോദനം** / നഫീസത്തുൽ മിസ്‌രിയ കെ.

**മാതൃത്വം** / ഫാത്തിമ ഫിദ പി.

39 **വേനൽകാല പുഷ്പങ്ങൾ** / ഫാത്തിമ സഫ

41 **കൊഴിഞ്ഞുവീണ തളിരിലകൾ** / ലബീബ പി.

54 **മറക്കാനാവാത്ത ഉല്ലാസയാത്ര** / സുൽഫീന പി.

43 **അച്ഛനെത്തേടി** / ഷിഫ ടി.

45 **സ്റ്റാറ്റസിന്റെ മരണം** / അഫീഫ എ.കെ.


## കഥകൾ


**24** **ഞാൻ ഒരു കള്ളനാണ്** / ആയിഷ തെസ്നി

**30** **ആ ഇരുകൈകളിലെ പ്രകാശം** / ഫാത്തിമ ഷഹ്‌ല

**13**
**ഗുരുദർശനങ്ങളുടെ കാലിക പ്രസക്തി**
വി. പ്രതാപൻ

**18**
**ലഹരി വസ്തുക്കളുടെ ഉപയോഗവും പ്രത്യാഘാതങ്ങളും**
സി.കെ. അഹമ്മദ് കുട്ടി

**20**
**മാതൃസ്നേഹം**
ഡോ. രജനി സുബോധ്

**26**
**മുഖമെവിടെ**
വെട്ടം ഗഫൂർ


## ലേഖനങ്ങൾ


**15** **പറപ്പൂർ ഹൈസ്കൂൾ: എന്റെ ഓർമ്മകൾ**
സജീവ് ഹാർമണി

**17** **കാതിയൻ**
ബി. ഗിരിധരൻ

**27** **കേരളം നന്മയുടെ മാതൃക**
ആഷ്ന ജബിൻ

**29** **നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങൾ**
സിനു ഷഹ്മ

**32** **പേടിപ്പെടുത്തിയ മഴ**
ശിഫ ടി.

**33** **മാഡം ക്യൂറി: ശാസ്ത്രം തന്നെ ജീവിതം**
ആര്യ വി.

**34** **കേരളയീയ കലകൾ**
ഫാത്തിമ നസ്‌റിൻ ടി.

**35** **നാം അറിയണം അമ്മ മനസ്സ്**
ഫർഹാൻ ഒ.പി.



Insperia

ഐ.യു. ഹയർ സെക്കണ്ടറി സ്കൂൾ പറപ്പൂർ
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രസിദ്ധീകരണം,
(സ്വകാര്യ വിതരണത്തിന്)

**പുസ്തകം: 7, ലക്കം: 1** **2020 ജനുവരി**




# തൊട്ടിയിൽ മുഹമ്മദ് കുട്ടി: ചരിത്രവിജയത്തിന്റെ സാരഥി

**കെ.വി. ഷെരീഫ്** | മലയാളവിഭാഗം

ഏകദേശം മൂന്ന് ദശകത്തെ നിസ്വാർത്ഥ സേവനത്തിന് ശേഷം ചരിത്രം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ പടിയിറങ്ങുകയാണ്. നമ്മുടെ സ്കൂളിന്റെ ചിരകാല സ്വപ്നമായിരുന്ന 100% വിജയമെന്ന ചരിത്രനേട്ടത്തിലേക്ക് ഈ വിദ്യാലയത്തെ ഉയർത്തുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ചാണ് അദ്ദേഹം വ്യത്യസ്തനാവുന്നത്. പാഠ്യ-പാഠ്യേതര രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച് കൊണ്ട് നമ്മുടെ വിദ്യാലയത്തെ പ്രശസ്തിയുടെ കൊടുമുടിയിലേക്ക് ഉയർത്തുന്നതിന് വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമായിക്കൊണ്ട്, പ്രതിഭാധനരായ അധ്യാപകർക്ക് ക്രിയാത്മകമായ പിന്തുണയേകിക്കൊണ്ട്, രക്ഷിതാക്കളെ കൂടെ നിർത്തിക്കൊണ്ട് അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.

പറപ്പൂർ വട്ടപ്പറമ്പ് സ്വദേശിയായ ശ്രീ. ടി. മുഹമ്മദ് കുട്ടി മാസ്റ്റർ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത് പറപ്പൂർ വെസ്റ്റ് ന്യൂ എ.എം.എൽ.പി. സ്കൂളിൽ നിന്നായിരുന്നു. തുടർന്ന് വേങ്ങര ജി.യു.പി. സ്കൂളിലും, ഐ.യു.എച്ച്.എസ്.എസ്. പറപ്പൂരിലുമായിരുന്നു പഠനം. (ഈ വിദ്യാലയത്തിലെ പ്രധാനാധ്യാപകനാവുന്ന പ്രഥമ പൂർവ്വ വിദ്യാർത്ഥി എന്ന നേട്ടവും അദ്ദേഹത്തിന് സ്വന്തം). തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ നിന്ന് പ്രീഡിഗ്രിയും കോഴിക്കോട് ഫാറൂഖ് കോളേജിൽ നിന്ന് ബി.എസ്.സി. ബിരുദവും ഫാറൂഖ് ട്രൈനിംഗ് കോളേജിൽ നിന്ന് ബിഎഡും കരസ്ഥമാക്കി.

1991 ജൂലൈ 17-ന് തർബിയത്തുൽ ഇസ്‌ലാം സംഘത്തിന് കീഴിലുള്ള പറപ്പൂർ എ.യു.പി. സ്കൂളിലെ അധ്യാപകനായി അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ തന്നെ 1992 ജനുവരി 2 മുതൽ അദ്ദേഹത്തിന്റെ സേവനം ലഭിക്കാനുള്ള ഭാഗ്യം നമ്മുടെ ഹൈസ്കൂളിന് ലഭിക്കുകയുണ്ടായി. തന്റെ സ്വതസിദ്ധമായ നർമ്മം കലർന്ന ശൈലിയിൽ ഭൗതികശാസ്ത്രത്തിലെ ഗഹനമായ ആശയങ്ങൾ പോലും ലളിതമായ ജീവിതഗന്ധിയായ ഉദാഹരണങ്ങളിലൂടെ വിദ്യാർത്ഥികളിലേക്ക് പകർന്ന് നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. നേടുന്ന അറിവുകൾക്കൊപ്പം അദ്ദേഹവും വിദ്യാർത്ഥി ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠനേടി.

മലപ്പുറം ഡി.ഡി.ഇ. ആയിരുന്ന ശ്രീ. മുഹമ്മദ് ബഷീർ സാറിന്റെ പ്രത്യേക താൽപര്യ പ്രകാരം 1998-99ൽ സൃഷ്ടിച്ച 'സാന്ത്വനം' ക്ലാസിന്റെ (ഒമ്പതാം ക്ലാസിൽ നിന്ന് പത്താം ക്ലാസിലേക്ക് സ്ഥാനക്കയറ്റം കിട്ടാത്ത കുട്ടികളെ ഉൾപ്പെടുത്തി സൃഷ്ടിച്ച പത്താം ക്ലാസ്) ക്ലാസ് ചാർജ്ജ് മുഹമ്മദ് കുട്ടി മാഷിനായിരുന്നു. നമ്മുടെ പ്രഥമ പ്രധാനാധ്യാപകനും ദേശീയ അധ്യാപക അവാർഡ് ജേതാവുമായ ശ്രീ. പി. അവറുമാസ്റ്റർ 'സാന്ത്വനം' ക്ലാസിന്റെ ചുമതല മുഹമ്മദ് കുട്ടി മാഷെ ഏൽപിച്ചത് അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിലും ഉത്തരവാദിത്വ ബോധത്തിലുമുള്ള വിശ്വാസം ഒന്നു കൊണ്ട് മാത്രമായിരുന്നു. പ്രസ്തുത ക്ലാസിലെ മുഴുവൻ കുട്ടികളും ഉയർന്ന ഗ്രേഡോടെ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചു എന്നത് ചരിത്രം.

2015 സെപ്തംബർ 9ന് അദ്ദേഹം പ്രധാനാധ്യാപകനായി ചുമതലയേറ്റത് സ്കൂളിന് പുത്തനുണർവ്വ് നൽകി. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ നമ്മുടെ വിദ്യാലയത്തെ സബ്ജില്ലയിൽ ഒന്നാമത്തെയും ജില്ലയിൽ രണ്ടാമത്തെയും വിദ്യാലയമാക്കി ഉയർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. അക്കാദമിക രംഗത്തെന്ന പോലെ കലാ-കായിക രംഗത്തും നമ്മുടെ വിദ്യാലയം മികവിന്റെ പടവുകൾ കയറുന്നതിനാണ് നമ്മൾ സാക്ഷ്യം വഹിച്ചത്.

അക്കാദമിക മികവ് ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള തീവ്രപരിശീലന പരിപാടി, പ്രഭാത-സായാഹ്ന-രാത്രികാല ക്ലാസുകൾ സജീവമാക്കിയതിന് പുറമെ സമീപ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ആരംഭിച്ച 'സാറ്റലൈറ്റ് പഠന കേന്ദ്ര'ങ്ങൾക്ക് തുടക്കമിട്ടത് മാഷിന്റെ നേതൃത്വത്തിലാണ്. വിദൂര പ്രദേശങ്ങളിൽ നിന്ന്

മാതൃവിദ്യാലയത്തിലെ രാത്രികാല പഠനക്യാമ്പിലെത്തുന്നതിന് പകരം സമീപത്തുള്ള സാറ്റലൈറ്റ് പഠനകേന്ദ്രത്തിലെത്താൻ അവസരം ലഭിച്ചത് വിദ്യാർത്ഥികൾക്കെന്ന പോലെ രക്ഷിതാക്കൾക്കും ആശ്വാസം പകർന്നു.

വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം പകരുന്ന നിരവധി പരിശീലന പരിപാടികൾക്ക് അദ്ദേഹത്തിന്റെ കാലത്ത് തുടക്കം കുറിച്ചു. എൻ.എം.എം.എസ്.ഇ., എൻ.ടി.എസ്., ടാലന്റ് ഹണ്ട് തുടങ്ങിയ മത്സര പരീക്ഷകൾക്ക് നൽകിയ പരിശീലനം ഫലം കാണുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ എൻ.എം.എം.എസ്. പരീക്ഷയിൽ നമ്മുടെ വിദ്യാലയത്തിൽ നിന്ന് ആറ് പ്രതിഭകളാണ് സ്കോളർഷിപ്പിന് അർഹത നേടിയത്.

കലാ-കായിക-ശാസ്ത്രമേളകളിലും നമ്മുടെ കുട്ടികൾ സംസ്ഥാന തലത്തിൽ വരെ മികച്ച പ്രകടനം കാഴ്ചവെക്കുന്നത് അദ്ദേഹത്തിന്റെ ശക്തമായ പിന്തുണ ഒന്നുകൊണ്ട് മാത്രമാണ്. എടുത്തുപറയേണ്ട മറ്റൊരു സവിശേഷത മികച്ച ഭൗതിക സാഹചര്യമൊരുക്കുന്നതിൽ ഒരു പ്രധാനാധ്യാപകൻ എന്ന നിലയിൽ മാഷ് വഹിച്ച പങ്കാണ്. അധ്യാപകർക്ക് മഴ നനയാതെ കൈകഴുകാനുള്ള വാഷ് ബേസിൻ, സുരക്ഷിതത്വമുള്ള വലിപ്പോടുകൂടിയുള്ള മേശകൾ ഇങ്ങനെ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്റ്റാഫ് റൂം സജ്ജീകരിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് എടുത്തുപറയേണ്ടതാണ്. നവീകരിച്ച സുസജ്ജമായ സയൻസ് ലാബ്, ആവശ്യത്തിന് ലാപ്ടോപ്പുകൾ സജ്ജീകരിച്ച ഐ.ടി. ലാബ്, പുതിയ സ്മാർട്ട്റൂം, ആയിരക്കണക്കിന് പുസ്തകങ്ങൾ ഒരുക്കിയ ശീതീകരിച്ച ഡിജിറ്റൽ സ്കൂൾ ലൈബ്രറി, ക്ലാസ്റൂം ലൈബ്രറി, സ്റ്റാഫ്റൂം ലൈബ്രറി, വിശാലമായ എസ്.എസ്. ലാബ് തുടങ്ങി അധ്യാപകർക്ക് ബാത്ത്റൂം ഒരുക്കുന്നതിന് വരെ അദ്ദേഹം മാനേജ്മെന്റുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. സ്കൂളിന്റെ പുരോഗതിക്ക് അനുഗുണമായ ഏത് പരിഷ്കരണത്തിനും നിർമ്മാണത്തിനും മാനേജ്മെന്റ് അദ്ദേഹത്തിന് നൽകിയ പിന്തുണ ഇത്തരുണത്തിൽ വിസ്മരിക്കുന്നില്ല.

മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഡിജിറ്റൽ ക്ലാസ് റൂമുകൾ ഒരുക്കുന്നതിന് ഗവൺമെന്റിനൊപ്പം അദ്ദേഹവും നിലകൊണ്ടു. മാനേജ്മെന്റിന്റെ സഹായത്തോടെ കുടിവെള്ള വിതരണത്തിന് പുതിയ കിണർ നിർമ്മിച്ചു. വേനൽക്കാലമായാൽ വിദ്യാലയം പൊടിയിൽ കുളിച്ചുനിൽക്കുന്നത് നിത്യകാഴ്ചയായിരുന്നു. പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ ഗ്രൗണ്ടിൽ സ്പ്രിംഗ്ളർ സ്ഥാപിച്ചുകൊണ്ട് പൊടിശല്യത്തിൽ നിന്ന് അറുതി വരുത്തി, വിദ്യാർത്ഥികളെയും ജീവനക്കാരേയും രക്ഷിച്ചു.

ഔദ്യോഗിക തിരക്കുകൾക്കിടയിലും തന്റെ നാട്ടുകാരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പഞ്ചായത്ത് മെമ്പറായി സേവനം അനുഷ്ഠിക്കുന്നതിന് അദ്ദേഹം സമയം കണ്ടെത്തി. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ തന്റെ പരിമിതികൾക്കുള്ളിൽ നിന്ന് കൊണ്ട് സാധ്യമായ ഇടപെടലുകൾ അദ്ദേഹം സദാ നടത്തിയിരുന്നു. വിദ്യാർത്ഥികളുടെ അച്ചടക്കത്തിന്റെ കാര്യത്തിൽ ഇത്രമാത്രം നിഷ്കർഷ പുലർത്തിയ മറ്റൊരു പ്രധാനാധ്യാപകനെ കാണുക പ്രയാസമാണ്. ഒരു പക്ഷേ നമ്മുടെ പ്രഥമ പ്രധാനാധ്യാപകനായ ശ്രീ. പി. അവറുമാഷെ തന്റെ റോൾ മോഡലായി കാണുന്നത് കൊണ്ടാവാം അച്ചടക്കത്തിന്റെ കാര്യത്തിൽ അദ്ദേഹം യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാവാത്തത്. പുതിയ കാലത്ത് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് പരിമിതിയുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നു. കുട്ടികളുടെ അവകാശബോധവും ചൈൽഡ് ലൈൻ പോലെയുള്ള സമിതികളുടെയും മീഡിയ/സാമൂഹ്യമാധ്യമങ്ങളുടെയും ഇടപെടലുകളും അധ്യാപകരെ ശിക്ഷാനടപടികളിൽ നിന്ന് പിന്തിരിപ്പിക്കുന്നുവെങ്കിലും എന്തിനും ഏതിനും കൂടെ നിൽക്കുന്ന ഹെഡ്മാസ്റ്ററുള്ളത് ധൈര്യം പകരുന്നതായി അധ്യാപകർ അംഗീകരിക്കുന്നു. അധ്യാപനത്തിന് സമൂഹത്തിൽ അംഗീകാരവും നിലവാരവുമുണ്ടെന്നും അതിനാൽ നമ്മുടെ ഉത്തരവാദിത്വവും കടമയും നമ്മൾ നിർവ്വഹിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. നമ്മുടെ വിദ്യാർത്ഥികളാണ് നമ്മുടെ സമ്പത്തെന്നും പാഠ്യ പാഠ്യേതര രംഗത്ത് അവർക്ക് നൽകാവുന്ന പരമാവധി വിഭവങ്ങൾ പ്രദാനം ചെയ്യാൻ നമുക്ക് കഴിയണം. നമ്മൾ നൽകുന്ന ഉപദേശങ്ങളും ശിക്ഷാനടപടികളും ചില കുട്ടികൾക്ക് വിദ്യാലയ ജീവിതത്തിൽ ഒരു പ്രയാസമായി തോന്നുമെങ്കിലും മുതിരുമ്പോൾ നമ്മുടെ ഉദ്ദേശ്യശുദ്ധി അവർ തിരിച്ചറിയുമെന്നും തന്റെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ അധ്യാപകർ വഹിച്ച പങ്ക് അവർക്ക് ബോധ്യപ്പെടുമെന്നും ദീർഘകാലത്തെ അനുഭവസമ്പത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു.

ഔദ്യോഗിക പദവികളുടെ ആധികാരികതകളില്ലാതെ നമ്മിൽ ഒരാളായി, കുടുംബനാഥനായി അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമിടയിൽ സ്നേഹത്തിന്റെ നിറസാന്നിധ്യമായി അദ്ദേഹം തിളങ്ങിനിന്നു. ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ വിട്ടുവീഴ്ചയില്ലാതെ കൃത്യനിഷ്ഠയോടെ ചെയ്തുതീർക്കുന്നതിന് അദ്ദേഹം എപ്പോഴും പ്രതിജ്ഞാബദ്ധനാണ്. 'അതെനിക്ക് വിട്ടേക്ക്' എന്ന ആത്മവിശ്വാസം സ്ഫുരിക്കുന്ന വാക്കുകൾ തന്നെ നമുക്ക് എന്നും പ്രചോദനം നൽകുന്നു. കാൽനൂറ്റാണ്ടിലേറെ കാലത്തെ വിശിഷ്ട സേവനത്തിന് ശേഷം വിരമിക്കുന്ന ഈ മഹത് വ്യക്തിത്വത്തിന് എല്ലാ ആശംസകളും നേരുന്നു. ശിഷ്ടജീവിതം പൊതു സമൂഹത്തിന് ദിശാബോധം നൽകുന്ന ചാലകശക്തിയായി തുടരാൻ കഴിയട്ടെ. ഭാര്യ: മൈമൂന. മക്കൾ: സൈഫുന്നിസ, അൻവർ സാദിഖ്, മുഹമ്മദ് ആഷിഖ്, ഫാത്വിമ നസ്റിൻ).

# എം.കെ. രാജൻ
## പകരം വയ്ക്കാനില്ലാത്ത പ്രതിഭ

കെ. രാജേന്ദ്രൻ | മലയാളവിഭാഗം

എം.കെ.ആർ. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന എം.കെ. രാജൻ മാസ്റ്റർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്ന് വിടപറയുകയാണ്. കാൽ നൂറ്റാണ്ടിലധികം തന്റെ സേവനം പൂർണ്ണമായും സ്കൂളിന് വേണ്ടി സമർപ്പിച്ചു എന്നുള്ളത് വിസ്മരിക്കാനാവില്ല. 1991 ഡിസംബറിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. കോഴിക്കോട് ജില്ലയിലെ പുന്നശ്ശേരി ശ്രീ. ഗോപാലന്റെയും ശ്രീമതിയുടെയും മകനായി 1964-ൽ ജനിച്ചു. പുന്നശ്ശേരി, നന്മണ്ട, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. പാരലൽ കോളേജിൽ അധ്യാപകനായിരിക്കുമ്പോഴാണ് ജോലിയിൽ പ്രവേശിക്കുന്നത്.

ആലി ഹാജി മാനേജറും അബൂബക്കർ മാസ്റ്റർ സെക്രട്ടറിയുമായിരിക്കെ ശ്രീ. അവറുമാസ്റ്ററുടെ നേതൃത്വത്തിൽ സ്കൂൾ ഏറെ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് അധ്യാപകനായി ജോലിയിൽ പ്രവേശിക്കുന്നത്.

95-ൽ മലയാള സമാജം തുടങ്ങി. അന്നുമുതൽ രാജ്മോഹൻ മാഷിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് പ്രവർത്തിക്കാൻ സാധിച്ചത് തന്റെ ജീവിതത്തിലെ അവിസ്മരണീയ അനുഭവമായാണ് അദ്ദേഹം പലപ്പോഴും പറയാറുള്ളത്. മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സ്കൂളിൽ നടത്താൻ അദ്ദേഹത്തിന് സാധിച്ചു. കുഞ്ഞുണ്ണി മാഷ്, പി.എം. പള്ളിപ്പാട്, ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, മലയത്ത് അപ്പുണ്ണി, പി.കെ. ഗോപി, പവിത്രൻ തീക്കുനി തുടങ്ങിയ സാഹിത്യകാരന്മാരെ അണിനിരത്തിയ വിവിധ പരിപാടികൾക്ക് അണിയറ ശില്പിയാൻ അദ്ദേഹത്തിന് സാധിച്ചു. കൈരളി വിജ്ഞാന പരീക്ഷ തുടങ്ങിയതും അദ്ദേഹമാണ്. 17 വർഷമായി സ്കൂളിൽ മുടങ്ങാതെ കൈരളി വിജ്ഞാന പരീക്ഷ നടത്താൻ അദ്ദേഹത്തിന് സാധിച്ചതും തന്റെ അധ്യാപന ജീവിതത്തിലെ നേട്ടമായി അദ്ദേഹം ഓർമ്മിക്കുന്നു. രണ്ട് തവണ ഏറ്റവും നല്ല കൈരളി ക്ലബ്ബ് കൺവീനർക്കുള്ള സംസ്ഥാന അവാർഡിനും അദ്ദേഹം അർഹനായി.

ജ്ഞാനപീഠ പുരസ്കാരം നേടിയ അക്കിത്തം അച്യുതൻ നമ്പൂതിരിയെ കുട്ടികളോടൊപ്പം വർഷങ്ങൾക്ക് മുമ്പ് തന്നെ സന്ദർശിച്ചതും ആർട്ടിസ്റ്റ് നമ്പൂതിരി, പി. സുരേന്ദ്രൻ തുടങ്ങിയവരെ കുട്ടികൾക്ക് നേരിട്ടുകാണാൻ അവസരമൊരുക്കിയതിലും അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. 2001 മുതൽ 2020 വരെ പത്താം ക്ലാസ് ചാർജ്ജ് വഹിക്കാനും മുടങ്ങാതെ എല്ലാ വർഷവും ഹൗസ്



വിസിറ്റ് നടത്തി കുട്ടികളോടും രക്ഷിതാക്കളോടും വലിയ സൗഹൃദം നിലനിർത്താനും സാധിച്ചു. പ്രിൻസിപ്പാൾ റഷീദ് മാസ്റ്ററോടൊപ്പമുള്ള ഗൃഹസന്ദർശനം എന്നും മനസ്സിൽ സൂക്ഷിച്ചുവെക്കുന്ന അദ്ദേഹത്തിന് കുട്ടികളും ക്ലാസ് പി.ടി.എ. അംഗങ്ങളും കൂടി 2014-ൽ സ്വർണ്ണപ്പതക്കം നൽകി ആദരിച്ചു. അങ്ങനെ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രിയപ്പെട്ട അധ്യാപകനായി മാറാൻ അദ്ദേഹത്തിന് സാധിച്ചു. കുട്ടികളുടെ പേര് ഓർമ്മിച്ചുവെച്ച് സൗഹൃദം നിലനിർത്താൻ മിടുക്കനാണ് രാജൻ മാഷ്.

ഔദ്യോഗിക ജീവിതത്തിൽ സഹ പ്രവർത്തകരോടും അധികാരികളോടും കുട്ടികളോടും രക്ഷിതാക്കളോടും മാതൃകാപരമായി ഇടപെടാൻ സാധിച്ചത് വലിയ നേട്ടമായി എടുത്തുപറയേണ്ടതാണ്. കുട്ടികൾക്ക് സിവിൽ സർവ്വീസ് രംഗത്തേക്കുള്ള പ്രവേശനം സുഗമമാക്കാൻ ഉപകരിക്കുന്ന എൻ.എം.എം.എസ്. സ്കോളർഷിപ്പ് കോച്ചിംഗിന്റെ പ്രവർത്തനത്തിന് ഭാഗമാകാനും അദ്ദേഹത്തിന് കഴിഞ്ഞു. നൈറ്റ് ക്ലാസുകൾ ഉൾപ്പെടെ സ്കൂളിന്റെ പുരോഗതിക്കുവേണ്ട ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളിലും തന്റെ പങ്കാളിത്തമുറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

എടുത്തുപറയേണ്ട മറ്റൊരു കാര്യമാണ് 'ടീം ടീച്ചിംഗ്.' ഇത് വളരെ ഉപകാരപ്രദമായിരുന്നെന്ന് കുട്ടികൾ തന്നെ പിൽക്കാലത്ത് പറഞ്ഞതായി അദ്ദേഹം ഓർക്കുന്നു. ഏറ്റവും അവസാനമായി പത്താം ക്ലാസിലെ കുട്ടികൾക്ക് വേണ്ടി അർദ്ധവാർഷിക പരീക്ഷയ്ക്ക് മുമ്പ് പത്ത് ദിവസം നീണ്ടുനിൽക്കുന്ന 'സ്മാഷ് 20-20 നൈറ്റ് ക്ലാസുകൾക്ക് സജീവമായി അദ്ദേഹം ഉണ്ടായിരുന്നു.

ഓരോ വർഷവും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്ന 'തനിമ' മാസികയുടെ വിതരണത്തിനും പരസ്യങ്ങൾ സംഘടിപ്പിക്കുന്നതിനും മുൻപന്തിയിലുണ്ടാവാറുണ്ട്. സ്കൂളിന്റെയും കുട്ടികളുടെയും നേട്ടത്തിനായിരുന്നു കൂടുതൽ സമയവും ചെലവിട്ടത്. 1996 ജനുവരിയിൽ പ്രീത ടീച്ചറെ വധുവാക്കി. വിദ്യാർത്ഥികളായ അപർണ്ണാ രാജ്, ആദിത്യരാജ് എന്നിവർ മക്കളാണ്. വലിയ ഒരു ശിഷ്യ സമ്പത്തിന് ഉടമയായ അദ്ദേഹം അരങ്ങിൽ വരാതെ അണിയറയിൽ നിന്നുകൊണ്ട് അരങ്ങിനെ പൂർണ്ണതയിലെത്തിക്കുന്നതിൽ വിദഗ്ധനായിരുന്നു.

എല്ലാ പ്രവർത്തനങ്ങൾക്കും മാറിമാറിവരുന്ന പ്രധാനാധ്യാപകരുടെ പ്രത്യേകിച്ച് ഇപ്പോഴത്തെ പ്രധാനാധ്യാപകനായ തൊട്ടിയിൽ മുഹമ്മദ് കുട്ടിയുടെ സഹായ സഹകരണവും ഉണ്ടായിരുന്നു എന്നും അദ്ദേഹം നന്ദിയോടെ ഓർമ്മിക്കുന്നു.

---

# സി.പി. മുഹമ്മദലി മാസ്റ്റർ

**സി.പി. ഇബ്രാഹീം കുട്ടി** | അറബിക് വിഭാഗം



ഐ.യു. ഹയർ സെക്കണ്ടറി സ്കൂളിലെ ഡെപ്യൂട്ടി ഹെഡ് മാസ്റ്ററും അറബിക് വിഭാഗം തലവനുമായ ശ്രീ. സി.പി. മുഹമ്മദലി മാസ്റ്റർ ഈ അധ്യയന വർഷത്തോടെ തന്റെ സുത്യർഹമായ സേവനകാലം പൂർത്തീകരിച്ച് വിശ്രമ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. പുഞ്ചിരി തൂകിക്കൊണ്ടുള്ള വശ്യമായ പെരുമാറ്റവും സംസാരവും അതോടൊപ്പം മുഖം നോക്കാതെയുള്ള നീതിബോധവും മുഹമ്മദലി മാസ്റ്ററുടെ മുഖമുദ്രയാണ്. തന്റെ കർത്തവ്യ നിർവ്വഹണ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഇല്ലാത്ത പ്രകൃതം.

1964 ഏപ്രിൽ മാസം 15-ന് അബ്ദുല്ല ചൂരപിലാക്കലിന്റെയും ഫാത്വിമ കണ്ണച്ചത്തിന്റെയും മകനായി മറ്റത്തൂരിലെ മുനമ്പത്ത് ജനിച്ചു. സഹോദരങ്ങളിൽ ആറുപേരിൽ ഒരാളൊഴികെ എല്ലാവരും അധ്യാപകരാണ്. ഭാര്യ മെഹറുന്നിസ തറയിൽ. മുർഷിദ, മുഹ്സിന, മുഫീദ എന്നീ മൂന്ന് പെൺമക്കൾ.

മറ്റത്തൂർ ടി.എസ്.എം. യു.പി. സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി. ജി.എച്ച്.എസ്.എസ്. ഒതുക്കുങ്ങലിൽ നിന്നും ഹൈസ്കൂൾ പഠനം. തുടർന്ന് പുളിക്കൽ എം.യു.എ. കോളേജിൽ നിന്ന് അറബി ഭാഷയിൽ പ്രിലിമിനറിയും അഫ്സലുൽ ഉലമയും കരസ്ഥമാക്കി. മലപ്പുറം ലാംഗ്വേജ് ടീച്ചേഴ്സ് ട്രയിനിംഗ് സെന്ററിൽ നിന്ന് അധ്യാപക പരിശീലനം നേടി.

1989 ഡിസംബർ മാസം പതിനെട്ടാം തിയ്യതി പറപ്പൂർ ഐ.യു. ഹയർ സെക്കണ്ടറി സ്കൂളിൽ അറബിക് അധ്യാപകനായി സേവനകാലം ആരംഭിച്ചു. ആയിരക്കണക്കിന് ശിഷ്യഗണത്തെ സമ്പാദിച്ച 30 വർഷക്കാലത്തെ അധ്യാപകവൃത്തി സ്തുത്യർഹമായി നിർവ്വഹിച്ചതിന്റെ ചാരിതാർത്ഥ്യത്തിലാണ് മുഹമ്മദലി മാസ്റ്റർ ഐ.യു.എച്ച്.എസ്.എസിൽ നിന്നും പടിയിറങ്ങുന്നത്. ശിഷ്ടജീവിതം ഭാസുരമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## ....ശാസ്ത്രമേളയിൽ നിന്ന്....











# മുഹമ്മദ് മാസ്റ്റർ: ഒരു ഹൈടെക് അധ്യാപകൻ

കെ. മുഹമ്മദ് അഷ്റഫ് | സയൻസ് വിഭാഗം



മലപ്പുറം ജില്ലയിലെ കോട്ടക്കലി നടുത്ത ഇരിങ്ങല്ലൂർ സ്വദേശി മാളിയേക്കൽ മുഹമ്മദ് എന്ന എം.എം.ഡി. സാർ താൻ ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയ വിദ്യാലയമായ പറപ്പൂർ ഐ.യു. ഹയർ സെക്കണ്ടറി സ്കൂളിൽ അധ്യാപകനായെത്തുന്നത് ഒരു നിയോഗം പോലെയാണ്.

ഇരിങ്ങല്ലൂരിലെ ഒരു കർഷക കുടുംബമായ മാളിയേക്കൽ മൂസ ഹാജി-ഫാത്വിമ ദമ്പതികളുടെ മകനായി 1964-ൽ ജനിച്ച മുഹമ്മദ് മാസ്റ്റർ കുറ്റിത്തറ യു.പി. സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തുടർന്ന് പറപ്പൂർ ഐ.യു. ഹൈസ്കൂളിലെ സെക്കണ്ടറി വിദ്യാഭ്യാസത്തിന് ശേഷം തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ പ്രീ ഡിഗ്രിക്ക് ചേർന്നു. അവിടെ നിന്നുതന്നെ ബിരുദപഠനവും പൂർത്തിയാക്കി. ശേഷം കോഴിക്കോട് കോ-ഓപ്പറേറ്റീവ് കോളേജിൽ ചേർന്ന് എച്ച്.ഡി.സി. കോഴ്സ് പൂർത്തിയാക്കി. ശേഷം നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം ബാംഗ്ലൂർ സഞ്ജയ് ഗാന്ധി കോളേജ് ഓഫ് എഡ്യൂക്കേഷനിൽ നിന്നും ബി.എഡ് പഠനം പൂർത്തിയാക്കി.

അധ്യാപകനാവുക എന്ന ഉത്ക്കടമായ ആഗ്രഹം മനസ്സിലുണ്ടായിരുന്നെങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അക്കാലത്ത് മലപ്പുറം ജില്ലയിലെ ഏതൊരു യുവാവിനെയും പോലെ അദ്ദേഹത്തിനും ഗൾഫ് ജീവിതം ലക്ഷ്യം വെക്കേണ്ടിവന്നു. തന്റെ പിതാവിന്റെ പാത പിന്തുടർന്ന് 1988-ൽ ഗൾഫിലെത്തിയ അദ്ദേഹം 1992 വരെ പ്രവാസ ജീവിതം നയിച്ചു. എന്നാൽ തന്റെ ജീവിതദൗത്യം ഒരധ്യാപകനാവുക എന്നതാണ് എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം 1992-ൽ ഗൾഫ് ജീവിതം അവസാനിപ്പിച്ച് തിരിച്ചെത്തിയത് തന്റെ നാട്ടുകാർ കൂടിയായ വിദ്യാർത്ഥികൾക്ക് പ്രതിഭാധനനായ ഈ അധ്യാപകന്റെ സേവനം അനുഭവിക്കാനുള്ള അവസരമായി മാറി. 11.08.1993-ൽ പറപ്പൂർ ഐ.യു. ഹൈസ്കൂളിൽ അധ്യാപകനായി ചേർന്നു.

മുഹമ്മദ് മാസ്റ്റർ അധ്യാപകനായി സേവനമനുഷ്ഠിച്ച കാലം പറപ്പൂർ ഹൈസ്കൂളിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട കാലഘട്ടമാണ്. ഒരു ശാസ്ത്ര അധ്യാപകനായി സ്കൂളിലെത്തിയ അദ്ദേഹം സയൻസ് ക്ലബ്ബിന്റെ നേതൃത്വം ഏറ്റെടുക്കുകയും അതുവരെ നാമമാത്രമായി പ്രവർത്തിച്ചിരുന്ന ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി മാറ്റുകയും നല്ല സയൻസ് ക്ലബ്ബിനുള്ള സംസ്ഥാന തല അംഗീകാരം രണ്ട് പ്രാവശ്യം നേടിക്കൊടുക്കുകയും ചെയ്തത് അദ്ദേഹത്തിന്റെ നേതൃപാടവത്തിനുള്ള മകുടോദാഹരണമാണ്.

വിജയഭേരിയുടെ സ്കൂളിലെ ആദ്യത്തെ കോ-ഓർഡിനേറ്ററായ മുഹമ്മദ് മാസ്റ്റർ വളരെക്കാലം ഫൈൻആർട്സ് ക്ലബ്ബ് കൺവീനർ സ്ഥാനവുംവ ഹിച്ചു.സ ്കൂൾത ലത്തിൽഒ ാണാഘോഷം സംഘടിപ്പിക്കുക എന്ന ആശയം സർക്കാർ മുന്നോട്ട് വെക്കുന്നതിന് എത്രയോ മുമ്പ് തന്നെ ഫൈൻ ആർട്സിന്റെ കീഴിൽ സ്കൂളിൽ ജനകീയമായി ഓണാഘോഷം സംഘടിപ്പിച്ചത് മുഹമ്മദ് മാസ്റ്റർ കൺവീനറായ കാലഘട്ടമാണ്. വിവരസാങ്കേതിക വിദ്യയെ സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും ഉന്നമനത്തിന് വേണ്ടി പ്രയോജനപ്പെടുത്തുന്നതിൽ എന്നും മുന്നിട്ട് നിന്നിട്ടുള്ള മുഹമ്മദ് മാസ്റ്ററാണ് 20000-ത്തിൽ പരം ഫോളേവേഴ്സ് ഉള്ള സ്കൂൾ ഫേസ്ബുക്ക് പേജിന്റെ അഡ്മിൻ. കേരളത്തിലങ്ങോളമിങ്ങോളമുള്ള വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്ന ഓൺലൈൻ ക്വിസ് പ്രോഗ്രാമിന്റെ പിന്നിലെ ബുദ്ധിയും മുഹമ്മദ് മാസ്റ്ററുടേതാണ്.

യാത്ര വളരെയേറെ ഇഷ്ടപ്പെടുന്ന മുഹമ്മദ് മാസ്റ്റർ സ്കൂൾ ടൂറുകളിൽ വിദ്യാർത്ഥികൾക്ക് എന്നും പ്രചോദനമാണ്. യാത്ര ഇഷ്ടപ്പെടുന്ന അധ്യാപകരുടെ കൂട്ടായ്മ രൂപീകരിച്ചതിന് പിന്നിലും അദ്ദേഹം തന്നെ. സ്കൂൾ കലോത്സവ, കായിക മത്സര വേദികളിൽ മുഴങ്ങിക്കേൾക്കാറുള്ള പൗരുഷം നിറഞ്ഞ ശബ്ദം മുഹമ്മദ് മാസ്റ്ററുടെ മറ്റൊരു പ്രത്യേകതയാണ്. തനിക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ആരുടെ മുന്നിലും തന്റേതായ ശൈലിയിൽ വെട്ടിത്തുറന്ന് പറയുന്ന മുഹമ്മദ് മാസ്റ്റർ ഈ അധ്യയന വർഷത്തോട് കൂടി 2സ്കൂളിനോട് വിടപറയുമ്പോൾ അദ്ദേഹം വെട്ടിത്തെളിച്ച പാതകൾ മറ്റുള്ളവർക്ക് പ്രചോദനമാവട്ടെ എന്ന് പ്രത്യാശിക്കാം. ശോഭനമായ, സുഖ സന്തോഷ സമൃദ്ധമായ, ആരോഗ്യകരമായ ഒരു ഭാവി ജീവിതം നമുക്കാശംസിക്കാം.



# ടി. സുനിത ടീച്ചർ

ശ്രീജ കെ. | മലയാളവിഭാഗം

1964 മെയ് 31-ന് തങ്കപ്പൻ നാരയുടെയും ശാന്തകുമാരി അമ്മയുടെയും മകളായി തിരുവനന്തപുരം വർക്കലയിൽ ജനിച്ചു. ഇടവ മുസ്‌ലിം ഹൈസ്കൂൾ, കൊല്ലം വുമൺസ് കോളേജ്, കൊല്ലം ഫാത്തിമ കോളേജ്, തിരുവനന്തപുരം വുമൺസ് കോളേജ്, ചങ്ങനാശേരി എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. പ്രശസ്ത കവി ഒ. എൻ.വിയുടെ ശിഷ്യയാണ്. കൂടാതെ കേരള യൂണിവേഴ്സിറ്റി പ്രസംഗ മത്സര വിജയി കൂടിയാണ്.

1989 ആഗസ്റ്റ് 21-നാണ് ഐ.യു.എച്ച്.എസ്.എസിൽ സർവ്വീസിൽ പ്രവേശിക്കുന്നത്. ശ്രീ. അവറു മാസ്റ്ററായിരുന്നു അന്നത്തെ പ്രധാനാധ്യാപകൻ. 2012-ൽ ഹയർ സെക്കണ്ടറിയിലേക്ക് സ്ഥാനക്കയറ്റം കിട്ടി. വളരെയധികം പരിഭ്രമത്തോടെയാണ് ടീച്ചർ തിരുവനന്തപുരത്തു നിന്നും മലപ്പുറത്തെത്തുന്നത്. അവിവാഹിതയായ ഒരു സ്ത്രീ ഒട്ടും പരിചയമില്ലാത്ത സ്ഥലത്ത് ജോലിയിൽ പ്രവേശിക്കുക എന്നതായിരുന്നു കാരണം. എന്നാൽ ഇവിടുത്തെ ആളുടെ സ്നേഹം, ആത്മാർത്ഥത, കരുതൽ, കണ്ടറിഞ്ഞ് സഹായിക്കൽ തുടങ്ങിയവ ടീച്ചർക്ക് ഒരു നവ്യാനുഭവമായിരുന്നു. ഇന്നും അത് തുടർന്നുകൊണ്ടേയിരിക്കുന്നു. തന്റെ നാട്ടിൽ ഒരിക്കലും ഇത് ലഭിക്കില്ല എന്നും ടീച്ചർ കൂട്ടിച്ചേർക്കുന്നു. മലപ്പുറത്തിന്റെ ഭക്ഷണരുചിയും ഏറെ പ്രിയങ്കരമാണ്.

ഒരുപാട് നല്ല സഹ പ്രവർത്തകരെ ലഭിച്ചു എന്നതാണ് ടീച്ചറുടെ സന്തോഷം. അവരെ വിട്ടുപോകാനുള്ള വേദന ടീച്ചർ മറച്ചുവെക്കുന്നില്ല. ഹയർ സെക്കണ്ടറിയിൽ എത്തിയപ്പോൾ ചെറുപ്പക്കാരുമായുള്ള സഹവാസം യയാതിക്ക് യൗവ്വനം തിരിച്ചുകിട്ടിയതുപോലെയാണ് തനിക്കും ലഭിച്ചത് എന്ന് കരുതുന്നു. ഹൈസ്കൂളിൽ സഹ പ്രവർത്തകനായിരുന്ന ശ്രീ. അബ്ദുൽ ഖാദർ മാസ്റ്ററുടെ തിരോധാനം മനസ്സിൽ ഇപ്പോഴും ഒരു നോവായി അനുഭവപ്പെടുന്നു.

30 വർഷത്തെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിടപറയുമ്പോൾ ഈ വിദ്യാലയം തനിക്ക് സന്തോഷവും സംതൃപ്തിയും കരുത്തും നൽകി.

കാലം വേഗം കടന്നുപോയി എന്ന തോന്നലാണ് ഇപ്പോഴുള്ളത്. റിട്ടയർമെന്റ് ജീവിതം വെറുതെയിരിക്കാൻ ടീച്ചർ ഉദ്ദേശിക്കുന്നില്ല. തന്റെ വായനയും എഴുത്തും തുടരണം. കൂടാതെ അധ്യാപന ജീവിതം തുടർന്ന് കൊണ്ടുപോകാൻ തന്നെയാണ് തീരുമാനം.

ശ്രീ. മനോമോഹൻദാസാണ് ഭർത്താവ്. (റിട്ട. ഹെഡ്മാസ്റ്റർ, എ.എം.എൽ.പി.എസ്. വാക്കാട്, തിരൂർ), ഡോ. മഹേശ്വരി, രാമേശ്വരി (എഞ്ചിനീയർ), ആനന്ദ് (2-ാം വർഷ ഡിഗ്രി വിദ്യാർത്ഥി) എന്നിവർ മക്കളാണ്.



# പത്മജ എൻ.

പി. മുഹമ്മദ് അഷ്റഫ് | ഗണിത വിഭാഗം

മലപ്പുറം ജില്ലയിലെ പടിഞ്ഞാറ്റുംമുറി എന്ന ഗ്രാമത്തിൽ ശങ്കരൻ മാസ്റ്റർ – വിജയലക്ഷ്മി ദമ്പതികളുടെ മകളായി 1964 ജനുവരി 11–ന് ജനനം. പ്രാഥമിക വിദ്യാഭ്യാസം പടിഞ്ഞാറ്റുംമുറി എൽ.പി. സ്കൂളിലും ഹൈസ്കൂൾ വരെയുള്ള പഠനം ഇരുമ്പുഴി ഗവ. ഹൈസ്കൂളിലുമായിരുന്നു. പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കിയത് മഞ്ചേരി എൻ.എസ്.എസ്. കോളേജിൽ നിന്നുമാണ്. തുടർന്ന് കേരള സർക്കാറിന്റെ കീഴിലുണ്ടായിരുന്ന കെൽട്രോൺ എന്ന സ്ഥാപനത്തിൽ ക്ലർക്കായി 12 വർഷം സേവനം ചെയ്തു.

ധാരാളം അധ്യാപകരുള്ള ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ അധ്യാപനത്തിനായുള്ള തന്നിലെ ഒടുങ്ങാത്ത ആഗ്രഹത്തിന്റെ നിവാരണമായത്. നിയോഗം പോലെ പറപ്പൂർ ഐ.യു.എച്ച്. എസ്. സ്കൂളിലെ ഗണിതാധ്യാപികയായിക്കൊണ്ടാണ്. മലപ്പുറം എം.സി.ടി. എന്ന സ്ഥാപനത്തിൽ നിന്നാണ് ബി.എഡ് പഠനം പൂർത്തിയാക്കിയത്. 1998 നവംബർ മുതൽ ഈ കലാലയത്തിൽ അധ്യാപികയായി ജോലി ചെയ്യുന്നു.

ഏൽപിച്ച ജോലികൾ കൃത്യമായും ചിട്ടയായും സമയബന്ധിതമായും ചെയ്യുന്ന പത്മജ ടീച്ചർ കുട്ടികൾക്കും അധ്യാപകർക്കും തികച്ചും മാതൃകയാണ്. ഗണിത ശാസ്ത്ര ക്ലബ്ബ് വർഷം തോറും പുറത്തിറക്കാറുള്ള ഗണിത മാഗസിന്റെ ശില്പിയും മറ്റാരുമല്ല. സംസ്ഥാന തലംവരെയുള്ള മത്സരത്തിന് തികവുറ്റ രീതിയിൽ സൃഷ്ടികൾ സ്വീകരിച്ച് അടുക്കും ചിട്ടയുമുള്ള ഗണിത മാഗസിന് മുന്നിൽ ടീച്ചറുണ്ടായിരുന്നു.

അധ്യാപനം എന്ന തന്റെ ധർമ്മം യഥാവിധി നിർവ്വഹിക്കുന്നതിലൂടെ സ്വന്തം കുടുംബത്തെയും നല്ലനിലയിൽ എത്തിക്കാൻ ടീച്ചർക്ക് സാധിച്ചു. ഭർത്താവ് പ്രദീപ് ഗൾഫിൽ മാനേജറായും മക്കൾ വിപിൻ പ്രദീപ്, വർഷ പ്രദീപ്, മരുമകൾ ലക്ഷ്മി എന്നിവർ എഞ്ചിനിയർമാരായി ജോലി ചെയ്യുന്നു.

മരണാവസാനം വരെയും അതിന് ശേഷവും ചെയ്ത ജോലി പേരിനൊപ്പം വിളിക്കപ്പെടുന്ന അപൂർവ്വം ജോലികളെ നമ്മുടെ നാട്ടിലുള്ളൂ. ‘ടീച്ചർ’ എന്ന പേര് വിളിക്കാനും സ്നേഹിക്കാനും ധാരാളം ശിഷ്യഗണങ്ങളുള്ള പദ്മജ ടീച്ചർ 2020 മാർച്ചോട് കൂടി ഈ കലാലയത്തിൽ നിന്നും വിരമിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു. ശിഷ്ടജീവിതം ധന്യമാവട്ടെ എന്നും ഈ കലാലയത്തിന്റെ സുഖ ദുഃഖങ്ങളിൽ എന്നുമുണ്ടാവാനും കാര്യദർശിയായി ഒപ്പമുണ്ടാവാനും ദൈവം അനുഗ്രഹിക്കട്ടെ.

---

# ഇഷ്ടം

മിസ്രിയ തെസ്നി | IX-C



ചില സൗഹൃദങ്ങൾ അങ്ങനെയാണ്
അവൾ അറിയാതെ അവനെ പ്രണയിച്ചുപോകും
സ്വപ്നത്തിൽ അവൻ ഒന്ന് പുഞ്ചിരിച്ചാൽ
അവളുടെ ദുഃഖങ്ങൾ എല്ലാം അകന്നുപോകും
ഒന്ന് കാണുവാൻ ഒപ്പം നടക്കുവാൻ
മനസ്സ് വല്ലാതെ കൊതിച്ചുപോകും
സ്വന്തമാവില്ലെന്ന് അറിഞ്ഞുകൊണ്ട് അവൾ
ആ പ്രണയം മറച്ചുവെക്കും
അവനെയല്ലാതെ മറ്റാരെയും അവളിത്രമാത്രം
ഭ്രാന്തമായി സ്നേഹിച്ചില്ല
ഒടുവിൽ എല്ലാം വെറുതെയായിരുന്നുവെന്ന്
തിരിച്ചറിയുമ്പോൾ ഉള്ളിൽ ഉള്ളിൽ
ആ ഇഷ്ടത്തെ അവൾ കുഴിച്ചുമൂടും
‘നഷ്ടപ്പെടും വരെ നഷ്ടപ്പെട്ടതിൻ
നഷ്ടമെന്താണെന്ന് ഓർക്കില്ല നാം...’



# സുജാത ടീച്ചർ

ടി.പി. യൂസുഫ് | സയൻസ് വിഭാഗം

വിദ്യാർത്ഥിയും അധ്യാപകരും തമ്മിലുള്ള ബന്ധമെത്ര ഏറ്റവും ഉദാത്തവും മനോഹരവും. 1993 സെപ്തംബർ 15 മുതൽ 2020 വരെ നമ്മുടെ സ്വന്തം സുജാത ടീച്ചർ ആ ബന്ധം കാത്തുസൂക്ഷിച്ചു. 27 വർഷത്തെ സർവ്വീസിനൊടുവിൽ സംതൃപ്തിയോടെ ടീച്ചർ ഐ.യു.എച്ച്.എസ്.എസിന്റെ പടികളിറങ്ങുകയാണ്. എന്നാലും നാമോരോരുത്തരുടെ മനസ്സിലും ടീച്ചറുണ്ടാകും.

ഈ ലോകത്തെ ഏതൊരു മഹത്വ്യക്തിക്കും പ്രിയപ്പെട്ടതും പ്രചോദനവും അവരുടെ അധ്യാപകരാണെന്നതിൽ സംശയമില്ല. ഏതൊരു വിജയത്തിന് പിന്നിലും അധ്യാപകന്റെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. കോട്ടയം ജില്ലയിലെ മണിമലയിൽ നിന്നാണ് സുജാത ടീച്ചർ വന്നത്. ശ്രീ. പി.എസ്. ഭാസ്കരൻ നായരുടെയും ശ്രീമതി. പി.സി. പൊന്നമ്മയുടെയും മകൾ. യു.പി. സ്കൂളിൽ ജോയിന്റ് ചെയ്ത് ഒരു വർഷത്തിന് ശേഷം അവറുമാഷ് എച്ച്.എം. ആയ കാലത്താണ് ടീച്ചർ ഹൈസ്കൂളിലേക്ക് വരുന്നത്. അന്ന് മുതൽ ഇന്നേവരെ സ്കൂളിന്റെ എല്ലാ വിജയത്തിലും ക്ഷേമത്തിലും ടീച്ചർ നിറസാന്നിധ്യമായിരുന്നു. ഇവിടെ നിന്ന് പടിയിറങ്ങിപ്പോയ ഒരു കുട്ടിയും ടീച്ചറെ മറക്കില്ല. അത്രയും ആഴത്തിൽ തങ്ങളുടെ ഹൃദയങ്ങളിൽ ടീച്ചറോട് സ്നേഹവും ആദരവും പതിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഒരു ടീച്ചറെന്നതിലുപരി കുട്ടികളുടെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തമ പരിഹാരവുമായെത്തുന്ന അവരുടെ സുഹൃത്ത് കൂടിയായിരുന്നു ടീച്ചർ.

ഏതൊരു അധ്യാപികയെയും പോലെ ടീച്ചർക്കും ഏറ്റവും സന്തോഷം തോന്നിയ അനുഭവങ്ങൾ സമ്മാനിച്ചതും അഭിമാനം തോന്നിയതും പൂർവ്വ വിദ്യാർത്ഥികളിൽ നിന്നാണ്. വിവിധ സ്ഥലങ്ങളിൽ വെച്ച് കുട്ടികൾ 'ടീച്ചറെ..' തന്റെ അടുത്തേക്ക് വന്ന് സുഖവിവരങ്ങൾ ചോദിക്കുമ്പോഴും 'ടീച്ചറെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയില്ല' എന്നവർ ഉള്ളിൽ തട്ടി പറയുമ്പോഴും ടീച്ചർ അഭിമാനം കൊള്ളുകയും ഒരു ടീച്ചറായതിൽ ആനന്ദിക്കുകയും ചെയ്യുന്നു. ടീച്ചർക്ക് ലഭിച്ച ബെസ്റ്റ് കോംപ്ലിമെന്റ്സ് എന്താണെന്ന് ചോദിച്ചപ്പോൾ ടീച്ചർക്ക് പറയാനുള്ളത് തന്റെ വിദ്യാർത്ഥികളിൽ ചിലരുടെ വാക്കുകളാണ്. 'കെമിസ്ട്രിയിൽ ടീച്ചർ നൽകിയ പ്രചോദനമാണ് എന്നെ കെമിസ്ട്രിയിൽ പി.ജി. എടുക്കാൻ പ്രേരിപ്പിച്ചത്.' ഇതിലുപരി എന്ത് അംഗീകാരമാണ് ഒരധ്യാപികക്ക് ലഭിക്കേണ്ടത്.


അധ്യാപകരെ അവരുടെ കുട്ടികൾ എന്നു മോർക്കുമെങ്കിലും താൻ പഠിപ്പിച്ച എല്ലാ കുട്ടികളെയും അധ്യാപർക്ക് ഓർത്തുവെക്കാൻ പ്രയാസമായിരിക്കും. എന്നാൽ ചിലരെ മനസിൽ സൂക്ഷിച്ചുവെക്കും. അത്തരത്തിൽ ഓർമ്മിക്കുന്ന ഒരു വിദ്യാർത്ഥിയാണ് അബ്ദുൽ റഷീദ്. ടീച്ചർ അവനോട് പറയുമായിരുന്നു. "എനിക്ക് നിന്നെ ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനായി കാണണമെന്നും എന്നിട്ട് എനിക്ക് ഒരു സെല്യൂട്ട് തരണമെന്നും." ഈ വാക്കുകൾ അവനിൽ പോലീസ് ഊർജ്ജം നിറച്ചു. 'ഞാൻ ശ്രമിക്കാം ടീച്ചറെ...' എന്ന് പറഞ്ഞു. ഇപ്പോൾ അവൻ ഡിഗ്രി ചെയ്യുകയാണ്. കഴിഞ്ഞ കലോത്സവത്തിൽ തന്റെ പ്രിയപ്പെട്ട അധ്യാപികയെ കാണാൻ അവൻ വന്നിരുന്നു. ഇങ്ങനെ ഒട്ടേറെ പേരുടെ കഥകൾ ടീച്ചർക്ക് പറയാനുണ്ട്. സർവ്വീസിൽ നിന്നും വിടവാങ്ങുന്നത് കുട്ടികൾ തന്നെ ഈ സ്നേഹം മനസ്സിൽ നിറച്ചുകൊണ്ടാണ്. ശ്രീ. മോഹനചന്ദ്രനാണ് ടീച്ചറുടെ ഭർത്താവ്. മൂത്ത മകൾ ധന്യ മോഹൻ വിവാഹിതയാണ്. ഇപ്പോൾ പി.ജി. ചെയ്യുന്നു. ഇളയ മകൾ ദേവകി മോഹൻ ബി.എസ്.സി. കെമിസ്ട്രി രണ്ടാം വർഷ വിദ്യാർത്ഥിയാണ്. സ്കൂളും വീടും ഒരുപോലെ കൊണ്ടുപോകുന്ന ടീച്ചർ ഇന്നത്തെ സമൂഹത്തിന് തന്നെ ഒരു മാതൃകയാണ്.

ഐ.യു.എച്ച്.എസ്.എസിൽ നടക്കുന്ന കായിക കലോത്സവങ്ങൾ, ശാസ്ത്രമേള, ജനറൽ ടൂർ തുടങ്ങിയ ഏത് പരിപാടിയിലും ടീച്ചർ ഒരു എസ്കോർട്ട് ആയി ഉണ്ടാകും. ഈ വർഷം വരെ കുട്ടികൾക്കൊപ്പം ടൂർ പോയിരുന്നു. കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിൽ ടീച്ചെർക്കെന്നും പറഞ്ഞറിയിക്കാനാവാത്ത പങ്കാണുള്ളത്.

ഒരു നല്ല ടീച്ചർ ഒരു മെഴുകുതിരിപോലെയെന്നല്ലേ? സ്വയം തീർന്ന് അത് മറ്റുള്ളവർക്ക് പ്രകാശം നൽകുന്നു. ആയിരമായിരം കുട്ടികളുടെ ഹൃദയത്തിൽ പ്രകാശം നൽകാൻ സുജാത ടീച്ചർക്ക് സാധിച്ചു. ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങുന്ന ടീച്ചറോട് സഹ പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും പറയാനുള്ളത് "ടീച്ചറെ ഞങ്ങൾ മറക്കില്ല... എന്നും ഞങ്ങളുടെ പ്രാർത്ഥന ടീച്ചർക്കൊപ്പമുണ്ടാകും..." തുടർന്നുള്ള ജീവിതവും സന്തോഷം നിറഞ്ഞതാവട്ടെ എന്നാശംസിക്കുന്നു.

# ഗുരുദർശനങ്ങളുടെ കാലിക പ്രസക്തി

വി. പ്രതാപൻ | മലയാള വിഭാഗം



ശ്രീനാരായണ ഗുരുവിന്റെ ജീവിതം കേരളത്തിന്റെ നവോത്ഥാന ചരിത്രമായാണ് കണക്കാക്കുന്നത്. ഇന്ന് ഭാരതത്തിലുടനീളം അലയടിക്കുന്ന എതിർപ്പിന്റെ പശ്ചാത്തലത്തിൽ ഗുരു ചിന്തകൾക്ക് ആനുകാലികമായി ആഴത്തിലുള്ള പുനർവിചിന്തനം അത്യാവശ്യമായിരിക്കുന്നു. ജാതിയുടെയും മതത്തിന്റെ ഭാഷയുടെയും സംസ്കാരത്തിന്റെയും രാജ്യങ്ങളുടെ തന്നെ അതിർവരമ്പുകൾ കൊണ്ട് വേർതിരിക്കപ്പെടുന്ന സങ്കുചിതാവസ്ഥയിൽ നിന്ന് നമ്മുടെ ലോകം മോചിതമാകുമെന്ന് ഗുരുസ്വപ്നം കണ്ടിരുന്നതായി അദ്ദേഹത്തിന്റെ വചനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

എന്നാൽ ഇന്നത്തെ സാമൂഹികാവസ്ഥ കൂടുതൽ സങ്കീർണ്ണമാകുന്നതായാണ് തോന്നുന്നത്. ദേശീയപ ൗരത്വബില്ലിന്മേൽന ടക്കുന്നു പത്യക്ഷ സമരപരിപാടികൾ, പ്രത്യേകിച്ച് യുവജനങ്ങൾ രാഷ്ട്രീയ മത ചിന്തക്കപ്പുറം ഏറ്റെടുത്ത് നടത്തുന്ന സമരങ്ങൾ ശുഭസൂചനയായി കാണാം. ഒരുപക്ഷേ ഇതിനെല്ലാം ഒരു പരിഹാരം കാലവിളംബരംവിനാ നമുക്ക് രുചിക്കാനാകും. ഇത്തരുണത്തിലാണ് ഗുരു സന്ദേശങ്ങൾക്ക് പ്രസക്തിയേറുന്നത്. എല്ലാ മനുഷ്യരെയും ഒന്നായി കാണാനും എല്ലാവരും സാഹോദര്യത്തിൽ ഒരുമയോടെ പുലരേണ്ടതിന്റെ ആവശ്യകത ഗുരുവിന് ചിന്തിക്കേണ്ടി വന്നത് അന്ന് നിലനിന്നിരുന്ന ചില വിശ്വാസങ്ങൾ വീർപ്പുമുട്ടിച്ചപ്പോഴാണ്. സവർണ്ണ-ദളിത വ്യത്യാസം കൊടുമ്പിരിക്കൊണ്ടിരുന്ന കാലം. ദൃഷ്ടിയിൽ പെട്ടാൽ ദോഷം, അയിത്തം, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ എന്നുവേണ്ട എല്ലാ സാമൂഹ്യ തിന്മകളും അതിന്റെ മൂർധന്യതയിൽ കത്തിനിന്നിരുന്ന കാലം. ഈയൊരവസ്ഥയിൽ ഗുരുവിനെപ്പോലെ ഒരാൾക്ക് മാത്രമേ പരസ്യമായി പ്രതികരിക്കാനും പ്രവർത്തിക്കാനും ആത്മധൈര്യമുണ്ടായിരുന്നുള്ളൂ. ആ ആത്മധൈര്യമാണ് നമുക്കിന്ന് നഷ്ടമായിരിക്കുന്നത്. ഇന്നത്തെ യുവതലമുറയിൽആ ത്മധൈര്യംന ഷ്ടമാകുന്നില്ല എന്ന് ഇക്കാലത്തെ ചില ഇടപെടലുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

തന്റെ 72 വർഷക്കാലത്തെ ജീവിതത്തിനിടയിൽ 42 വർഷക്കാലവും കേരളത്തിന്റെ നവോത്ഥാനത്തിനായി ഗുരു ചെലവഴിച്ചു. ജീവിച്ചിരിക്കുമ്പോഴും സമാധിക്ക് ശേഷവും ഗുരുവിനെപ്പോലെ ഇത്രയേറെ പഠനത്തിനും ആരാധനക്കും വിധേയനായ ഒരു മഹാൻ ഇല്ലെന്നുതന്നെ പറയാം. അതുകൊണ്ടാണല്ലോ തന്റെ അനുയായികളോട് തന്റെ പ്രതിമ സ്ഥാപിക്കരുത് എന്ന് ഗുരുവിന് കൽപ്പിക്കേണ്ടി വന്നത്. ഒരുപക്ഷേ ഏറ്റവും കൂടുതൽ പ്രതിമ സ്ഥാപിക്കപ്പെട്ട മഹത് വ്യക്തികൂടിയായി അദ്ദേഹം മാറിയത് വൈപരീത്യമായി മാറി.

സാമൂഹികമായ അസന്തുലിതാവസ്ഥയെ ദൈവനിന്ദയായി കണക്കാക്കി, അതിനെതിരെ സ്നേഹത്തിന്റെയും തിരുത്തലിന്റെയും വഴി അദ്ദേഹം തെരഞ്ഞെടുത്തു. പാർശ്വവൽക്കരിക്കപ്പെട്ടവരെ അറിവിന്റെ വെളിച്ചം നൽകി പൊതുധാരയിലെത്തിക്കാൻ അദ്ദേഹം ശ്രമിച്ചു. ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവർക്ക് ക്ഷേത്രം നിർമ്മിച്ച് നൽകി അവരുടെ ദൈവത്തെ അവരുടെ മുന്നിൽ കാണിച്ചു കൊടുത്തു. വിദ്യ നിഷേധിക്കപ്പെട്ടവർക്ക് വേണ്ടി

പാഠശാലന ിർമ്മിച്ചു.വ ഴിനടക്കാനുള്ളപ ൗരന്റെ മൗലികമായ പൗരസ്വാതന്ത്ര്യത്തിന്റെ വില എന്താണെന്ന് എത്രയോ വർഷങ്ങൾക്ക് മുമ്പ് ഗുരു വിളിച്ചു പറഞ്ഞു. ഇങ്ങനെ മതിൽക്കെട്ടുകൾ ഒന്നൊന്നായി അദ്ദേഹം പൊളിച്ചുകൊണ്ടിരുന്നു. അധഃസ്ഥിതരായവരുടെ ചില വിശ്വാസങ്ങൾ അവരെ അന്ധതയിലേക്കും സാമ്പത്തിക പാപ്പരത്തത്തിലേക്കും നയിക്കുന്നവയായിരുന്നു. വിവാഹം, മരണം തുടങ്ങിയ ചടങ്ങുകളിലെ ധാരാളിത്തവും അന്ധവിശ്വാസങ്ങളും അബദ്ധജടിലമെന്ന സന്ദേശം നൽകി അവർക്ക് പുതുപുലരി കാണിച്ചുകൊടുത്തു.

ധർമ്മത്തിലധിഷ്ഠിതമായ അദ്ദേഹത്തിന്റെ ചിന്താധാരയിലൂന്നി നിന്നാണ് ശിഷ്യനായ കുമാരനാശാൻ 'മാറ്റുവിൻ ചട്ടങ്ങളെ' എന്ന് ഉറക്കെ പാടിയത്. അരുവിപ്പുറത്തെ പ്രതിഷ്ഠയിലൂടെ കർമ്മം കൊണ്ട് ബ്രാഹ്മണ്യം നേടാമെന്ന് കാണിച്ചുകൊടുക്കുകയാണ് ചെയ്തത്. തിയോസഫിക്കൽ സംഘാടകർ ഗുരുവിന് സമർപ്പിച്ച മംഗളപത്രത്തിൽ ഗുരുവിനെ അവതാര പുരുഷൻ എന്ന് വിശേഷിപ്പിച്ചത് വെറുതെയല്ല. പൊതു പ്രവർത്തനത്തിൽ ഇടപെട്ടതുകൊണ്ട് കേരളത്തിൽ എല്ലായിടത്തും ഗുരുവിനെതിരായി സവർണ്ണർ കേസ് കൊടുത്തിരുന്നു. ലോകക്ഷേമത്തിന് വേണ്ടിയുള്ള ഗുരുവിന്റെ പ്രവർത്തനങ്ങളെ തിരുവിതാംകൂർ ഹൈക്കോടതി അഭിനന്ദിച്ചിരുന്നു. അതുകൊണ്ട് തന്നെ കോടതികളിൽ നേരിട്ട് ഹാജരാകണമെന്നുള്ള നിർബന്ധ നിയമത്തിൽ നിന്ന് തിരുവിതാംകൂർ മഹാ രാജാവ് അദ്ദേഹത്തെ ഒഴിവാക്കിയിരുന്നു. ആത്മീയ ആചാര്യനായ ഗുരു അദ്വൈത ദർശനത്തെ സാമൂഹിക തലത്തിലേക്ക് കൊണ്ടുവന്നു. ശങ്കരാചാര്യരെപോലെ അദ്വൈതിയായിരുന്നു അദ്ദേഹം. തന്റെ 'ആത്മോപദേശശതക'ത്തിൽ ജ്ഞാനവും അതിന്റെ വിഷയവും ജനനിയും ഒന്നുതന്നെയാണെന്ന് അദ്ദേഹം സ്ഥാപിച്ചിരുന്നു.

പാരമ്പര്യമായി ചില സമുദായങ്ങൾ ചെയ്തുകൊണ്ടിരുന്ന തൊഴിലുകൾ ഉപേക്ഷിച്ച് കൂടുതൽ പഠിച്ച് സാങ്കേതികജ്ഞാനികളായി പുതിയ തൊഴിൽ മേഖലകൾ തെരഞ്ഞെടുക്കാൻ ഗുരു ആഹ്വാനം ചെയ്തു. അതിനായി വ്യവസായശാല സ്ഥാപിക്കാനും കള്ള് ചെത്തുക, കുടിക്കുക എന്നത് അങ്ങേയറ്റം വർജ്യമാണെന്നും ഗുരു ഉപദേശിച്ചു. പുതുതലമുറക്ക് ഗുരുദർശനങ്ങൾ പുതുവഴി തെളിയിക്കാൻ കഴിയട്ടെ.

നമ്മുടെ ഭരണാധികാരികൾ നമ്മുടെ മുന്നിലേക്കെടുത്തിടുന്ന, നമ്മെ ഭയപ്പെടുത്തുന്ന ചില നിയമങ്ങൾ എരിതീയിൽ നിന്ന് വറചട്ടിയിലേക്കെത്തുന്ന മാറ്റമായിക്കാണുമ്പോൾ സമൂഹത്തിന്റെ അനിശ്ചിതാവസ്ഥയാണ് നാം ഭീതിയോടെ കാണേണ്ടത്. അനതിവിദൂരഭാവിയിൽ നമ്മുടെ അനിശ്ചിതാവസ്ഥകളും ആശങ്കകളും പരിഹരിക്കപ്പെടട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

## പറപ്പൂർ ഹൈസ്കൂൾ

# എന്റെ ഓർമ്മകൾ

**സജീവ് ഹാർമണി** | മുൻ ചിത്രകലാ അധ്യാപകൻ

കൃത്യമായ വർഷം ഓർമ്മയില്ല. ഏതാണ്ട് എൺപതുകളിലാണ്. സ്കൂൾ ശാസ്ത്രമേളകളിൽ പറപ്പൂർ ഹൈസ്കൂൾ സജീവ സാന്നിധ്യമായിരുന്ന കാലം. ജില്ലാ ശാസ്ത്രമേളകളുടെ സമയമാകുമ്പോൾ ഐ.യു. ഹൈസ്കൂളിലെ സയൻസ് ക്ലബ്ബും സജീവമാകും. അക്കാലത്ത് സ്കൂളുകളിൽ അധികം ക്ലബ്ബുകളൊന്നുമില്ല. ആകെക്കൂടിയുള്ളത് സയൻസ് ക്ലബ്ബ് മാത്രം. ഇപ്പോൾ എത്ര ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നത്. സയൻസ് ക്ലബ്ബ് സെക്രട്ടറിയുടെ നേതൃത്വത്തിലാണ് ജില്ലാ ശാസ്ത്രമേളയ്ക്കുവേണ്ടി ഒരുക്കങ്ങൾ നടത്തുന്നത്. സയൻസ് ക്ലബ്ബ് സെക്രട്ടറിക്ക് ഒരു പ്രത്യേക ഗമയാണ്. സഹായത്തിനായി കുട്ടികളെ ഉൾപ്പെടുത്തിയുള്ള ഒരു ഗ്രൂപ്പാണ് സയൻസ് ക്ലബ്ബ്. ഏതാണ്ട് ഒന്ന് രണ്ട് മാസത്തോളം സ്കൂളിലെ ഒരു ക്ലാസ് റൂം ഇതിനുള്ള പണിപ്പുരയാക്കി മാറ്റും. അന്ന് ശാസ്ത്രമേളക്ക് എന്തൊക്കെ കൊണ്ടുപോകണമെന്നും വ്യക്തമായ കാഴ്ചപ്പാടൊന്നുമില്ല. കിട്ടുന്നതെല്ലാം വാരിവലിച്ച് കൊണ്ടുപോയി സ്റ്റാൾ നിറയ്ക്കും. പിന്നീടാണ് ഇതിനൊക്കെ കൃത്യമായ വിഷയമുണ്ടെന്നും അതിനെ ആസ്പദമാക്കിയാണ് സമ്മാനങ്ങൾ നൽകുന്നതെന്നും മനസ്സിലാക്കിയത്. അങ്ങനെ മത്സരിക്കാൻ തുടങ്ങിയത് മുതൽ നമുക്ക് സമ്മാനങ്ങൾ കിട്ടിത്തുടങ്ങി. അങ്ങനെ ദക്ഷിണ സംസ്ഥാന ശാസ്ത്രമേളകളിൽ ബാംഗ്ലൂരിൽ പോയി നമ്മൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. അക്കാലത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച സയൻസ് ക്ലബ്ബ് സെക്രട്ടറിമാരായിരുന്നു ശ്രീ. കെ. പത്മകുമാർ മാഷും ശ്രീ. രാമൻതമ്പി മാഷും പിന്നീട് കൃഷ്ണദാസും.

സയൻസ് ക്ലബ്ബിന് ഒരു അവിഭാജ്യ ഘടകമായിരുന്നു ചിത്രകലാ അധ്യാപകനായ ഞാൻ. കാരണം ഒരു കലാകാരന് ഇതിൽ കാര്യമായി ചെയ്യാനുണ്ട്. സീസണായാൽ ഒന്നുരണ്ട് രണ്ട് മാസം സയൻസ് ക്ലബ്ബ് റൂമിലാണ് എന്റെ വാസം. സയൻസ് ക്ലബ്ബ് സെക്രട്ടറിമാർ എനിക്ക് ഒരു പ്രത്യേക ബഹുമാനം തരും. ശാസ്ത്രമേളകൾക്ക് ശാസ്ത്ര അധ്യാപകരേക്കാൾ സംഭാവനകൾ നൽകിയിരുന്നത് ഇതര ജീവനക്കാരായിരുന്നു. നമ്മുടെ സ്കൂളിലെ സ്റ്റാഫായിരുന്ന ശ്രീ. ടി. കുഞ്ഞാലൻ കുട്ടി, നമ്മുടെ യു.പി. വിഭാഗത്തിലെ ശ്രീ. വെളിയനാടൻ ശശിധരൻ മാഷ്, ശ്രീ. മൊയ്തീൻകുട്ടി മാഷ് എന്നിവരൊക്കെ ശാസ്ത്രമേളകളിൽ കാര്യമായ പങ്കുവഹിച്ചവരായിരുന്നു. ഇവരുടെ സേവനം വിസ്മരിച്ചുകൂടാ... ആദ്യകാലങ്ങളിൽ ഹൈസ്കൂളിലെ എല്ലാ വിശേഷാൽ പരിപാടികളിലും യു.പി. സ്കൂളിലെ ജീവനക്കാരുടെ സഹകരണം ഉണ്ടായിരുന്നു. പിന്നീട് എപ്പോഴോ ഈ ബന്ധം മുറിഞ്ഞുപോയി. യു.പി.യും ഹൈസ്കൂളും രണ്ടായി കാണാൻ തുടങ്ങി.

ശാസ്ത്രമേളയുടെ ഒരുക്കങ്ങൾ പകലും രാത്രിയും തുടർച്ചയായി നീങ്ങുന്നതായിരുന്നു. രാത്രിയായാലും ഹെഡ്മാസ്റ്റർ ശ്രീ. അവറുമാഷ് ശ്രീ. ടി.ഇ. മൊയ്തീൻകുട്ടി എന്ന കുഞ്ഞു എന്നിവർ രാത്രിയിലുടനീളം ഞങ്ങളോടൊപ്പം ഉണ്ടാകും. മാനേജറായിരുന്ന ശ്രീ. ടി.ഇ. ആലിഹാജിയും ബീഡി വലിച്ചുകൊണ്ട് സൊറ പറഞ്ഞ് ഞങ്ങൾക്ക് പിന്തുണയുമായി രാത്രി കൂട്ടിരിക്കും. തൊട്ടടുത്ത് താമസിക്കുന്ന രവീന്ദ്രൻ മാഷും വരും. കുറച്ച് നാട്ടുകാരും എപ്പോഴും ഞങ്ങൾക്കൊപ്പമുണ്ടാകും. അങ്ങനെ ആ രാത്രികൾ വളരെ സജീവമായിരുന്നു.

ശാസ്ത്രമേളയിലെ ഞങ്ങളുടെ കേന്ദ്രബിന്ദു മേൽ പറഞ്ഞ ശ്രീ. കുഞ്ഞാലൻ കുട്ടി എന്ന കാക്കയായിരുന്നു. മേളയിലെ ബുദ്ധികേന്ദ്രം കാക്കയാണ്. അദ്ദേഹം ഒരു നല്ല പ്രതിഭയായിരുന്നു. ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയവരേക്കാൾ നല്ല അറിവും കഴിവുമുള്ള ആളായിരുന്നു കുഞ്ഞാലൻ കുട്ടി കാക്ക. ഏതാണ്ട് പ്രൈമറി വിദ്യാഭ്യാസം മാത്രമേ അദ്ദേഹത്തിന് ഉള്ളൂ എന്നാണ് എന്റെ അറിവ്. പക്ഷേ ഒരു ശാസ്ത്ര



ജ്ഞന്റെ തലച്ചോറ് ഉണ്ടായിരുന്നു. ഒരു സങ്കീർണ്ണമായ ഒരാശയം പറഞ്ഞാൽ "അത് വല്യ കാര്യമൊന്നുമില്ല മാഷേ... അത് നമുക്ക് ചെയ്യാവുന്നതേയുള്ളൂ.." എന്ന് പറയും. വേണ്ട സമയത്ത് ശരിയായ വിദ്യാഭ്യാസം ലഭിച്ചിരുന്നെങ്കിൽ അദ്ദേഹം നല്ലൊരു പ്രതിഭയാകുമായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെ ഞാൻ കൗതുകപൂർവ്വം നോക്കിനിന്നിട്ടുണ്ട്. ആർക്കും എപ്പോഴും എന്ത് സഹായം ചെയ്യാനും സർവ്വാത്മനാ സന്നദ്ധതയുള്ള ഒരു നല്ല പച്ചയായ മനുഷ്യനായിരുന്നു ശ്രീ. കുഞ്ഞാലൻ കുട്ടി എന്ന നാട്ടുകാരുടെ കാക്ക.

തൽക്കാലം കാക്ക അവിടെ നിൽക്കട്ടെ. കാക്കാനെക്കുറിച്ച് ഇനിയും ധാരാളം പറയാനുണ്ട്. പിന്നൊരിക്കലാവാം. ഇപ്പോൾ നാം ശാസ്ത്രമേളയെക്കുറിച്ചാണല്ലോ പറയുന്നത്. ശാസ്ത്രമേളയുടെ ഒരുക്കങ്ങൾ തുടങ്ങിയാൽ പിന്നെ പറപ്പൂർ ഹൈസ്കൂളിൽ ഒരു ഉത്സവാന്തരീക്ഷമാണ്. രാത്രിയും പകലും പ്രവർത്തനങ്ങൾ, എപ്പോഴും ധാരാളം ആളുകൾ, രാത്രിയിൽ നാട്ടുകാർ ഒത്തുകൂടുന്നു. സൊറ പറയുന്നു. എല്ലാംകൂടി രസമുള്ള ദിവസങ്ങളായിരുന്നു അത്. ഒരു പ്രാവശ്യം ശാസ്ത്രമേളക്ക് കൊണ്ടുപോകാനായി ഒരു ദിനോസറിനെ ഉണ്ടാക്കാമെന്ന് നമ്മുടെ യു.പി. സ്കൂളിലെ വെളിയനാടൻ ശശി മാഷ് പറയുന്നു. എല്ലാവരും അംഗീകരിക്കുന്നു. 'ജുറാസിക് പാർക്ക്' സിനിമയൊന്നും അന്ന് ഇറങ്ങിയിട്ടില്ല. അതുകൊണ്ട് ദിനോസറുകളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവൊന്നുമില്ല. അങ്ങനെ ദിനോസറിനെ ഉണ്ടാക്കാൻ തുടങ്ങി. വെളിയനാടൻ മാഷിന് മാത്രം അല്പം ധാരണകളൊക്കെയുണ്ട്. ഞങ്ങൾ കുറേ ചിത്രങ്ങളൊക്കെ ശേഖരിച്ച് ദിനോസറിന്റെ രൂപം പഠിച്ചു. ഗൂഗിൾ ഇല്ലാത്തതിന്റെ കുഴപ്പം ഞങ്ങളന്ന് അനുഭവിച്ചു. ആദ്യം മരത്തിന്റെ കൊമ്പുകളൊക്കെ മുറിച്ച് ദിനോസറിന്റെ അസ്ഥിപഞ്ജരം ഉണ്ടാക്കി. അങ്ങനെ പടിപടിയായി ഓരോ വർക്കുകൾ തീർന്നു. അവസാനം മുപ്പതടിയോളം നീളമുള്ള ദിനോസർ റെഡിയായി. ശാസ്ത്രമേളക്ക് പോകും മുമ്പെ ഒരു ചെറിയ പ്രദർശനം നടത്തി. സമീപത്തെ സ്കൂൾ കുട്ടികളും നാട്ടുകാരും കാണാൻ എത്തി.

ആ വർഷത്തെ ശാസ്ത്രമേള വേങ്ങര ഹൈസ്കൂളിലായിരുന്നു. ഞങ്ങൾ സാധനങ്ങളൊക്കെ വണ്ടിയിൽ കയറ്റി. പക്ഷേ നമ്മുടെ കഥാനായകൻ ദിനോസർ പിക്കപ്പ് വാനിൽ കയറിയില്ല. കൊള്ളില്ല. അങ്ങനെ തലച്ചുമടായി കൊണ്ടുപോകാൻ തീരുമാനിച്ചു. കാണാൻ ഭീമാകാരമാണെങ്കിലും നമ്മുടെ ദിനോസറിന് കനമില്ലായിരുന്നു. അങ്ങനെ പണിക്കാരെ വിളിച്ചു. പലരും വന്നു. വന്നവർ ദിനോസറിനെ കാണുമ്പോൾ പിന്മാറും. അവസാനം കാക്ക പറഞ്ഞു. നമുക്ക് ആനക്കയത്തുകാരെ വിളിക്കാം. അന്നത്തെ കാലത്ത് ഇന്നത്തെ പോലെ ബംഗാളികൾ ഇല്ല. ധാരാളം ആനക്കയത്തുകാർ ജോലിക്ക് വേണ്ടി ഇവിടെ കുടിയേറിപ്പാർത്തിരുന്നു. അവർ എന്ത് ജോലിയും ചെയ്യുമായിരുന്നു. രണ്ട് ആനയക്കയത്തുകാർ വന്നു. ഒരാൾ വാൽ ഭാഗവും ഒരാൾ തലഭാഗവും പിടിച്ചു. ഒരു ധൈര്യത്തിന് വേണ്ടി ഞങ്ങളും കൂടെ അനുഗമിച്ചു. സ്കൂളിലെ ഏതാനും കുട്ടികളും ഒപ്പം കൂടി. പറപ്പൂർ പുഴ കടന്നുവേണം അക്കരെയെത്താൻ. പുഴയിൽ അരയറ്റം വെള്ളമുണ്ട്. എങ്കിലും അക്കരെയെത്താം. ആനക്കയത്തുകാർ ദിനോസറിനെയും കൊണ്ട് വെള്ളത്തിലിറങ്ങി. ഇപ്പോൾ കണ്ടാൽ ഒരത്ഭുത ജീവി വെള്ളത്തിലൂടെ നീന്തുന്നതായി തോന്നും. അപ്പോഴേക്കും പുഴയുടെ തീരത്തുള്ള എൽ.പി. സ്കൂളിലെ കുട്ടികൾ ഓടിക്കൂടി. കുട്ടികൾ ഇതുകണ്ട് ആർത്തുവിളിച്ച് കൂകി. അവരുടെ കൂട്ടുകാരും ഒപ്പം കൂടി. ബഹളം കേട്ട് നാട്ടുകാരും എത്തി. എല്ലാം കൂടി പുഴയുടെ തീരത്ത് ആളുകളെക്കൊണ്ട് നിറഞ്ഞു. കുട്ടികളുടെ കൂക്കിവിളി ആനക്കയത്തുകാർക്ക് സഹിക്കുന്നില്ല. അവർക്ക് ഒന്നിനും വയ്യാത്ത അവസ്ഥ. ഒരുവിധം നമ്മുടെ നായകനെ ആനക്കയത്തുകാർ ഹൈസ്കൂളിൽ എത്തിച്ചു.

ശാസ്ത്രമേള കഴിഞ്ഞു. ജനാഭിപ്രായം നമ്മുടെ സ്റ്റാളിനായിരുന്നു. ദിനോസറിനെ കാണാൻ വേണ്ടി മാത്രം ശാസ്ത്രമേള കാണാൻ വന്നവരുണ്ടായിരുന്നു. മേള കഴിഞ്ഞ് സാധനങ്ങളെല്ലാം കെട്ടിപ്പെറുക്കി വണ്ടിയിൽ കയറ്റി. അപ്പോഴും മേൽ പ്രശ്നം. ദിനോസറിനെ എങ്ങനെ കൊണ്ടുപോകും. ആനക്കയത്തുകാരെ തന്നെ സമീപിക്കാമെന്ന് കാക്ക പറഞ്ഞു. ഞങ്ങൾ രണ്ട് പേർ പറപ്പൂരെത്തി. ആനക്കയത്തുകാർ സ്ഥിരം കൂടിയിരിക്കാറുള്ള ബീരാൻ കാക്കയുടെച ായക്കടയിലെത്തി.ബ ീരാൻക ാക്കയോട് കാര്യം പറഞ്ഞു. കാക്ക ആനക്കയത്തുകാരോട് ചോദിച്ചു. അവർ വരില്ല. ഞങ്ങളെ തല്ലിക്കൊന്നാലും വരില്ലെന്നാണ് അവർ പറയുന്നതെന്ന് ബീരാൻ കാക്ക പറഞ്ഞു. അവർക്ക് ദിനോസറിനെ കൊണ്ടുപോയതിന്റെ നാണക്കേട് മാറിയിട്ടില്ല. ബീരാൻ കാക്ക ഞങ്ങളെ കൈയ്യൊഴിഞ്ഞു.

ഞങ്ങൾ തിരിച്ച് വേങ്ങര സ്കൂളിലെത്തി. അപ്പോൾ അവറുമാഷും അവിടെയുണ്ട്. വിഷയം ചർച്ച ചെയ്തു. ആനക്കയത്തുകാർ വരാത്ത സ്ഥിതിക്ക് ഇനി ദുനിയാവിൽ ആരെയും കിട്ടില്ല. ഒരു പാണ്ടിലോറി വിളിച്ച് കൊണ്ടുപോകാനുള്ള സാമ്പത്തിക സ്ഥിതി ഇല്ലായെന്ന് സയൻസ് ക്ലബ്ബ് കൺവീനർ നയം വ്യക്തമാക്കി. എങ്കിൽ ഇതിനെ ഇവിടെ ഉപേക്ഷിക്കാം. ഒരാൾ അഭിപ്രായപ്പെട്ടു. അങ്ങനെ ഉപേക്ഷിച്ചുപോയാൽ ഈ അപൂർവ്വ ശില്പം വേറേതെങ്കിലും സ്കൂളുകാർ കൊണ്ടുപോയി അവരുടെ സ്വന്തമാക്കും. എന്നാൽ കത്തിക്കാം. ഒടുവിൽ തീരുമാനമായി. ശരി നമുക്ക് കത്തിക്കാം. അവറുമാഷും സമ്മതം മൂളി. ആദ്യം കേട്ടപ്പോൾ സങ്കടം തോന്നിയെങ്കിലും പിന്നീട് അതിനോട് പൊരുത്തപ്പെട്ടു. അങ്ങനെ ഞങ്ങളെല്ലാവരും ദിനോസറിനെ മൈതാനത്തിന്റെ ഒരു മൂലയിലേക്ക് കൊണ്ടുപോയി. അവസാനമായി ഒരു നോക്ക് കണ്ട് കുഞ്ഞാലസ്സൻ കുട്ടി കാക്ക കയ്യിലുണ്ടായിരുന്ന തിപ്പട്ടി ഉപയോഗിച്ച് ദിനോസറിന്റെ വാലിൽ തീ കൊളുത്തി. അങ്ങനെ തീ അണഞ്ഞ് ചാമ്പലായി. ദുഖത്തോടെ ഞങ്ങളതിന് സാക്ഷിയായി. ദിനോസറിന് അന്ത്യയാത്രയും പറഞ്ഞ് ഞങ്ങൾ വിടവാങ്ങി....



# കാതിയൻ

ബി. ഗിരിധരൻ | മുൻ അധ്യാപകൻ

കീഴാള ജീവിതത്തിന്റെ ജീവിത സങ്കീർണ്ണത പ്രതിപാദിക്കുന്ന എൻ. പ്രഭാകരന്റെ ആഖ്യാനപാടവം പ്രകടമാക്കുന്ന കൃതിയാണ് കാതിയൻ. നാരായണൻ അഥവാ കാവുതിയൻ നാരായണന്റെ കഥയാണ്. സ്വഗതാഖ്യാന ശൈലയിൽ പ്രതിപാദിക്കുന്ന കൃതിയാണിത്. മരണാസന്നനായ നാരായണൻ തന്റെ ജീവിത മുഹൂർത്തങ്ങളെ ഒന്നൊഴിയാതെ ഓർത്തെടുക്കുകയാണ്. ജാതി ശ്രേണിയിൽ തിയ്യന്മാർക്ക് തൊട്ട് താഴെയാണ് കാവുതിയ്യന്മാർ. ജാതി സമ്പ്രദായത്തിൽ മേന്മയേറിയ സ്ഥാനം സമുദായത്തിനില്ല. ജാതിയെ ഇടിച്ചു കാണിക്കാനാണ് ശ്രമം. കാലം കഴിഞ്ഞെങ്കിലും ജാതിക്ക് മാറ്റമൊന്നും ഇതുവരെ വന്നിട്ടില്ല. പോയി ചെരക്ക് എന്നും പോയി ബാർബർഷോപ്പ് തുടങ്ങിക്കോ എന്നും എതിരാളികളോട് പുച്ഛസ്വരത്തിൽ പറയുന്നവർ ഇന്നും എത്രയോയുണ്ട്. സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തന്റെ സമൂഹത്തിൽ ഉണ്ടാകുന്നതും താനറിയുന്നുണ്ട്. തന്റെ പ്രദേശം ഉൾപ്പെടുന്ന തിയൂർ ആണ് തന്റെ കർമ്മമണ്ഡലം. അവിടെ കരുണേട്ടന്റെ മുടി മുറിയ്ക്കാനും താടി വടിക്കാനും 'പൂന്തോട്ടം' വീട്ടിൽ പോയി. കരുണേട്ടനും തന്റെ ജീവിതവുമായി ബന്ധപ്പെട്ടാണ് കഥ വികസിക്കുന്നത്. കരുണേട്ടൻ മരണാസന്നനാണ്. കരുണേട്ടനെ കണ്ടത് മുതൽ തന്റെ സമാധാന ജീവിതം നഷ്ടമായി. ജീവിത കഷ്ടപ്പാടുകൾക്കൊടുവിൽ കരുണൻ വിടപറഞ്ഞു. ജീവിതത്തിൽ യുക്തിവാദിയായ കരുണൻ മെഡിക്കൽ കോളേജിന് തന്റെ ശരീരം നൽകി. അതുകൊണ്ട് തന്നെ കാവുതീയന് ആ വീട്ടിൽ സ്ഥാനമില്ലാതായി. നാട്ട് നടപ്പ് സാമൂഹ്യ ആചാരങ്ങൾക്ക് വഴിമാറുന്ന ഈ കാലത്ത് യുക്തിവാദത്തെ പറ്റി കരുണൻ പറഞ്ഞത് ഓർമ്മ വരുന്നു. "നമ്മുടെ രാജ്യം അത്ര പെട്ടെന്നൊന്നും മാറൂല നാരായണാ... ജാതി, ജാതകം, ജ്യോതിഷം ഇതൊന്നും നമ്മള് വിട്ട് കളിക്കൂല. കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്ന് വർഗ്ഗ വഞ്ചകരായ സി.പി.ഐക്കാരനെന്ന് എനിക്ക് തോന്നി. പാർട്ടി നിലപാടുകളിൽ വ്യക്തമായ അഭിപ്രായം കരുണേട്ടന് ഇല്ലായിരുന്നു. സ്വന്തം ജാതി പോലെ പാർട്ടി നിന്റെ ഇഷ്ടം പോലെ ഇടതിലോ വലതിലോ നിന്നോ. മറ്റേ കൂട്ടര് ജാതീന്ന് പൊറത്താക്കപ്പെട്ടോനോട് പെരുമാറും പോലെയാ നിന്നോട് പെരുമാറുക. 16-ാം വയസ്സിലാണ് നാരായണൻ രാഷ്ട്രീയ പ്രവർത്തനം തുടങ്ങുന്നത്. അതിനാൽ ചില നൂതന ബന്ധങ്ങളുടെ ഇതൾ വിരിയുന്നു. അതിൽ ശ്രദ്ധേയം പൊക്കൻ മാഷുമായിട്ടുള്ളതാണ്. ഇലക്ഷനിൽ വിജയിച്ചില്ലെങ്കിലും വിദ്യാർത്ഥി ജീവിതത്തിൽ പൊരുത്തക്കേടുകളുണ്ടായി. സ്കൂളിൽ നിന്നും പുറത്താക്കി. തിയൂർ പൊതുജന വായനശാലയും ഗ്രന്ഥശാലയും ഉണ്ടാക്കാൻ സഹായിച്ചത് പൊക്കൻ മാഷാണ്. നാരായണൻ സ്കൂൾ നിർത്തി നാല് കൊല്ലം കഴിഞ്ഞപ്പോൾ മഞ്ഞപ്പിത്തം ബാധിച്ച് പൊക്കൻ മാഷ് അന്തരിച്ചു. അച്ഛൻ മരിച്ചപ്പോൾ അനുഭവിച്ച ദുഃഖത്തേക്കാൾ ഹൃദയഭേദകമായിരുന്നു. ആകെ ഒരനാഥത്വം നാരായണന് അനുഭവപ്പെട്ടു.

കരുണനുമായുള്ള നാരായണന്റെ സൗഹൃദത്തിന്റെ ആഴവും പരപ്പും വർദ്ധിച്ചു. ജീവത്തെപ്പറ്റി ഉൾക്കാഴ്ച ഉണ്ടാക്കാൻ ആ സൗഹൃദം സഹായകമായി. അച്ഛന്റെ മരണം തന്റെ ജീവിതയാത്രക്ക് വിഘാതമായി. ഏട്ടൻ വീടുവിട്ടിറങ്ങിയത് തന്റെ ജീവിതത്തെ അടിമുടി മാറ്റിമറിച്ചു. ഏട്ടൻ നടത്തിയ ബാർബർ ഷോപ്പ് തിയൂരങ്ങാടിയിൽ തുറന്നു. ബാർബർ ഷാപ്പ് രാഷ്ട്രീയ കായിക വിഷയത്തെപ്പറ്റി സജീവ ചർച്ചാ കേന്ദ്രങ്ങളായിരുന്നു. തിയൂർകാരേക്കാൾ ഭാഷാശുദ്ധിയിൽ സംസാരിക്കാൻ നാരായണനറിയില്ലായിരുന്നു.

ജീവിതപ്രാരാബ്ധങ്ങളുടെ നടുവിൽ അമ്മ വേവലാതിപ്പെട്ട് 'എന്നെ ഒരു മൂർഖൻ പാമ്പ് പോലും കാണുന്നില്ലല്ലോ' എന്ന് അമ്മ കരച്ചിലും പിഴിച്ചിലുമായി പറഞ്ഞു. രാഷ്ട്രീയം എനിക്ക് അടിയന്തിരാവസ്ഥ വരെ നിലനിന്നു. അടിയന്തിരാവസ്ഥ അധികം കാലം നീണ്ടുനിന്നില്ലെങ്കിലും ഞങ്ങൾ ഭയാശങ്കകളാൽ ജീവിക്കുകയായിരുന്നു. ബന്ധുവായ ശങ്കുവേട്ടന്റെ മരണത്തോടെ ദേവകി നാരായണന് സ്വന്തമായി. കാവുതിയന്മാരെ കാലം കഴിഞ്ഞെങ്കിലുംജ നംബ ഹുമാനിച്ചില്ല.ക ാലം മാറി. ജനങ്ങൾ ജീവിത സമ്പ്രദായത്തിന് മറ്റു മേച്ചിൽപ്പുറങ്ങൾ തേടി. കരുണേട്ടന്റെ മരണമറിഞ്ഞ് പൂന്തോട്ടത്തിൽ ബഹളമയമാണ്. കരുണേട്ടന്റെ ബലി കർമ്മങ്ങൾ നാരായണന്റെ നേതൃത്വത്തിൽ മക്കളുടെ സ്ഥിതിക്കനുസരിച്ച് നടത്തി. കരുണന്റെ മരണത്തോടെ നാരായണന്റെ ഒരു വിഴുപ്പുഭാണ്ഡമായി മാറിയത് പോലെ തോന്നി. വളരുന്ന രോമക്കാട്ടിൽ ക്ഷൗരപ്പെട്ടിയും മടിയിൽ വച്ച് അനങ്ങാതിരിക്കുന്ന അഭൗമമായ വിചിത്രസത്വമായി നാരായണൻ മാറി.



# ലഹരി വസ്തുക്കളുടെ ഉപയോഗവും പ്രത്യാഘാതങ്ങളും

**സി.കെ. അഹമ്മദ് കുട്ടി** | സയൻസ് വിഭാഗം

ലഹരിയാണ് കേരളം നേരിടുന്ന മഹാവിപത്ത്. കുട്ടികളെ കൗമാരത്തിൽ തന്നെ പിടികൂടി യൗവ്വനത്തിലേ നശിപ്പിക്കുന്ന മഹാദുരന്തം. ലഹരിയെന്നാൽ മദ്യമോ കഞ്ചാവോ മാത്രമായിരുന്ന കാലം പോയി. ഇപ്പോൾ രാസലഹരിയുടെ കാലമാണ്. സ്കൂളിൽ പ്രശ്നമുണ്ടാകുമ്പോൾ അല്ലെങ്കിൽ ലഹരിയുമായി പോലീസോ എക്സൈസോ പിടികൂടുമ്പോൾ മാത്രമാണ് മക്കൾ ഏറെ നാളായി ലഹരിക്കടിമയാണെന്ന് മിക്ക മാതാപിതാക്കളും അറിയുന്നത്. നമുക്കറിയുന്നതും അറിയാത്തതുമായ ലഹരികളെല്ലാം നമ്മുടെ കുട്ടികൾ പഠിക്കുന്ന, ജീവിക്കുന്ന ചുറ്റുപാടുകളിൽ ഇന്ന് സുലഭമാണ്. ഇതിനെതിരെ പോലീസും എക്സൈസും മാത്രമല്ല, സമൂഹമൊന്നാകെ കൈകോർക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്രത്യേക അവസ്ഥകളോടോ വസ്തുവിനോടോ അടിമപ്പെടുന്നതാണ് ലഹരി. എന്നാൽ ലഹരി വസ്തുക്കൾ എന്ന് വിശേഷിപ്പിക്കുന്നത് ഉപയോഗത്തെ തുടർന്ന് തലച്ചോറിലും മറ്റു ശരീര ഭാഗങ്ങളിലും വ്യത്യാസങ്ങളുണ്ടാക്കുകയും തുടർന്ന് ഉപയോഗിക്കാൻ തോന്നലുണ്ടാക്കുകയും ചെയ്യുന്ന രാസപദാർത്ഥങ്ങളാണ്. സിഗരറ്റ്, മദ്യം, പാൻപരാഗ്, കഞ്ചാവ്, ബ്രൗൺഷുഗർ, ഹെറോയിൻ, കൊക്കെയ്ൻ, വൈറ്റ്നർ, പോളിഷ്, ഉറക്ക ഗുളികകൾ, എൽ.എസ്.ഡി. തുടങ്ങിയവയാണ് സാധാരണയായി ഉപയോഗിക്കുന്ന ലഹരി വസ്തുക്കൾ.

കൂട്ടുകാരുടെ സമ്മർദ്ദം, തെറ്റായ കൂട്ടുകെട്ടുകൾ, മുതിർന്നവരെ അനുകരിക്കാനുള്ള വാസന, ജീവിത പ്രശ്നങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം, സമ്മർദ്ദങ്ങൾ കുറക്കാനും ആത്മവിശ്വാസം നൽകാനും സഹായിക്കുമെന്ന തെറ്റായ ധാരണ എന്നിവയാണ് ലഹരി ഉപയോഗത്തിനുള്ള കാരണങ്ങൾ.

സിഗരറ്റ് പോലുള്ള ചെറിയ ലഹരിയിൽ നിന്നും തുടങ്ങി രാസ ലഹരിയിലെത്തുമ്പോൾ അതിൽ നിന്നും മോചനം നേടാൻ കഴിയാതെ ലഹരി വലയിൽ കുരുങ്ങുന്നു. ആദ്യം കൂട്ടുകാരിൽ നിന്നോ ലഹരി മാഫിയകളിൽ നിന്നോ ഇവ വെറുതെ കിട്ടും. ഇതിനടിമപ്പെടുന്നവർക്ക് ഇത് കിട്ടാതെയായാൽ എങ്ങനെയെങ്കിലും പണം സമ്പാദിച്ച് സംഘടിപ്പിക്കും. ഇതിനുവേണ്ടി മോഷണവും കൊലപാതകവും ലഹരി കടത്തും വരെ നടത്തും. അതിനിടയിൽ കോലംകെട്ട്, കണ്ണ് കുഴിഞ്ഞും വായിൽ വ്രണം



വന്നും നിലയും വിലയുമില്ലാതെയും ആയിത്തീരുന്നു ജീവിതം.

ഓരോ ലഹരി വസ്തുക്കൾക്കും വ്യത്യസ്തങ്ങളായ ദോഷഫലങ്ങളാണുള്ളത്. **കഞ്ചാവ്:** മനോനില തെറ്റുന്നു, നാഡികളെ തളർത്തുന്നു, അക്രമാസക്തമാകുന്നു. **എൽ.എസ്.ഡി:** വൃക്കയെയും കരളിനെയും തകരാറിലാക്കുന്നു, കാൻസറിന് സാധ്യതകൂ

ടുന്നു. **ഹെറോയിൻ**: മാനസികനില, ഞരമ്പുകൾ, ഹൃദയവാൽവുകൾ, മാംസപേശികൾ എന്നിവയെ ബാധിക്കുന്നു. **എം.ഡി.എം.എ.**: ഉന്മാദാവസ്ഥ, മറവി,ഉ റക്കമില്ലായ്മ,ദ ന്തക്ഷയം,മ ങ്ങിയക ാഴ്ച, അമിത വിയർപ്പ്, അസാധാരണമായ ഹൃദയമിടിപ്പ്. **കൊക്കെയ്ൻ**: വിഭ്രാന്തി, തലച്ചോറിന്റെയും രക്തധമനികളുടെയും പ്രവർത്തനങ്ങളെ ബാധിക്കുന്നു. **വൈറ്റ്നർ, പോളിഷ് മുതലായവ**: മനോനില തകരാറിലാക്കുന്നു, അസ്ഥികളെ പോലും ബാധിക്കുന്നു.

ലഹരി മാഫിയ ഇപ്പോൾ നോട്ടമിടുന്നത് പെൺകുട്ടികളെയാണ്. കാരണം പലതാണ്. ഒന്ന് അവരെ കാരിയർമാരാക്കാൻ എളുപ്പം, പിടിവീഴില്ല എന്ന ചിന്ത. രണ്ട് ലൈംഗിക ചൂഷണം. പ്രണയം നടിച്ച് പെൺകുട്ടികളെ ലഹരിക്കെണിയിൽ വീഴ്ത്തുന്ന എത്ര കേസുകൾ നാം കേൾക്കുന്നു. അപകടം തിരിച്ചറിയുമ്പോഴേക്കും രക്ഷപ്പെടാനാവാത്ത വിധത്തിൽ അവർ ലഹരിക്ക് അടിമപ്പെട്ടിട്ടുണ്ടാകും. ഇങ്ങനെ പണവും ആഭരണങ്ങളും അഭിമാനവും നഷ്ടപ്പെടുന്നവർ നിരവധിയാണ്.

ലഹരിക്ക് അടിമയായി കഠിനമായ വഴികളിലൂടെ ചികിത്സ തേടുന്നവരിൽ ചിലരെങ്കിലും ജീവിതത്തിലേക്ക് തിരിച്ചുവരുന്നുണ്ട്. ചികിത്സയിലൂടെ മോചനം നേടിയാലും സാഹചര്യങ്ങൾക്കടിമപ്പെട്ട് ലഹരിവഴികളിലേക്ക് തിരിച്ചുപോകുന്നവരുമുണ്ട്.

ലഹരിക്കെതിരെ രക്ഷിതാക്കളുടെയും അധ്യാപകരുടെയും നാട്ടുകാരുടെയും സമൂഹത്തിന്റെയും ഇടപെടൽ അനിവാര്യമാണ്. കുട്ടികളെക്കുറിച്ച് രക്ഷിതാക്കൾക്ക് മുൻവിധിയുണ്ടാവരുത്. കുട്ടികളിലുണ്ടാകുന്നസ ്വഭാവമാറ്റങ്ങൾത ള്ളിക്കളയരുത്.ക ുട്ടികളുടെ സുഹൃത്തായി മാറണം. തിരക്കിനിടയിലും അവരോട് സംസാരിക്കാൻ സമയം കണ്ടെത്തണം.

കുട്ടികളുടെ മുറിയും ബാഗും മറ്റും ഇടയ്ക്കെങ്കിലും അവരറിയാതെ പരിശോധിക്കണം. സ്കൂൾ സമയത്തും മറ്റു സമയങ്ങളിലും കുട്ടികൾ എവിടെയൊക്കെ പോകുന്നുവെന്നും കൂട്ടുകാർ ആരൊക്കെയാണെന്നും അറിയണം. കുട്ടികളുടെ സ്വഭാവ മാറ്റങ്ങളെക്കുറിച്ച് അധ്യാപകർ നൽകുന്ന സൂചനകൾ ഗൗരവമായി എടുക്കണം.

ക്ലാസിൽ ശല്യമുണ്ടാക്കുന്ന കുട്ടികളെ കരുതലോടെ അധ്യാപകർ കൈകാര്യം ചെയ്യണം. കുട്ടികളുടെ ഇത്തരം കാര്യങ്ങൾ രക്ഷിതാക്കളുമായി സംസാരിക്കുകയും സ്കൂൾ കൗൺസിലറുടെയോ സൈക്കോളജിസ്റ്റുകളുടേയോ സഹായം തേടുകയും വേണം. ലഹരി വസ്തുക്കളോടുള്ള ആസക്തി ആരംഭത്തിൽ തന്നെ രോഗമാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സിക്കണം.




# മാതൃസ്നേഹം

**ഡോ. രജനി സുബോധ്** | ഡയറ്റ് മലപ്പുറം

ഉച്ചമയക്കത്തിലെന്റെ കുഞ്ഞിന്റെ
നെറ്റിയിൽ മുത്തിപ്പുതപ്പിച്ചുറക്കവേ
കൊച്ചരിപ്പല്ലുകൾ കാട്ടി കുസൃതിയിൽ
പൊട്ടിച്ചിരിച്ചവൻ
പെട്ടെന്നുണർന്നുവോ?
കുഞ്ഞിളം കയ്യിനാലെന്നെയാകെപ്പുണർന്നെന്റെ
മാറിൽ തലചേർത്തവൻ വയ്ക്കവേ
എന്നിലെ സ്നേഹവാത്സല്യക്കടലെല്ലാ-
മമ്മിഞ്ഞപ്പാലായ് പകർന്നു നൽകീടട്ടേ.
പിന്നിലെ ചായ്പിൻ മുകളിൽ പതിക്കുന്ന
വന്മഴത്തുള്ളികൾ താളമായ് മാറവേ
എന്മകനേതോ വിലോല നിമിഷത്തിൽ
ധന്യനായെന്നപോൽ പുഞ്ചിരി തൂകുന്നു!
കുഞ്ഞുവയറു നിറഞ്ഞു കഴിഞ്ഞെന്ന
സംതൃപ്തിയോടെയവനെയുറക്കിടാം.
നീയെന്റെ ജീവിതം സാർത്ഥകമാക്കുന്ന
ദേവാംശമല്ലയോ, നിൻ ചിരി കാണുവാൻ
കാത്തിരുന്നെത്ര നാൾ ഞാനും നിന്നച്ഛനും
കോർത്തിരുന്നെത്ര കിനാവിന്റെ മാലകൾ...
ഉറ്റവരെല്ലാമുപേക്ഷിച്ചുവെങ്കിലും
പെറ്റമ്മ പോലും പിരിഞ്ഞിരുന്നെങ്കിലും
സ്നേഹവിശ്വാസമായ് ചേർത്തുപിടിച്ചൊരാ-
താങ്ങൊന്നു മാത്രം നിറവായി നിൽക്കുന്നു
ജന്മസൗഭാഗ്യമായ് നിന്റെ പിറവിയെ
ഞങ്ങളെന്നും കരുതി സൂക്ഷിക്കവേ
മുത്തശ്ശി വാത്സല്യമെന്നും നെറുകയിൽ
മുത്തമായെന്നും നിനക്കു പതിഞ്ഞുവോ?
ചിന്തകൾ കാടുകയറുന്നുവെങ്കിലും
നിന്റെയരികിലുണ്ടെപ്പോഴുമീയമ്മ
നെഞ്ചോടു ചേർത്തു പൊതിഞ്ഞു
പിടിച്ചുകൊണ്ടെന്റെയീ പൊന്നിനെ ഞാൻ
എന്നും നിൻ കുഞ്ഞു നെറുകയിലുമ്മയായ്
എന്റെ വാത്സല്യം നിറഞ്ഞു പതഞ്ഞിടും
കുഞ്ഞിളം കയ്യാലെ നിൻ
സ്നേഹസ്പർശങ്ങളെന്നിൽ പുളകമായ്
പൊയ്തൊഴിഞ്ഞിടട്ടെ.
പെട്ടെന്നുയർന്ന മുഴക്കമെന്താവുമോ
മറ്റൊരു സീതയായ് മാറിയോ ഞാനിനി?
മണ്ണിൻ കരിമ്പടം മൂടിപ്പുതപ്പിച്ചി
ട്ടമ്മയാം ഭൂമി തഴുകുന്നു ഞങ്ങളെ
ഒരു ഗാഢനിദ്രയിൽ ഞങ്ങൾ വിലയിക്കേ
അലിവോലും തേന്മഴ രാഗമായ് പെയ്തുവോ?
ഒരു നേർത്ത ഗീതമായ്, താരാട്ടുപാട്ടായി-
ട്ടലിയട്ടെ ഞാനും കുരുന്നുമീ ഭൂമിയിൽ

**(കഴിഞ്ഞ പ്രളയത്തിൽ മലപ്പുറം കോട്ടക്കുന്നിൽ ഉണ്ടായ ദുരന്തത്തിൽ മരണമടഞ്ഞ ഡയറ്റിലെ പൂർവ്വ വിദ്യാർത്ഥിനി ഗീതുവിന്റെയും കുഞ്ഞിന്റെയും സ്മരണയിൽ എഴുതിയത്)**





# കണ്ണീർ

കെ. രാധിക | മ്യൂസിക് ടീച്ചർ

ഏഴഴകു നിറഞ്ഞൊരാ നീലമിഴികളിൽ നിന്നും
ഏതു കാരണത്താലേ നീ പിറന്നു വന്നൂ?
കാനനങ്ങൾ താണ്ടിവരാൻ,
കാറൊഴിഞ്ഞു തിളങ്ങീടാൻ
മാൻമിഴിക്കു നീയഴകു ചാർത്തി നിന്നതോ?
മണ്ണിൻ മാറിൽ മറഞ്ഞൊരു
കുഞ്ഞിനൊപ്പം പോവാതിന്നു
ജീവനിതു ബാക്കിയായതറിഞ്ഞു കൊണ്ടോ
മേലെ നിന്നു വരുമോരോ
നീർത്തുള്ളിക്കും നിന്നെപ്പോലെ
മാഴ്കുവാനേ നേരമുള്ളൂ പാരിതിൽ വന്നാൽ
കട്ടെടുത്തു അമ്മതന്റെ മാറിടവും മാലകളും
ചുട്ടുതിന്നു കലഹിക്കും മക്കളൊക്കെയും
സഹിക്കുവാൻ കഴിയാതെ ഒന്നു തേങ്ങിയെന്നേയുള്ളൂ
നീ മകളേ മിഴിനീരിൽ മുഴുകിയല്ലോ
മറഞ്ഞീടാം ഈ നിലവും ഒഴുകീടാം ഈ കുടിയും
മറയാതെ ബാക്കിയില്ലാ മണ്ണിതിലൊന്നും
നിൻ തിളക്കമൊന്നുമാത്രം
കാണുവാനെനിക്കുവയ്യ
ഞാനുമൊരു മകളല്ലേ? അമ്മയുമല്ലേ?
കദനങ്ങൾ പഴങ്കഥ, വ്യഥിതർതൻ പഴംപാട്ട്
അകലെ നീ മറയുക നിറകണ്ണീരേ
ഇവിടെയീ മനുജന്റെ മനസ്സിലെ കൊടുംകാട്ടിൽ
ഇനിയെത്ര ഉരുൾപൊട്ടൽ നടന്നാലുമേ
കരുതേണ്ട കനിവില്ലാ മനുഷ്യർക്കുമലനാട്ടിൽ
കിനിയും നീ വെറുമൊരു ജലകണമേ
മദംപൊട്ടും മനുഷ്യന്റെ കദനത്തെയെടുക്കുവാൻ
മതികെട്ട ഭ്രമങ്ങളെ ചങ്ങലക്കിടാൻ
കഴിയില്ല കുറയില്ല ഇവിടെ നീ മറഞ്ഞീടൂ
ഇമകളിൽ ഇനിയും നീ കരടാകാതെ
പുലരിയിൽ പുതുമലർ ദളങ്ങളിൽ മുത്തുപോലെ
നറുമഞ്ഞു തുള്ളിയായി തിളങ്ങിടൂ നീ



രാജ്യപുരസ്കാർ അവാർഡ് കരസ്ഥമാക്കിയ സ്കൗട്ട് & ഗൈഡ്സ് അംഗങ്ങൾ



'സി ലെവൽ' പരീക്ഷ പാസ്സായ ജെ.ആർ.സി. അംഗങ്ങൾ



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ 2018–20



# മഴ

**ഷഫ്ന കെ.പി.** | X-N

മുത്തുപോൽ കാർമേഘങ്ങൾക്കിടയിൽ നിന്ന്
ഒളിഞ്ഞുനോക്കുന്നു മണ്ണിനെയറിയാൻ
കണ്ണുനീരാൽ വീഴുന്നു
മനുഷ്യന്റെ ദാഹമകറ്റാൻ
മണ്ണിലെ ഓരോ കണ്ണിനും
സാന്ത്വനമായ്.
ജീവന്റെ ഓരോ തുടിപ്പിനും
ആശ്വാസമായ്.
കുളിരേകുന്ന കാറ്റിനെ തഴുകുന്നു
നിൻ പുഞ്ചിരിയാൽ

---

# വിടരാതെ കൊഴിഞ്ഞ പൂവ്

**ഫാത്തിമ സനിയ്യ പി.** | X-D



ഉമ്മറപ്പടിയിൽ കണ്ണുംനട്ട്
കാത്തിരിക്കുകയാണ്
ഒരു മാതൃഹൃദയം.
നീലിച്ച് ജീവനറ്റ
ആ കുഞ്ഞു ശലഭത്തെ
വാരിപ്പുണരുമ്പോൾ
ഒരു നിമിഷം, നിലച്ചുപോയിട്ടുണ്ടാകില്ലേ...
പേറ്റുനോവിന്റെ സ്പന്ദനങ്ങൾ
അറിവിന്റെ വാതായനങ്ങൾ തുറക്കേണ്ടവർ
സ്വാർത്ഥതയുടെ മുഖംമൂടിയണിഞ്ഞപ്പോൾ
അക്ഷരമെന്ന മഹനീയ ജ്യോതിതൻ ലോകം
മാളങ്ങളെ സൃഷ്ടിച്ചപ്പോൾ
എരിഞ്ഞമർന്നത്
ഹിമാലയത്തോളം വരുന്ന കനവുകളാണ്.
ഇന്നത്തെ പ്രതീക്ഷകളാണ്.
നാളെയുടെ സാക്ഷാത്കാരമാണ്.

വിടരാതെ കൊഴിഞ്ഞ
ആ പൂവ്, പുഞ്ചിരി തൂകി
പിരിഞ്ഞു നിൽക്കുകയാണ്.
മലയാളി മനസ്സുകളിൽ
മാനുഷിക മൂല്യങ്ങളിൽ
മരിക്കാത്ത മനുഷ്യഹൃദയങ്ങളിൽ
ഒരപമാനിതൻ തൻ വേദന
പ്രതിധ്വനിക്കുന്നുണ്ടിപ്പോഴും
ഈ പാവന വായുവിൽ...

# ഞാൻ ഒരു കള്ളനാണ്

**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഉറുദു കഥാരചനയിൽ എ ഗ്രേഡ് നേടിയ കഥ**

ആയിഷ തെസ്നി | X-P

അമ്മേ...എന്നോട് ക്ഷമിക്കണേ... ഞാൻ കാരണമാണ് അമ്മയ്ക്ക് ഈ അവസ്ഥ വന്നത്. ഇത് ആലോചിച്ച് കാസിം പള്ളിയുടെ വരാന്തയിൽ ഇരിക്കുകയായിരുന്നു. വിദൂരതയിലേക്ക് കണ്ണുംനട്ട് എന്തോ ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു പതിനഞ്ചുവയസ്സുകാരൻ പയ്യനെ പള്ളിയിലെ ഉസ്താദ് അപ്പോഴാണ് ശ്രദ്ധിക്കുന്നത്.

അദ്ദേഹം കുട്ടിയുടെ അടുക്കലെത്തി ചോദിച്ചു. എന്താ കുട്ടി ഇവിടെ ഇരിക്കുന്നത്?

അവൻ ഉസ്താദിന്റെ മുഖത്തേക്ക് നോക്കി. ഒന്നും മിണ്ടാതെ തലതാഴ്ത്തി. മറുപടിയൊന്നും കിട്ടാത്തതിനാൽ വീണ്ടും ഉസ്താദ് ചോദ്യം തുടർന്നു.

എന്താ കുട്ടിയുടെ പേര്? ആദ്യമായിട്ടാണോ ഇവിടെ വരുന്നത്?

ചോദ്യം വീണ്ടും തുടർന്നപ്പോൾ കാസിം പതുക്കെ തലയുയർത്തി നോക്കി. ഉസ്താദിന്റെ മുഖത്തെ പ്രസന്നതയും തെളിച്ചവും കണ്ട് കളവ് പറയാനായില്ല.

ഞാൻ കാസിം. എന്റെ വീട് അടുത്ത ഗ്രാമത്തിലാണ്. പിന്നെ ഒന്നും പറയാൻ കഴിഞ്ഞില്ല.

ഉസ്താദിന്റെ ചോദ്യം വീണ്ടും. നീ ഒറ്റക്കാണോ? കുട്ടിയുടെ കൂടെ ആരുമില്ലേ? നിന്റെ അച്ഛനും അമ്മയുമൊക്കെ എവിടെ?

അവൻ താല താഴ്ത്തിക്കൊണ്ട് പറഞ്ഞു. എന്റെ വീട് അടുത്ത ഗ്രാമത്തിലാണ്. പിതാവ് രണ്ട് വർഷം മുമ്പ് ഒരു അക്സിഡന്റിൽ ഞങ്ങളെ വിട്ടുപിരിഞ്ഞു. അമ്മ.... ബാക്കി പറയാൻ അവനായില്ല.

കാസിമിന്റെ കണ്ണിൽ നിന്നും അടർന്നുവീഴുന്ന ഓരോ തുള്ളി കണ്ണുനീരും അവനിൽ ഉണ്ടായ കുറ്റബോധം വിളിച്ചുപറയുന്നുണ്ടായിരുന്നു. ഉസ്താദ് പള്ളിയിലെ ജോലിക്കാരനായ അബ്ദുവിനോട് അല്പം വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. കൊണ്ടുവന്ന വെള്ളം ഒറ്റ വലിക്ക് കുടിച്ച് ദാഹം തീർത്ത കാസിമിനെ തലോടിക്കൊണ്ട് ചോദിച്ചു.

എന്തുപറ്റി നിന്റെ ഉമ്മാക്ക്? എവിടെ നിന്റെ ഉമ്മ?

ഉസ്താദേ, ബാങ്ക് വിളിക്കാൻ സമയമായി. പള്ളിയിൽ ആളുകൾ വരാൻ തുടങ്ങിയിരിക്കുന്നു. കാസിമിനോടുള്ള ചോദ്യത്തിനിടയിൽ അബ്ദു ഓർമ്മപ്പിച്ചു.

ഉസ്താദ് തന്റെ വാച്ചിലേക്ക് നോക്കി. ശരിയാണ്. സമയം ആറുമണി കഴിഞ്ഞിരിക്കുന്നു. ഞാൻ ബാങ്ക് വിളിക്കാൻ പോവുകയാണ്. നിസ്കാരം കഴിഞ്ഞുവരുന്നത് വരെ നീ ഇവിടെ തന്നെ ഇരിക്കണം. എവിടെയും പോകരുത്. എന്ന് പറഞ്ഞ് വുളൂ എടുക്കാനായി ഉസ്താദ് പോയി.

അവൻ താടിക്ക് കൈകൊടുത്ത് രണ്ട് ദിവസം മുമ്പ് നടന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാൻ തുടങ്ങി.

കാസിം പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. രണ്ട് വർഷം മുമ്പ് അച്ഛന്റെ പെട്ടെന്നുണ്ടായ മരണത്തെ തുടർന്ന് കുടുംബത്തിന്റെ മുഴുവൻ ഭാരവും അമ്മയുടെ തലയിലായി. അമ്മ ഫാത്വിമ തന്റെ മകനെ അച്ഛനില്ലാത്ത ദുഖം അറിയിക്കാതെ ടൗണിലുള്ള ഒരു ടെക്സ്റ്റയിൽസിൽ പണിയെടുത്ത് ജീവിതം തള്ളിനീക്കി. മകന്റെ പഠനകാര്യത്തിൽ അതീവ ശ്രദ്ധയുള്ളആ ഉമ്മ ഒരു പ്രയാസവും അവനെ അറിയിച്ചില്ല.

കാസിം പഠനത്തിൽ മികവ് പുലർത്തിയിരുന്നു. എല്ലാ പരീക്ഷകളിലും ക്ലാസിലും സ്കൂളിലും അവൻ തന്നെയായിരുന്നു മുന്നിൽ. മറ്റു കുട്ടികൾക്ക് ഒരു മാതൃകാ വിദ്യാർത്ഥി കൂടിയായിരുന്നു കാസിം. ഉമ്മ പ്രയാസപ്പെടുന്നത് കാണുമ്പോൾ ഒഴിവ് സമയങ്ങളിൽ അവന് വെറുതെയിരിക്കാൻ കഴിയില്ല. അമ്മയെ സഹായിക്കാനായി ഒഴിവ് ദിവസങ്ങളിൽ കടയിൽ പോവുക പതിവായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂളിലേക്ക് പോകുമ്പോൾ മുമ്പിൽ പോകുന്ന കുട്ടിയുടെ കയ്യിലെ വാച്ചിലായി അവന്റെ ശ്രദ്ധ. എന്തോ



ഒരിഷ്ടം ആ വാച്ചിനോട് അവന് തോന്നി. എങ്ങനെയെങ്കിലും അതുപോലെയുള്ള ഒരു വാച്ച് വാങ്ങിത്തരാൻ അമ്മയോട് പറയണം. ക്ലാസിലിരിക്കുമ്പോഴും ഈ കാര്യം അവനെ അലട്ടിക്കൊണ്ടിരുന്നു. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലെത്തുമ്പോൾ അമ്മ വരാന്തയിൽ തന്നെ ഉണ്ടായിരുന്നു. ചരിച്ചുകൊണ്ട് വരുന്ന കാസിമിനെ കണ്ട ഫാത്വിമ ചോദിച്ചു. എന്താ മോനേ നിന്റെ മുഖത്തൊരു വലിയ സന്തോഷം?

ഉമ്മാ.. എനിക്കൊരാഗ്രഹം. എന്റെ ആഗ്രഹം നടത്തിത്തരുമോ?

എന്താ ആഗ്രഹം? ഫാത്വിമ ആശങ്കയോടെ ചോദിച്ചു.

അല്ല ഉമ്മാ... എനിക്ക് ഒരു വാച്ച് വാങ്ങി തരണം.

ഇതാണോ നിന്റെ ആഗ്രഹം. ഞാൻ ആകെ പേടിച്ചു പോയി. വാച്ച് ഞാൻ വാങ്ങിച്ചു തരാം. പക്ഷെ നിന്റെ പത്താം ക്ലാസ് റിസൾട്ടിന് ശേഷം. ഉമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു.

ഉമ്മയുടെ ഈ വാക്ക് കേട്ടപ്പോൾ ഒന്നും മിണ്ടാതെ അവൻ മുറിയിലേക്ക് പോയി. അവനറിയാം അമ്മയ്ക്ക് വാങ്ങിത്തരാൻ കഴിയില്ലെന്ന്.

പിറ്റേദിവസം ക്ലാസ് റൂമിൽ ചെന്നപ്പോൾ തന്റെ കൂട്ടുകാരന്റെ റാമിന്റെ കയ്യിലും ഇന്നലെ ഞാൻ കണ്ട അതേ വാച്ച്. കൂട്ടുകാരന്റെ കൈയ്യിലും ഇത് കണ്ടപ്പോൾ അവന്റെ വാച്ചിനോടുള്ള പ്രിയം ഒന്നുകൂടി കൂടി.



റാമിന്റെ അടുത്ത് ചെന്ന് ഒന്നുകൂടി സൂക്ഷിച്ചുനോക്കി. എന്ത് ഭംഗി. അച്ഛനുണ്ടായിരുന്നെങ്കിൽ എന്റെ കയ്യിലും....

റാം ഇതിനു എന്താ വില? എവിടുന്നാ വാങ്ങിച്ചത്?

കാസിമിന്റെ ചോദ്യം കേട്ട റാം പരിഹാസത്തോടെ, ഈ വാച്ചിനോ, ഇത് എന്റെ അച്ഛൻ വിദേശത്തുനിന്നും കണ്ടുവന്നതാ. നീ ഇത് മോഹിച്ചിട്ട് കാര്യമില്ല. ഭയങ്കര പൈസയാ.

റാമിന്റെപ രിഹാസംന റിഞ്ഞവ ാക്കുകൾ കേട്ടപ്പോൾ അവന്റെ കണ്ണുനിറഞ്ഞു. ഒന്നും മിണ്ടാതെ കാസിം തന്റെ സ്ഥലത്തുപോയി ഇരുന്നു.

സ്കൂൾ വിട്ട് വീട്ടിലെത്തിയപ്പോൾ അമ്മ വരാന്തയിൽ തന്നെ ഉണ്ടായിരുന്നു. അമ്മയോട് വീണ്ടും ചോദിക്കണമെന്നുണ്ട്. പക്ഷെ ചോദിക്കാൻ തോന്നിയില്ല. ഒന്നും മിണ്ടാതെ തന്റെ റൂമിലേക്ക് പോയി.

അടുത്ത ദിവസം കാസിമിന് അവധിയായിരുന്നു. അമ്മയെ സഹായിക്കാനായി അവർ കടയിൽ പോയി. കടയിൽ പതിവിലും കൂടുതൽ തിരക്കായിരുന്നു അന്ന്. അവൻ അമ്മയെ സഹായിച്ചുകൊണ്ടിരിക്കെ ഒരു വലിയ മുതലാളിയാണെന്ന് തോന്നിക്കുന്ന ഒരാൾ കടയിൽ വന്നു. കാസിം അയാളുടെ കയ്യിലും താൻ ആഗ്രഹിച്ച അതേ വാച്ച് കാണാൻ ഇടയായി. അവന്റെ മുഴുവൻ ശ്രദ്ധയും ആ വാച്ചിലേക്കായിരുന്നു. ഡ്രസ്സ് നോക്കിക്കൊണ്ടിരിക്കെ ഒരു കുപ്പായം ഇട്ടുനോക്കാനായി തന്റെ വാച്ച് അയാൾ അവിടെ അഴിച്ചുവെച്ചു. ഇത് കാസിം ശ്രദ്ധിച്ചു. അവൻ ആ വാച്ചിലേക്ക് നോക്കിക്കൊണ്ടിരുന്നു. പെട്ടെന്ന് അവന്റെ മനസ്സിൽ ഒരു തെറ്റുകാരൻ ഉണർന്നു.ച റ്റുപാടുംേ നാക്കി.ആ രുംഅ വനെ ശ്രദ്ധിക്കുന്നില്ല. ഇത് തന്നെയാണ് തക്കം. വാച്ച് തന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ആരും തന്നെ ശ്രദ്ധിക്കുന്നില്ലെന്ന് മനസ്സിലാക്കിയ അവൻ പതുക്കെ ആ വാച്ച് പോക്കറ്റിലിട്ടു. അമ്മേ, എനിക്ക് കൂട്ടുകാരന്റെ വീട്ടിൽ പോകാനുണ്ട്. ഞാൻ പോകുകയാണ് എന്നും പറഞ്ഞു അവൻ വേഗത്തിൽ കടയിൽ നിന്നും നിന്നും ഇറങ്ങി.

ആരും കാണാതെ അവനെ നോക്കുന്ന സി. സി.ടി.വി. ക്യാമറ കണ്ണുകൾ അവൻ ശ്രദ്ധിച്ചതേയില്ല. കാസിം നേരെ പോയത് തന്റെ വീട്ടിലേക്കായിരുന്നു. റൂമിൽ കയറി കീശയിൽ നിന്നും വാച്ചെടുത്ത് തിരിച്ചും മറിച്ചും നോക്കി. ഹായ് നല്ല ഭംഗി. സന്തോഷം അടക്കാൻ സാധിച്ചില്ല. വാച്ച് തന്റെ കയ്യിൽ അണിഞ്ഞു. അതിന്റെ ഭംഗി നോക്കി ആസ്വദിച്ചിരുന്നു.

വൈകുന്നേരമായി. അമ്മയെയും കാത്ത് വരാന്തയിലിരുന്നു. അവന്റെ ഉള്ളിലെ തെറ്റുകാരൻ കള്ളം പറയാൻ പഠിപ്പിക്കുകയായിരുന്നു. അമ്മയോട് എന്ത് പറയും? അങ്ങനെ പലതും അവൻ ആലോചിച്ചുകൊണ്ടിരുന്നു. നേരം ഇരുട്ടിയിട്ടും അമ്മ ഫാത്വിമയെ കാണാതായപ്പോൾ അവന്റെ ഉള്ളിൽ ഭയം കൂടിക്കൂടി വന്നു. മഗ്‌രിബ് ബാങ്ക് കൊടുത്തിട്ടും തന്റെ അമ്മയെ കാണാതായപ്പോൾ ഭയം ഇരട്ടിയായി. വരാന്തയിൽ ഇരുന്നു പലതും ആലോചിക്കാൻ തുടങ്ങി. എന്റെ അമ്മക്ക് എന്തെങ്കിലും.

പെട്ടെന്ന് ഒരു വാഹനം കത്തുന്ന വെളിച്ചവുമായി വേഗത്തിൽ തന്റെ വീടിന്റെ മുറ്റത്ത് വന്നു നിന്നു. പോലീസുകാരൻ വണ്ടിയിൽ നിന്നും ഇറങ്ങുന്നത് കണ്ട കാസിമിന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങി. കേറടാ... വണ്ടിയിൽ എന്നുപറഞ്ഞു കാസിമിനെ രണ്ട് പോലീസുകാർ വണ്ടിയിലേക്കെടുത്തിട്ടു. ഭയം കാരണം ഒന്നും പറയാനുള്ള ധൈര്യം ഇല്ലായിരുന്നു. അവനെയും കൊണ്ട് വാഹനം നേരെ പോയത് പോലീസ് സ്റ്റേഷനിലേക്കാണ്. സ്റ്റേഷനിൽ എത്തി വണ്ടിയിൽ നിന്നും പോലീസുകാർ അവനെ സ്റ്റേഷനിലേക്ക് വലിച്ചിട്ടു. അമ്മയും ആ വാച്ചിന്റെ ഉടമസ്ഥനും സ്റ്റേഷനിൽ ഇരിക്കുന്നുണ്ടായിരുന്നു.

അമ്മയെ കണ്ട കാസിം തല താഴ്ത്തി.

ഇതുവരെ സ്നേഹത്തോടെ മാത്രം വിളിച്ച അമ്മ അലറി. ഡാ... ഇങ്ങോട്ടു വാടാ... നീ എന്ത് കരുതിയാ.. ഈ മനുഷ്യന്റെ വാച്ചെടുത്തത്. ഇതാരാണെന്ന് നിനക്കറിയുമോ?

കുറ്റബോധത്തോടെ അവൻ തലയുയർത്തി. അമ്മയുടെ മുഖത്തേക്ക് നോക്കി. വെറുപ്പോടെയുള്ള അമ്മയുടെ നോട്ടം കണ്ട പ്പോൾ കണ്ണുകൾ നിറഞ്ഞു. അമ്മേ... ഞാൻ.

ബലമായി അവന്റെ കയ്യിൽ നിന്നും വാച്ച് വാങ്ങി അയാൾക്ക് നൽകിക്കൊണ്ട് എസ്.ഐ. നീ ചെയ്ത തെറ്റിന് ശിക്ഷ നിനക്കല്ല. നിന്റെ അമ്മയ്ക്കാണ്. കാരണം അവരാണല്ലോ നിന്നെ ഇത് പഠിപ്പിച്ചത്. അതുകൊണ്ട് നിന്റെ തള്ള ഇവിടെ കിടക്കട്ടെ എന്നും പറഞ്ഞ് അമ്മയെ സെല്ലിനുള്ളിലേക്ക് തള്ളി. അമ്മ സങ്കടം ഉള്ളിലൊതുക്കി മുഖം പൊത്തി കരഞ്ഞു.

തറയിലിരുന്ന് കരയുന്ന തന്റെ അമ്മയെ കണ്ടപ്പോൾ പോലീസുകാരെ കടിച്ചുകീറാനുള്ള ദേഷ്യം ഉള്ളിലുണ്ടായിരുന്നു. ഒന്നും പറയാൻ കഴിഞ്ഞില്ല.

പോലീസുകാർ അവനെ സ്റ്റേഷനിൽ തന്നെ ഇരുത്തി. മറ്റെന്തോ കാര്യത്തിൽ ചർച്ചയിലായപ്പോൾ തന്നെ ശ്രദ്ധിക്കുന്നില്ലെന്ന് മനസ്സിലാക്കിയ കാസിം സ്റ്റേഷനിൽ നിന്നും ഇറങ്ങി ഓടി. കിട്ടിയ വണ്ടിയിൽ കയറി....

ഉസ്താദ് നിസ്കാരം കഴിഞ്ഞ് നേരെ വന്നത് അവന്റെ അടുത്തേക്കായിരുന്നു. ഇനി പറ മോനേ... എന്താ സംഭവിച്ചത്?

അവന് ഒന്നും മറച്ചുവെക്കാൻ തോന്നിയില്ല. ഉണ്ടായ സംഭവം തുറന്ന് പറഞ്ഞു. കഥ കേട്ട ഉസ്താദ് കാസിമിനെ തലോടിക്കൊണ്ട് പറഞ്ഞു. മോനേ, തെറ്റ് എല്ലാവർക്കും സംഭവിക്കും. നീ അത് കാര്യമാക്കേണ്ട. നാളെ നേരം വെളുക്കട്ടെ. നമുക്ക് നിന്റെ വീട്ടിൽ പോയി അമ്മയോട് മാപ്പ് ചോദിക്കാം. ഉസ്താദിന്റെ സ്നേഹം നിറഞ്ഞ ആ വാക്കുകൾ കേട്ടപ്പോൾ ഏറെ സമാധാനമായി. ആ രാത്രി ഉസ്താദിന്റെ കൂടെ കഴിച്ചുകൂട്ടി.

അടുത്ത ദിവസം ഉസ്താദിനോടൊപ്പം കാസിം തന്റെ വീടിന് മുമ്പിലെത്തിയപ്പോൾ കുറെ ആളുകൾ മുറ്റത്ത് കൂടിനിൽക്കുന്നു. ഭയത്തോടെ കാസിം ഉസ്താദിന്റെ മുഖത്തേക്ക് നോക്കി. ഒരാളെ വിളിച്ചു ഉസ്താദ് കാര്യം തിരക്കി.

എന്താ ഇവിടെ ഒരാൾക്കൂട്ടം?

അത് ആ വീട്ടിലെ സ്ത്രീ ആത്മഹത്യ ചെയ്തതാ... ആ വീട്ടിൽ അവരും മകനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ മകൻ ഏതോ ഒരു വലിയ ആളുടെ വാച്ച് മോഷ്ടിച്ചതിന് പോലീസ് പിടിച്ചു. മകൻ എങ്ങോട്ടോ പോയി. ഇതിന്റെ നാണക്കേട് കാരണം ആ പാവം സ്ത്രീ ആത്മഹത്യ ചെയ്തു.

ഈ വാക്കുകൾ കാസിമിന് താങ്ങാനായില്ല. അവൻ ഓടിച്ചെന്ന് തന്റെ അമ്മയുടെ കാൽക്കൽ വീണു പൊട്ടിക്കരഞ്ഞു. ചേതനയറ്റ അമ്മയുടെ ശരീരത്തിൽ കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു. ഉസ്താദിനും മറ്റുള്ളവർക്കും ആ കാഴ്ച കണ്ടുനിൽക്കാൻ കഴിഞ്ഞില്ല.

അമ്മയുടെ മരണാനന്തര ചടങ്ങുകൾ കഴിഞ്ഞു.

സന്താന ഭാഗ്യമില്ലാത്ത ഉസ്താദ് അവനെയും കൂട്ടി നടന്നു. വിഷമിക്കേണ്ട നിനക്ക് ഞാനുണ്ട്. കാസിമിനെ സ്വന്തം മകനായി ഉസ്താദ് കണ്ടു. പഠിപ്പിച്ചു. വളർത്തി. ഇന്ന് അവൻ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാണ്. തനിക്കുകിട്ടുന്ന വേദിയിൽ മുഴുവനും ഇങ്ങനെ പറഞ്ഞാണ് അവൻ തന്റെ പ്രസംഗം അവസാനിപ്പിക്കാറ്.

"ഞാൻ ഇന്നും ഒരു പരാജിതനാണ്. ക്ഷമ ചോദിക്കാനുള്ള അവസരം പോലും എനിക്ക് ദൈവം തന്നില്ല. അമ്മയുടെ മനസ്സിൽ ഇന്നും ഞാനൊരു കള്ളനാണ്. അമ്മേ എന്നോട് ക്ഷമിക്കൂ..."

## മുഖമെവിടെ

**വെട്ടം ഗഫൂർ**

പുലർച്ചെയിൽ
ഉറക്കച്ചടവോടെ
കണ്ണുതിരുമ്മിയുണരാൻ
നോക്കിയപ്പോൾ
എന്റെ മുഖം കാണാനില്ല...
കിടക്കുമ്പോൾ
കഴുത്തിൽ തന്നെയുണ്ടാർന്നു.
എലി കടിച്ചതാണോ?
അറിയില്ല.
വീട്ടിലും കാട്ടിലും മേട്ടിലും
അയൽപക്കത്തുമെല്ലാം
തിരഞ്ഞുനോക്കി.
കാണുന്നില്ല.
മുഖമില്ലാതെ
മായം ചേർത്ത്
ചിരിക്കുന്നതെങ്ങിനെ?
തൽക്കാലം,
പുതപ്പിനുള്ളിൽ തന്നെ
ചുരുണ്ടുകിടക്കാം
ആരുമറിയേണ്ട.

# കേരളം നന്മയുടെ മാതൃക

ആഷ്ന ജബിൻ | X-O

**ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ എഗ്രേഡും മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ ഉർദു ഉപന്യാസം**

'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന നമ്മുടെ കൊച്ചുകേരളം ദൈവകൃപയാൽ തന്നെ നന്മയുടെ കാര്യത്തിലും ലോക പ്രശസ്തമാണ്. ഏതൊരു പ്രതിസന്ധിയെയും ഒറ്റക്കെട്ടായി നേരിടാൻ നമ്മൾ മലയാളികൾ തയ്യാറാണിന്ന്. ഇനി ജാതി-മത കാര്യമെടുത്താലും അങ്ങനെ തന്നെ. എല്ലാവരെയും ഒരുപോലെ കാണുന്നു. ഒത്തൊരുമിച്ച് നാം ജീവിക്കുന്നു.

പരസ്പര സ്നേഹവും കൂടപ്പിറപ്പിന്റെ സന്തോഷത്തിലും ദുഖത്തിലും പങ്കുചേരാനുള്ള നമ്മുടെ കേരളീയരുടെ മനസ്സാണ് ഇവിടുത്തെ ഏറ്റവും വലിയ സമ്പാദ്യം. പരസ്പരം മനസ്സിലാക്കി ഒത്തൊരുമിച്ചുള്ള നമ്മുടെ ജീവിതം ആരിലും അസൂയ ഉണർത്തും.

പ്രകൃതി വൈവിധ്യത്തിന്റെ കാര്യത്തിലും കേരളം ഒട്ടും പിറകിലല്ല. മലനാടും ഇടനാടും തീരപ്രദേശവും ഉൾക്കൊണ്ടതാണ് നമ്മുടെ കേരളത്തിന്റെ ഭൂപ്രകൃതി. നദികൾക്ക് നദികളും മലകൾക്ക് മലകളുമെല്ലാം നിറഞ്ഞതാണ് നമ്മുടെ കേരളം. പതിനാല് ജില്ലകളിലെയും പതിനാല് രീതിയിലുള്ള മലയാള ഭാഷാരീതി തന്നെ നമ്മിൽ കൗതുകമുണർത്തുന്നു. ഏതൊരാഘോഷമാണെങ്കിലും നാം കൈമെയ് മറന്ന് ഒരുമിച്ച് ആർത്തുല്ലസിക്കുന്നു.

ഏതൊരു പ്രതിസന്ധിയിലും ഒറ്റക്കെട്ടായി നാം കേരളീയർ നിലനിൽക്കുന്നു. അതാണ് നമ്മുടെ ഏറ്റവും വലിയ കരുത്ത്. 'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന ചൊല്ലുപോലെ തന്നെ നാം ഒരുപാട് പ്രതിസന്ധിഘട്ടങ്ങൾ ഒത്തൊരുമിച്ച് തരണം ചെയ്തിട്ടുണ്ട്.അ തിൽഏ റ്റവുംമ ഹത്തമായതും കേരളക്കര ഏറ്റവും കൂടുതൽ ദുരിതം പേറിയതുമാണ് കഴിഞ്ഞ രണ്ട് വർഷങ്ങളിലായുണ്ടായ പ്രളയങ്ങൾ.

ആ പ്രളയകാലത്ത് നമുക്ക് ഒരുപാട് നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒരുപാട് സഹായങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേരളത്തിനകത്ത് തന്നെ നാം പരസ്പരം ഒരുപാട് സഹായിച്ചിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർക്ക് വീടും ധനസഹായമായിട്ടും ഒക്കെ നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിലേക്കും പലരും സഹായങ്ങൾ നൽകിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളുമെല്ലാം പലരും ദാനം ചെയ്തു. അതിൽ നാം ഇപ്പോഴും ഓർക്കുന്ന ഒരാളാണ് എറണാകുളത്തെ തെരുവിൽ വസ്ത്രവ്യാപാരം നടത്തുന്ന നൗഷാദ്. തന്റെ അടുത്തേക്ക് ദുരിതാശ്വാസ നിധിയിലേക്ക് സഹായമഭ്യർത്ഥിച്ച് ആളുകൾ വന്നപ്പോൾ തന്റെ കടയിലുണ്ടായിരുന്ന മുഴുവൻ വസ്ത്രങ്ങളും അയാൾ നൽകി. ഇതുപോലെ ഒരുപാട് പേർ സഹായിച്ചിട്ടുണ്ട്. വീട് വെക്കാൻ സ്ഥലം നൽകിയും കാഷ് നൽകിയും തങ്ങളുടെ വീട് വരെ ദുരിതാശ്വാസ ക്യാമ്പായി മാറ്റിയവർ വരെ നമുക്കിടയിലുണ്ട്.

ഈയൊരവസരത്തിൽ മാത്രമല്ല, ഓരോരോ പ്രതിസന്ധിഘട്ടങ്ങളിൽ നാം നമ്മുടെ സഹജീവികളെ സ്നേഹിക്കാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും ശ്രമിക്കുന്നു. പല യുവജന സംഘടനകളും മറ്റും ഈ രംഗത്ത് സജീവമായി പ്രവർത്തിച്ചു. പെയിൻ & പാലിയേറ്റീവ് പ്രവർത്തകരും ഇതിന് ഏറ്റവും വിലയ മാതൃകയാണ്. സ്വന്തക്കാരൊന്നുമില്ലാത്ത ഒട്ടനവധി വയോധികർക്ക് ഒരാശ്വാസമാണ് ഇവരെ പോലുള്ള സന്നദ്ധപ്രവർത്തകർ.

ഇത്രയൊക്കെ പറയുമ്പോൾ നാം എടുത്തുപറയേണ്ട ഒരാളാണ് ഫിറോസ് കുന്നുംപറമ്പിൽ. കേരളത്തിനകത്തും പുറത്തുമായി ഒരുപാട് ആളുകൾക്ക് താങ്ങും തണലുമായിട്ടുണ്ട് ഇദ്ദേഹം. അതുപോലെ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ സ്വദേശിയായ മുഹമ്മദ് ശിഹാബിന് ജന്മനാ കൈകാലുകൾ ഇല്ലായി



രുന്നു. ഡോക്ടർമാർ ഒരിക്കലും എഴുന്നേൽക്കില്ല എന്ന് വിധിയെഴുതി. എന്നിട്ടും മനക്കരുത്തിന്റെ ശക്തിയിൽ അദ്ദേഹം വളർന്നു. ഇന്ന് നന്മയുടെ, അറിവിന്റെ പ്രകാശം പരത്തുന്ന ഒരു പ്രസ്ഥാനം. ഇദ്ദേഹത്തെപ്പോലെ തന്നെ സ്വന്തം വൈകല്യങ്ങൾ മറന്ന് മറ്റുള്ളവരുടെ നന്മക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരുപാട് പേർ നമ്മുടെ ഈ കൊച്ചു കേരളത്തിലുണ്ട്.

**മതസൗഹാർദ്ദം**

മത സൗഹാർദ്ദത്തിന്റെ കാര്യമെടുത്താലും കേരളം നല്ലൊരു മാതൃകയാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നാണ് കേരള നവോത്ഥാനത്തിന്റെ പിതാവ് ശ്രീനാരായണ ഗുരു പറഞ്ഞിരിക്കുന്നത്. അതും ഇന്ന് ഏറെക്കുറെ ശരിയാണ്. ജാതി, മത വേർതിരിവില്ലാതെയാണ് നാമിന്ന് ഇവിടെ ജീവിക്കുന്നത്. എന്നാൽ നമ്മിൽ ചിലർ മാത്രം മതങ്ങൾ തമ്മിൽ കലഹങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു. പക്ഷേ ഇതുപോലെയുള്ള ചിലരുടെ പ്രവർത്തനങ്ങൾ കൊണ്ട് നമുക്കൊരിക്കലും ഒരു സമൂഹത്തെ മുഴുവൻ കുറ്റപ്പെടുത്താൻ സാധിക്കില്ല. അതിന് ആരും തന്നെ യോഗ്യരുമല്ല.

എല്ലാ മതസ്ഥരും ഒരുപോലെ എല്ലാവരുടെയും ആഘോഷങ്ങൾ ഒരുപോലെ കൊണ്ടാടുന്നു. ഓണവും പെരുന്നാളും ക്രിസ്തുമസും എല്ലാം വലിയ സന്തോഷത്തോടെയാണ് എല്ലാവരും വരവേൽക്കുന്നത്. സ്കൂളുകളിലും കോളേജുകളിലുമെല്ലാം ഒരുമയുടെ ഒരന്തരീക്ഷമാണ് കാണാൻ സാധിക്കുക. ഹിന്ദുവും മുസ്ലിമും ക്രിസ്ത്യനുമെല്ലാം ഒരുമിച്ചിരുന്ന് ഒരു ഇലയിൽ ഭക്ഷണം കഴിക്കുന്നു. ഇതെല്ലാം മലയാള മനസ്സിന്റെ നന്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

നോമ്പ് കാലത്ത് തന്റെ ചുറ്റുമുള്ള വീട്ടുകാരായ മുസ്ലിം കുടുംബങ്ങൾക്ക് കൂടി വിവാഹ വിരുന്നിൽ പങ്കെടുക്കാൻ വേണ്ടി ഒരു ഹിന്ദു സുഹൃത്ത് തന്റെ മകളുടെ വിവാഹവിരുന്ന് ഇഫ്താർ സമയത്ത് നടത്തി. നബിദിന റാലിയിൽ ശബരിമലയിൽ പോകാൻ മാലയിടുന്നവർ മധുരം നൽകുന്ന വീഡിയോകളും മറ്റും സമൂഹ മാധ്യമങ്ങളിൽ വൈറലാണ്. പ്രളയ കാലത്ത് ജാതിമത വേർതിരിവില്ലാതെ അമ്പലങ്ങളും പള്ളികളും ചർച്ചുകളുമൊക്കെ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചു. അന്നവർ ഒരേ കിടക്കയിൽ അന്തിയുറങ്ങി. ചർച്ചുകളിലും അമ്പലങ്ങളിലും ജുമുഅ നിസ്കരിച്ചു. ദേവാലയ നിർമ്മാണത്തിന് ഫണ്ടും സ്ഥലവുമൊക്കെ എല്ലാവരും വേർതിരിവില്ലാതെ ദാനം ചെയ്തു.

ഇതുപോലെ നാമറിയാതെ പോകുന്ന ഒരുപാട് കാര്യങ്ങൾ ഇന്ന് നമുക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. പലരും പേരിനും പ്രശസ്തിക്കും വേണ്ടിയല്ല, സഹജീവികളോടുള്ള സ്നേഹം, കരുണ ഇവ ഉള്ളതുകൊണ്ടാണ് ചെയ്യുന്നത്. ഏതൊരു സംരംഭത്തിനും നാം നമ്മളാൽ കഴിയുന്ന വിധം പ്രോത്സാഹിപ്പിക്കണം. അത് നന്മയുടെ പാതയിലാണെങ്കിൽ. ഇനിയും ഒരുപാട് നമുക്ക് കേരള നന്മയെക്കുറിച്ച് പറയാനുണ്ട്. പക്ഷേ ഇതൊന്നും അറിയാത്ത കേരളത്തിന് പുറത്തുള്ളവർ കേരളത്തെ വർഗ്ഗീയവാദികളുടെയും മറ്റും നാടായി കണക്കാക്കുന്നു. ഏതൊരു പ്രതിസന്ധി ഘട്ടത്തെയും ഒറ്റക്കെട്ടായി നിന്ന് തരണം ചെയ്യാൻ നാം സന്നദ്ധരാണ്. മറ്റു രാജ്യങ്ങളെയും സംസ്ഥാനങ്ങളെയും ഒക്കെ വെച്ച് താരതമ്യം ചെയ്യുമ്പോൾ നമ്മുടെ കൊച്ചുകേരളം നന്മയുടെ പ്രതീകമായി നിലകൊള്ളുന്നു.

---

## ഭംഗി

**മുസ്താഖ്** | സയൻസ് വിഭാഗം

ദൈവത്തെ അറിയുന്നുനാം പല രീതിയിൽ
മഴയായ്, പൂക്കളായ്, കടലായ്, തണലായ്
ദൈവമേ എന്തൊരു ചന്തമാ നിന്റെ ഭൂമിക്ക്
കണ്ടിട്ടും കണ്ടിട്ടും മതി വരുന്നില്ലല്ലോ...
മടുക്കില്ലൊരിക്കലും ആഴിയെ നോക്കിയാൽ
അമ്പിളി മാമനെ നോക്കി കിടന്നാൽ
വർണ്ണിക്കാനാവുമോ മഴവില്ലിന്നഴക്
പരിമളം തൂകീടും പനിനീർ പൂവഴക്
ദൈവമേ എന്തൊരു ഭംഗിയാ നിന്റെ ഭൂമിക്ക്
ജീവിച്ച് ജീവിച്ച് കൊതി തീരുന്നില്ല...



**ഇർഫാന ഒ.പി.** | X-M



# നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനുഷിക മൂല്യങ്ങൾ

സിനു ഷഹ്മ | IX-C

മണ്ണിൽ നിന്ന് രൂപം പ്രാപിച്ച മനുഷ്യൻ ചിന്തയ്ക്കും സംസാരത്തിനും സ്വാതന്ത്ര്യം നൽകിയ ദൈവത്തിന്റെ ഏകസൃഷ്ടി. എന്നിട്ടും മനുഷ്യൻ ഇന്നിന്റെ നോവുകൾ മാത്രം രചിക്കുന്നു. മനുഷ്യന്റെ കാര്യം എത്ര അത്ഭുതകരം.!

ആധുനിക വത്കരണം എന്ന വികസന പരിപാടി ലോകമെമ്പാടും വികസിച്ചപ്പോൾ, അത് തകർത്തത് ഒരു ജനതയുടെ സംസ്കാരമാണ്. മണ്ണിൽ കിളച്ച് ജീവിതം നെയ്തെടുക്കുന്ന കേരള ചരിത്രമാണ് നമ്മൾ ഓരോരുത്തരും പഠിച്ചത്. എന്നാൽ ഇന്ന് മണ്ണും പ്രകൃതിയും മനുഷ്യന് അന്യം.മ ാനുഷികമ ൂല്യങ്ങൾപ ലതുണ്ടെങ്കിലും മണ്ണ് മാനുഷിക മൂല്യമാണോ എന്ന കാര്യം പോലും സംശയകരമാണ്. ഇത് മറ്റൊന്നും കൊണ്ടല്ല, മണ്ണിൽ നിന്നുള്ള മനുഷ്യന്റെ അകൽച്ച മാത്രമാണ് എന്ന് നിസംശയം നമുക്ക് പറയാൻ കഴിയും. ഇന്നിന്റെ നോവുകൾ നെയ്തെടുത്ത മനുഷ്യൻ തകർത്തത് വെറുമൊരു സംസ്കാരം മാത്രമല്ല, ചിറകുള്ള സ്വപ്നങ്ങളെക്കൂടിയാണ്. പരസ്പര വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും പടുകൂറ്റൻ മതിൽ പണിത നമ്മൾ ഇന്നെങ്ങനെ അധഃപതിച്ചുപോയി. ക്രൂരതയുടെയും അസഹിഷ്ണുതയുടെയും വെറും ചൊല്ലായി മാറാൻ ഇന്നെന്താണ് കാര്യം? അഹിംസ എന്നുറക്കെ വിളിച്ചുപറഞ്ഞ ജനിതക പാരമ്പര്യമുള്ള നമ്മളെ തകർത്തത് ആരാണ്? എന്നുള്ള ചോദ്യങ്ങൾ നമുക്ക് നേരെ വിരൽ ചൂണ്ടുമ്പോൾ അതിന് ഒരൊറ്റ ഉത്തരമേയുള്ളു മനുഷ്യൻ എന്ന മഹാസൃഷ്ടി. ഇന്ത്യയിലുടനീളം കൊള്ളയും കൊലവിളിയുമായി മാറാൻ കാരണം മനുഷ്യന്റെ സ്വത്തിനോടും പദവിയോടുമുള്ള അടങ്ങാത്ത മോഹമാണ് എന്ന് നമുക്ക് ഉറക്കെ പറയാം. ഇതിന്റെ പ്രതിഫലനമാണ് കൂടത്തായിയും മറ്റും. ആരും പറയാൻ ലജ്ജിക്കുന്ന ഒരു സംസ്കാരത്തെ പടുത്തുയർത്തുകയാണ് ഇന്നിന്റെ കഥാപാത്രങ്ങൾ. വിശക്കുന്നവന് ഭക്ഷണം നൽകുവാൻ പോലും മടിച്ചുനിൽക്കുന്നവരാണ് ഇന്ന് നാമോരോരുത്തരും. 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ച് ഉണ്ണുന്നവൻ നമ്മിൽ പെട്ടവനല്ല' എന്ന നബിവചനം ഓർക്കുന്നില്ല നമ്മിലാരും. ഒരു നിമിഷം ഒന്ന് പിറകോട്ട് നോക്കിയിരുന്നെങ്കിൽ ഒരു ജീവൻ അല്ല ഒരു കുടുംബത്തിന്റെ പ്രതീക്ഷയെ നമുക്ക് നിലനിർത്താനാവുമായിരുന്നു. പദവിക്കപ്പുറം സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ഒരു വിശാല ലോകമുണ്ടെന്ന് നാം മറന്നുപോകുന്നു. ആൾക്കൂട്ടക്കൊല ഇന്ന് നിത്യസംഭവമായി മാറുമ്പോൾ തകരുന്നത് മാനുഷികമൂല്യങ്ങളാണ്.

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണെന്ന് എല്ലാവർക്കും അറിയുന്ന കാര്യമാണ്. എഴുതപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ ജനാധിപത്യം ഭാരതത്തിന്റേതാണ്. ഒരു മനുഷ്യന് ലഭ്യമാക്കേണ്ട അവകാശമാണ് മൗലികാവകാശങ്ങൾ. മൗലികാവകാശത്തിൽ മത സ്വാതന്ത്ര്യത്തിന് അവകാശമുണ്ടെന്നുള്ളത് എഴുതിവെച്ചിരിക്കെ മതത്തിന്റെ പേരിലുള്ള മനുഷ്യന്റെ അക്രമങ്ങളോരോന്നും ചോദ്യം ചെയ്യേണ്ടത് തന്നെയാണ്. ഒരിക്കലും ഒരാളുടെയും ഐഡന്റിറ്റി എന്നുള്ളത് മതമോ ജാതിയോ അല്ല. അയാളുടെ വ്യക്തിത്വമാണ്. ഒരാളെ ഉയർന്ന പദവിയിലെത്തിക്കുന്നത് ആ മനുഷ്യൻ ഉയർന്ന ജാതിക്കാരൻ ആയതുകൊണ്ടല്ല. മറിച്ച് നല്ല സ്വഭാവവും ഉയർന്ന ചിന്താഗതിയുമാണ്. മതങ്ങൾ മനുഷ്യർ പണിതതാണ്. അതുല്യമായ സ്നേഹമാണ് ഓരോ മതവും വിഭാവനം ചെയ്യുന്നത് എന്ന്ഇ വിടെമ നപൂർവ്വംന ാംവ ിസ്മരിക്കുന്നു. ലജ്ജിക്കുന്ന തരത്തിലുള്ള മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് അടിവരയിടാൻ സമയമായിരിക്കുന്നു. നഷ്ടപ്പെടുന്ന മാനുഷികമൂല്യങ്ങൾ എന്ന വിഷയത്തിൽ ഞാനിന്ന് എഴുതുമ്പോൾ സ്നേഹത്തിന്റെയും സംസ്കാരത്തിന്റെയും കഥ എന്നതിൽ ഉപന്യാസത്തെ മാറ്റി രചിക്കുന്ന ഒരു തലമുറ വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാഭിമാനത്തിന്റെ താരകങ്ങൾ വാനിൽ ഉദയം കൊള്ളണമെന്ന് മനസ്സ് തൊട്ട് പ്രാർത്ഥിക്കുകയാണ് ഓരോ നിമിഷവും. സ്നേഹഗീതം പാടി നടക്കുന്ന ഒരു തലമുറയെ നമുക്ക് വാർത്തെടുക്കാം.

# ആ ഇരുകൈകളിലെ പ്രകാശം

ഫാത്തിമ സഹ്‌ല | X-G

എന്തോ മനസ്സിനൊരു സുഖമില്ല. കിടന്നിട്ടാണേൽ പല ചിന്തകളും മനസ്സിനെ ഇളക്കി മറിക്കുന്നു. അവൻ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. അഭിനവിന് വല്ലാത്ത ആവലാതി. പരീക്ഷ അടുക്കാറായിരിക്കുന്നു. പഠനത്തിൽ അവന് ശ്രദ്ധിക്കാനേ കഴിയുന്നില്ല. അവന്റെ അമ്മ അവനെ തനിച്ചാക്കിപ്പോയി. അച്ഛൻ ക്രമേണ അവനോട് ദേഷ്യപ്പെടാനും മറ്റും തുടങ്ങി. അമ്മയുടെ മരണശേഷം ഒട്ടും വൈകാതെ അച്ഛൻ വേറൊരു കല്യാണം കഴിച്ചു. അവന്റെ രണ്ടാനമ്മയ്ക്ക് അവനെ കാണുന്നത് പോലും കലിപ്പായിരുന്നു. അവനെ വീട്ടുജോലികൾ ചെയ്യിച്ചും മറ്റും കഷ്ടപ്പെടുത്തി. പഠനത്തിൽ ശ്രദ്ധിക്കാതെയായപ്പോൾ അവന് പരീക്ഷയിൽ മാർക്ക് കുറഞ്ഞു. അതിന്റെ പേരിലും ശാപവാക്കുകളും ശകാരങ്ങളാലും വളർന്ന് വരുന്ന അവന്റെ മനസ്സിനെ തളർത്തി. അവന് ഉറക്കം നഷ്ടപ്പെട്ടു. തനിക്കാരുമില്ലെന്ന സങ്കടം അവനെ വേട്ടയാടാൻ തുടങ്ങി.

ഒരു ദിവസം സ്കൂളിൽ നേരം വൈകി വന്ന അവനോട് ക്ലാസധ്യാപകൻ കാര്യം തിരക്കി. നിരാശയാലും കോപത്താലും അധ്യാപകനോട് മറുത്തൊന്നും പറയാതെ അവൻ അവിടെ നിന്നുപോയി. എവിടേക്കെന്നറിയാത്ത അവന്റെ യാത്ര എത്തിപ്പെട്ടത് ലഹരിയുടെ അങ്കണത്തിലായിരുന്നു. ഈ സമയം അവന്റെ മലയാളം ടീച്ചർ രമ ടീച്ചർ അവന്റെ മാറ്റങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവന്റെ വീട്ടുകാർ അന്വേഷിച്ചില്ല. ആരും അവനെ തിരക്കി വന്നതുമില്ല. കുറച്ച് കാലം കൊണ്ട് തനിക്ക് നഷ്ടപ്പെട്ട ജീവിതം ലഹരിയിൽ നിന്നും കിട്ടുന്നതായി അവന് തോന്നി. ആ കൂട്ടുകെട്ടിൽ നിന്നും അവന് കിട്ടിയ സ്നേഹം അവനെ അതിലേക്ക് കൂടുതൽ കൂടുതൽ അടുപ്പിച്ചു. ചെറിയ പ്രായത്തിൽ തുടങ്ങിയ ലഹരിയുമായുള്ള കൂട്ടുകെട്ട് അവനെ അതിന്റെ കാൽ ചുവട്ടിലാക്കി. അതിന്റെ എല്ലാ രൂപത്തെയും അവൻ രുചിച്ചു. കഞ്ചാവും കള്ളും അവന്റെ എല്ലാമെല്ലാമായി.

ഒരുദിവസം മദ്യപിച്ച് ലെക്കുകെട്ട് കാറോടിച്ച് വരികയായിരുന്നു അവൻ. അവന്റെ അശ്രദ്ധമൂലം ഒരു ലോറിയിടിച്ച് ഒരു വലിയ അപകടമുണ്ടായി. ജനം തടിച്ചുകൂടി. ബോധം മറഞ്ഞുകൊണ്ടിരിക്കുന്ന അവനെ ആശുപത്രിയിലെത്തിക്കാൻ ആരും മുതിരുന്നില്ല. അപ്പോഴാണ് ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഒരു സ്ത്രീ അവനെ ആശുപത്രിയിലെത്തിക്കാൻ മുതിർന്നത്. ആളുകൾ ഒന്നടങ്കം ആ സ്ത്രീയെ പരിഹസിച്ചു. അതൊന്നും ഗൗനിക്കാതെ ആ സ്ത്രീ അവനെ ആശുപത്രിയിലെത്തിച്ചു. കുറച്ച് സമയത്തിന് ശേഷം അവൻ കണ്ണ് തുറന്നു. ചുറ്റുപാടും നോക്കി. അപ്പോൾ അവന്റെ മദ്യലഹരി അകന്നിരുന്നു. തന്റെ മുന്നിൽ പുഞ്ചിരിക്കുന്ന ഒരു മുഖം. അവൻ ഓർത്തു. എന്റെ രമ ടീച്ചർ. അവർ അവനെ വാരിപ്പുണർന്നു. നെറ്റിയിൽ ചുംബിച്ചു. അവൻ ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞു. മാപ്പ് പറഞ്ഞു. അവർ അവനെ മകനായി സ്വീകരിച്ചു. അവൻ ലഹരിയോട് വിടപറഞ്ഞു. തനിക്ക് ലഭിക്കാതെ പോയ മാതൃസ്നേഹം അവൻ ആവോളം ആസ്വദിച്ചു. പാതിവഴിയിൽ ഉപേക്ഷിച്ച പഠനം അവൻ പൂർത്തിയാക്കി. പിന്നീടുള്ള കാലമവൻ സന്തോഷത്തോടെ ജീവിച്ചു.





# അരങ്ങൊഴിഞ്ഞ തൂലിക


സിനു ഷഹ്ല | IX-C

ദൂരെയെവിടെ നിന്നോ
കൊലുസ്സിൻ അലയൊലിനാദങ്ങൾ
തെറ്റിദ്ധരിച്ചു ഞാൻ എൻ ചിലങ്കയെന്ന്
ആഞ്ഞുവീശുമാ കാറ്റിൽ
താളത്തിൽ തുള്ളും ഇലകളെക്കണ്ടപ്പോൾ
ഓർത്തുപോയെൻ അരങ്ങുതകർത്ത നിമിഷങ്ങളെ
മൊട്ടിട്ടുവിരിഞ്ഞൊരീ സ്വപ്നങ്ങളോരോന്നു
തീക്ഷ്ണമാം വേനൽ പൊഴിച്ചെടുത്തു.
നെഞ്ചോടുചേർത്തയെൻ കിനാക്കളൊക്കെയും
ഒറ്റച്ചരടിൻ പിൻബലം കൊണ്ടവൻ പൊട്ടിച്ചെറിഞ്ഞു.
രാപകലില്ലാതെ ഞാൻ എഴുതും വരികളൊക്കെയും
ശൂന്യമാണെന്നോണം അവർ പരിഹസിച്ചു.
മനം മുടുപ്പിക്കും കുത്തുവാക്കുകൾക്കൊടുവിൽ
ഇരുളിന്റെ ഓളങ്ങൾ താണ്ടി
നിലാവ് പെയ്യുന്നൊരിടം തേടി.
ഞാൻ പോകവേ...
ഏതോ കൈകൾ എന്നെ വലിച്ചു
അടുപ്പിൻ മൂലയിൽ കൊണ്ടിട്ടു.
ചുട്ടുപൊള്ളുന്ന തീക്കനൽ കൊണ്ടവർ
എൻ പാദത്തെ മുറിവേൽപ്പിച്ചു.
ചുവടുകൾ വെക്കാനാവാതെ
എൻ ചിലങ്കയ്ക്ക് ശബ്ദം പകരാനാവാതെ
നിലച്ചുപോയൊരു നർത്തകിയാണിന്നുഞാൻ
തിളച്ചുമറിയുന്ന കഞ്ഞിക്കുടുക്കയും
തകർത്തു ഇന്നെൻ കാവ്യമോഹങ്ങളോരോന്നും
ഇന്നെൻ കയ്യിലെ കരിവളയ്ക്ക് കിലുക്കമില്ല
ചന്ദനപ്പൊട്ടിന് ഗന്ധമില്ല.
എൻ ചുണ്ടിലെ പൂമൊട്ടടർന്നുവീണു
ഇന്നെന്നിലെ അവസാന ശ്വാസവും
നിലച്ചുപോയി.
നിലാവ് പെയ്യുന്നൊരിടം തേടി
ആരും കാണാതെ പോയ
ഇരുളിന്റെ നൊമ്പരം തേടി
അലറിവിളിക്കുന്ന കടലിന്റെ
ആഴങ്ങളിലേക്ക് നോക്കി എന്നാത്മാവ് മൊഴിഞ്ഞു
തിമിർത്ത് പെയ്യാൻ കൊതിച്ച
മഴയായിരുന്നു ഞാനന്നൊരിക്കൽ കൂടി.


## ചിത്രമൂല



ഹഫീഫ് അഹമ്മദ് സി. | X-R



റിൻസി ഷെറിൻ | X-K



റിദ ഫാത്തിമ | X-R



ഷിഫ ടി. | IX-N

# പേടിപ്പെടുത്തിയ മഴ

രാവിലെ സൂര്യനെപ്പോലും ഉദിച്ചുയരാൻ സമ്മതിക്കാതെ നീണ്ടുകിടക്കുന്ന ആകാശം കാർമേഘങ്ങൾ കീഴടക്കി. "ഇത്ര ദിവസം നീ എല്ലായിടത്തും ചുട്ടുപഴുപ്പിച്ചില്ലേ ഇനി എല്ലാം ഞാനൊന്ന് തണുപ്പിക്കട്ടെ" എന്ന പുച്ഛം കലർന്ന ഭാവമായിരുന്നു സൂര്യനോട്. രണ്ട് ദിവസമായിട്ട് നാട് വെയിൽ എന്താണെന്ന് പോലും അറിഞ്ഞിട്ടില്ല. എങ്ങ് നോക്കിയാലും കാർമേഘങ്ങൾ മൂടപ്പെട്ട പ്രകൃതമായിരുന്നു ദൃഷ്ടിയിൽ. പത്രങ്ങളിലും ടെലിവിഷൻ വാർത്തകളിലുമെല്ലാം കാനന പ്രദേശങ്ങളിലെ ദുരന്തമുഖമായിരുന്നു. നാട്ടിൻ പുറത്തേക്ക് ഓരോ മിനുട്ടിലും പുഴകൾ കടപുഴകി വെള്ളം വന്നുകൊണ്ടേയിരുന്നു. വിളിക്കാത്ത അതിഥിയായി ഇന്നലെ വരെ മഴ വന്നിരുന്നെങ്കിൽ എന്ന് ആശിച്ചവർ ഇന്ന് മഴയെ ശപിക്കുകയാണ്. പലരുടെയും കിടപ്പാടവും മറ്റുമെല്ലാം മഴ കൊണ്ടുപോയി എന്ന അപരാധം മഴക്കും വെള്ളത്തിനും ഏൽക്കേണ്ടി വന്നു. എന്തിനേറെ പറയുന്നു കൊലക്കുറ്റം വരെ മഴയ്ക്കാണ്.

"നിങ്ങളെന്നെ വിളിച്ചിട്ടല്ലേ... നിങ്ങളെന്നെ കാത്തിരുന്നിട്ടല്ലേ ഞാൻ വന്നത്..." എന്ന് മഴ നാമോരോരുത്തരോടും മൊഴിയുന്നുണ്ട്. മഴയോടൊപ്പം വരുന്ന കാറ്റ് ഭയാനകമാണെങ്കിലും ഒരു പ്രത്യേക അനുഭൂതിയാണ് സമ്മാനിക്കുന്നത്. ചടപട ചടപട എന്ന മഴയുടെ സംഗീതവും മഴയുടെ താളത്തിനൊത്ത് വരുന്ന ഇളം തെന്നലും ആസ്വദിച്ചിരിക്കാൻ ഒരു പ്രത്യേക സുഖമാണ്. നമ്മുടെ സന്തോഷവും സങ്കടങ്ങളും കേൾക്കാനായെത്തുന്നവരാണ് അവർ എന്ന് ചില സന്ദർഭങ്ങളിൽ നമുക്ക് തോന്നാതിരിക്കില്ല. അവയോടൊപ്പം ചെലവഴിക്കുന്ന ഓരോ നിമിഷങ്ങളും നമുക്ക് ഓർമ്മകളിൽ നിന്ന് മായ്ച്ചുകളയാനാവാത്തതാണ്.

എന്നാൽ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി മഴ ഓരോ സെക്കന്റുകളിലും ഞങ്ങളെ പേടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.െ ചറിയക ുഞ്ഞുങ്ങൾമ ുതൽ വൃദ്ധർ വരെ മഴയെ ഭീതിയുടെ കണ്ണുകളാൽ നോട്ടമെറിയുകയാണ്. വീടുകളും റോഡുകളും നടപ്പാതകളും മനുഷ്യരുമെല്ലാം വെള്ളത്തിലാണ്. കഴിക്കാൻ ഭക്ഷണമോ, മാറിയുടുക്കാൻ തുണികളോ ഇല്ലാതെ തെരുവിൽ പോലും കഴിയാനാവാത്ത നിസ്സഹായരായിരിക്കുകയാണ് നാട്ടുകാർ. എവിടെ കണ്ണ് മിഴിച്ചാലും വെള്ളം മാത്രം. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഇന്ന് രക്ഷപ്പെടുമോ നാളെ ജീവനോടെ ഉണ്ടാകുമോ എന്നുപോവും ഉറപ്പില്ലാത്ത ഓരോ സെക്കന്റുകളും മിനുട്ടുകളും മണിക്കൂറുകളും തള്ളിനീക്കി.

ഇത്രയേറെ മഴയെ ഭയപ്പെടാൻ കാരണവും ഞങ്ങൾക്കും ഞങ്ങളുടെ നാടിനുമുണ്ട്. കഴിഞ്ഞ വർഷം മഴ ഞങ്ങൾക്ക് നൽകിയ ദുരിതത്തിൽ നിന്ന് ഇതുവരെ പൂർണ്ണമായി മോചനം നേടിയിട്ടില്ല. അപ്പോഴാണ് ഒട്ടും പ്രതീക്ഷിക്കാതെ വീണ്ടും ആ അവസ്ഥ ഒരിക്കൽകൂടി. ഓർക്കുമ്പോൾ തന്നെ ഹൃദയം പേടിയാൽ വിങ്ങുകയാണ്. പേടിയുടെ കണ്ണുനീർ തുള്ളികൾ അടർന്നുവീഴുകയാണ്. മഴയുടെ ഓരോ നിമിഷത്തിലുള്ള തീവ്രത കണ്ടാൽ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം ദുരിതപൂർണ്ണമാകുമെന്ന് തോന്നലുകൾ ഉയരുന്നു.

ദുരിതക്കെട്ടിൽ അകപ്പെട്ടവർക്ക് ആശ്വാസമേകാനും രക്ഷിക്കാനും ഒരു കൂട്ടം നല്ല മനസ്സുകൾ ഉണ്ടെന്നതാണ് ഞങ്ങളുടെ നാടിന്റെ ശക്തിയും ആശ്വാസവും. ജാതിയോ മതമോ നോക്കാതെ താഴ്ന്നവരെന്നോ പണക്കാരനെന്നോ നോക്കാതെ സ്വന്തം ജീവൻ പോലും പണയപ്പെടുത്തി മനുഷ്യ ജീവനുകൾക്കായി സുരക്ഷിതത്വത്തിന്റെ കൈകൾ നീട്ടിയവരാണവർ. നാടെങ്ങും അഭയാർത്ഥി ക്യാമ്പുകൾ. പല സ്ഥലങ്ങളിൽ നിന്നായി വസ്ത്രങ്ങളും ഭക്ഷണ പാനീയങ്ങളും പരമാവധി മറ്റുള്ളവർക്കായി എത്തിച്ചുകൊടുക്കുന്നു. പുഴയേതാ റോഡേതാ എന്ന് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിലും പോരാടുകയാണ് ഞങ്ങൾ ഓരോരുത്തരും. ഈ പോരാട്ടം പക്ഷേ മഴയോടായിരിക്കാം, ഞങ്ങളുടെ ക്രൂരതകൾ സഹിച്ച പ്രകൃതിയോടായിരിക്കാം. എന്നാൽ ലക്ഷ്യം ഒന്നേ ഉള്ളൂ.. വെള്ളത്തിൽ നിന്ന് ഞങ്ങളുടെ നാടിനെ കരകയറ്റുക. ഓരോ നേരവും വെയിലിന്റെ അംശത്തെ കാണിച്ച് ഞങ്ങളുടെ ഉള്ളിൽ പ്രതീക്ഷ ഉയർത്തുന്നുണ്ടെങ്കിലും തൊട്ടടുത്ത സമയം തന്നെ കാർമേഘങ്ങൾ കൊണ്ട് മൂടപ്പെട്ടു. പ്രതീക്ഷയുടെ ചില്ലുകൾ പൊട്ടിത്തെറിപ്പിച്ച് ഭീതിയുടെ നൂലുകൾ തുന്നിപ്പിടിപ്പിക്കുകയാണ്. "മഴയേ.. പ്രളയം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഞാൻ നിന്നോട് പറയുകയാണ്. ഇന്നലെ വരെ ഞങ്ങൾ നിന്നെ ആഗ്രഹിച്ചിരുന്നു. നിനക്ക് വേണ്ടി പൊട്ടിക്കരഞ്ഞു. പ്രാർത്ഥിച്ചു. എന്നാൽ നീ ഒളിഞ്ഞിരുന്ന് ഞങ്ങളെ ദുരിതത്തിലേക്ക് ഒരു നിമിഷം കൊണ്ട് ചവിട്ടിത്താഴ്ത്തുമെന്ന് പ്രതീക്ഷിച്ചില്ല."

# മാഡംക്യൂറി: ശാസ്ത്രം തന്നെ ജീവിതം

ആര്യ വി. | IX-A



പൊതുജനങ്ങൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും ലോക രാജ്യങ്ങൾക്കിടയിലും പ്രശസ്തയായ മാഡംക്യൂറിയുടെ ജീവിതം പശ്ചാത്തലമാക്കി പി.എം. സിദ്ധാർത്ഥൻ രചിച്ച കൃതിയാണ് 'മദാം ക്യൂറി ശാസ്ത്രം തന്നെ ജീവിതം'. മാര്യ മദാം ക്യൂറിയായ കഥയ്ക്കുപിന്നിൽ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പോരാട്ടത്തിന്റെയും കണ്ണീരും ചോരയുമുണ്ട്. ഇത്തരത്തിൽ മദാം ക്യൂറിയുടെയും അവരുടെ കുടുംബത്തിന്റെയും കഥ പുതു തലമുറയ്ക്ക് മുന്നിൽ അവതരിപ്പിക്കുകയാണ് ഈ കൃതിയിലൂടെ പി.എം. സിദ്ധാർത്ഥൻ.

മദാം ക്യൂറിയുടെ അവരുടെ കുടുംബവും ഏറെ വ്യത്യസ്തമായ സ്വഭാവ സവിശേഷതയുള്ളവരായിരുന്നു. സാമൂഹ്യ പ്രതിബദ്ധത, പ്രശസ്തിയുടെ പ്രകാശരൂപത്തിൽ കാൽ തെറ്റാതിരിക്കൽ, ലാളിത്യം, ലക്ഷ്യബോധം, സമ്പത്തിനോട് ആവശ്യത്തിലധികം താൽപര്യമില്ലായ്മ ഇതൊക്കെയായിരുന്നു അവരുടെ സവിശേഷതകൾ.

ഈ സ്വഭാവ സവിശേഷതകൾ കൊണ്ട് തന്നെ മദാം ക്യൂറിയും അവരുടെ കുടുംബവും മറ്റുള്ളവരിൽ നിന്ന് വേറിട്ടുനിന്നു. ഇതുകൊണ്ട് തന്നെ ആ കുടുംബം ലോക പ്രശസ്തമാവുകയും 5 നൊബേൽ സമ്മാനങ്ങൾ വാങ്ങിക്കൂട്ടുകയും ചെയ്തു. ഒരു സാധാരണ അധ്യാപക ദമ്പതികളുടെ മകളായി പിറന്ന് ശാസ്ത്രത്തിന്റെ ഉച്ചകോടിയിൽ എത്തിച്ചേരാൻ മദാം ക്യൂറിക്ക് കഴിഞ്ഞു.

## ചിത്രമൂല



ഫാത്തിമ ഹന എ.കെ. | VIII-C



മുഹമ്മദ് സാബിത് എം. | IX-R

# കേരളീയ കലകൾ

ഫാത്തിമ നസ്റിൻ ടി. | X-D

*"ഭാരതമെന്നുകേട്ടാലഭിമാനപൂരിതമാ-
കണമന്തരംഗം
കേരളമെന്നുകേട്ടാലോ തിളക്കണം
ചോര നമുക്ക് ഞരമ്പുകളിൽ"*

എന്ന് മഹാകവി വള്ളത്തോൾ പാടി. അമൂല്യമായ ഒരു പൈതൃകത്തിന്റെ പരമ്പരാഗത സമ്പത്തിൽ കവിയുടെ വൈകാരികാഭിനിവേശം ഇവിടെ ത്രസിച്ചുനിൽക്കുന്നു. എന്നാൽ സാംസ്കാരിക കേരളത്തിന്റെ മറുനാടൻ പ്രസക്തി ഇന്നാട്ടിലെ സമ്പന്ന കലകളുടെ കലവറ തുറന്ന് നേടിയതാണെന്ന് നാം വിസ്മരിച്ചുകൂടാ... കഥകളി, കൂത്ത്, തെയ്യം, തിറ... തുടങ്ങി അനേകം കേരളീയ കലകൾ സ്വദേശികളുടെയും വിദേശികളുടെയും മനം കുളിർപ്പിക്കുന്നു.

കേരളീയ കലകളുടെ സിംഹാസനത്തിൽ കഥകളി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. വാചികാഭിനയത്തിന്റെ നിരോധത്തിലൂന്നി നിന്നുകൊണ്ട് ആസ്വാദകരുമായി കഥാസംവാദം നടത്തുന്ന കഥകളി പശ്ചാത്യരുടെ സംവേദനശീലങ്ങളിൽ പുതുമയും അത്ഭുതവും ഉളവാക്കി. വേഷം, ഭാഷ, സാഹിത്യം... തുടങ്ങിയവയെല്ലാം പ്രാദേശികയ യാതൊരു കലാംശത്തോടും കഥകളി സാമ്യം കാണിക്കുന്നില്ല.

പുരാണേതിഹാസങ്ങളുടെ സാഹിത്യസമ്പത്തുകൾ ജന ഹൃദയത്തിലെത്തിക്കാനും സാമൂഹിക പരിഷ്കരണം കലോപാസത്തിലൂടെ സാധിക്കാനും കൂത്ത്, കൂടിയാട്ടം, തുള്ളൽ എന്നീ കലകൾക്ക് കഴിഞ്ഞിട്ടുണ്ട്. തെയ്യം, തിറ തുടങ്ങിയ കലകളെ ഇന്നും വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടില്ല. ക്ലാസിക് കലകളിൽ മോഹിനിയാട്ടം വളരെ പ്രോത്സാഹിക്കപ്പെട്ടിട്ടുണ്ട്.

തിരുവാതിര, പരിചമുട്ട്കളി, മാർഗംകളി, ദഫ്മുട്ട് തുടങ്ങിയ കലകൾ കേരളത്തിലെ മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ട് രൂപം കൊണ്ടിട്ടുള്ളതാണ്. കേരളീയരുടെ മതസൗഹാർദ്ദത്തിന്റെയും മത സഹിഷ്ണുതയുടെയും ഉദാത്തഭാവങ്ങൾക്ക് ചാരുതയേകാൻ ഈ കലാരൂപങ്ങൾ ഉപകരിക്കുന്നു.



# നാം അറിയണം അമ്മ മനസ്സ്



ഫർഹാൻ ഒ.പി. | X-M

റഫീഖ് അഹമ്മദിന്റെ 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ആധുനിക കാല ജീവിതത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യ ബന്ധങ്ങളുടെ പ്രാധാന്യവും വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതു തലമുറയുടെ മനോഭാവവുമാണ് ആവിഷ്കരിക്കുന്നത്. മാതാപിതാക്കളോട് സ്നേഹമായി പെരുമാറേണ്ടതും സംരക്ഷിക്കേണ്ടതും മക്കളുടെ ചുമതലയാണ് എന്ന സന്ദേശവും കവിത നൽകുന്നു. തനിക്ക് ജന്മം നൽകി സ്നേഹിച്ചും ലാളിച്ചും വളർത്തിയ അമ്മയെ മകൻ ഭാര്യയുടെ നിർബന്ധ പ്രകാരം ഉപേക്ഷിക്കാൻ തയ്യാറാവുന്നു. ഇന്നത്തെ തലമുറക്കും ഇനി വരാൻ പോകുന്നത ലമുറക്കുംക വിന ൽകിയ താക്കീതായിട്ടാണ് ഈ കവിതയെ നമുക്ക് വിലയിരുത്താനാവുക. അനാഥമാക്കപ്പെടുന്ന മാതൃത്വത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. വ്യക്തി ബന്ധങ്ങളുടെ ഇഴയടുപ്പവും കുടുംബ ബന്ധങ്ങളുടെ പവിത്രതയുമാണ് സാമൂഹിക ബന്ധങ്ങളെ ദൃഢമാക്കുന്നത്.

പെറ്റുകിടക്കുന്ന ഒരു പട്ടി തന്റെ കുഞ്ഞിനെ ഉപദ്രവിക്കാൻ വരികയാണെന്ന് കരുതി കുരച്ച് ചാടുന്ന ഒരു സന്ദർഭം ഈ കവിതയിൽ ഉണ്ട്. സ്വന്തം കുഞ്ഞിനെ സംരക്ഷിക്കേണ്ടത് തന്റെ ഉത്തരവാദിത്വമാണെന്ന് അതിനറിയാം. വിശേഷ ബുദ്ധിയില്ലാത്ത മൃഗങ്ങൾക്ക് പോലും തന്റെ കുഞ്ഞിനെ പൂർണ്ണമായി സംരക്ഷിക്കണമെന്നുണ്ട്. ഇതൊക്കെ പ്രകൃതിയും മിണ്ടാപ്രാണികളും പരിഷ്കൃതരായ മനുഷ്യർക്ക് നൽകുന്ന പാഠങ്ങളാണ്. മൃഗങ്ങൾ പോലും മാതൃ-പുത്ര ബന്ധത്തിന്റെ ദൃഢത കാണിക്കുമ്പോൾ മനുഷ്യൻ ചെയ്യുന്നതെന്താണ്? ജന്മം നൽകി സ്നേഹിച്ചു ലാളിച്ചു വളർത്തിയ അമ്മയെ മകൻ തെരുവിലേക്ക് വലിച്ചെറിയാൻ ശ്രമിക്കുന്നു. മിണ്ടാപ്രാണികൾ പോലും അവരുടെ കടമകൾ ഭംഗിയായി നിർവ്വഹിക്കുന്നു. പ്രശസ്ത ഗുരുവര്യനും യതിവര്യനുമായ ശ്രീ നാരായണ ഗുരു വരെ മനുഷ്യനെ മൃഗത്തെക്കാൾ തരംതാഴ്ത്തി പറയുന്നു. അത്രയ്ക്കും ബുദ്ധിയും വിവേകവും ഇല്ലാത്ത മനുഷ്യരാണ് ഇന്നിവിടെ ജീവിക്കുന്നത്.

അമ്മയുടെ സ്നേഹ വാത്സല്യങ്ങളനുഭവിക്കാൻ ഇന്ന് പലർക്കും സാധിക്കുന്നില്ല. ആകെ തിരക്ക് പിടിച്ച ജീവിതം ആയതുകൊണ്ട് പുതു തലമുറയ്ക്ക് ഇത്തരത്തിലുള്ള ഓർമ്മകളും അനുഭവങ്ങളും നഷ്ടമാവുന്നു. പുതു തലമുറ നഷ്ടപ്പെട്ട ബാല്യവും പേറിയാണ് വളരുന്നത്. സ്വദേശത്തും വിദേശത്തുമായി ജോലി ചെയ്യുന്ന അമ്മമാരാണ് ഇന്നധികവും. അപ്പോൾ അമ്മയുടെ സ്നേഹ വാത്സല്യങ്ങളനുഭവിക്കാൻ ഇന്ന് പലർക്കും സാധിക്കുന്നില്ല. മരുഭൂമിയിൽ ചോര നീരാക്കി ഉണ്ടാക്കിയ കാശിൽ ഉണ്ണാതെയും ഉറങ്ങാതെയും മാതാപിതാക്കൾ മിച്ചം വെച്ച കാശ് കൊണ്ട് ഉണ്ടാക്കിയ വീട്ടിൽ നിന്ന് മക്കൾ അവിടെ നിന്ന് പുറത്തേക്ക് വലിച്ചെറിയുന്നു.

കേരളത്തിലെ മാറുന്ന കുടുംബ ബന്ധങ്ങളുടെ നേർചിത്രമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. വാർദ്ധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവമാണ് കവിതക്ക് വിഷയം. ഭാര്യയുടെ പഴിപറച്ചിൽ കേട്ട് സഹികെട്ടായിരിക്കും മക്കൾ അമ്മമാരെ ഉപേക്ഷിക്കുന്നത്. ആധുനിക കാല ജീവിതത്തിൽ കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. പരസ്പര സ്നേഹവും വിശ്വാസവുമാണ് ബന്ധങ്ങളുടെ കെട്ടുറപ്പിനാധാരം. മക്കളുടെ സ്നേഹവും പരിചരണവും ആവശ്യമുള്ളത് വാർദ്ധക്യത്തിലാണ്. തലമുറകൾ തമ്മിലുള്ള വിടവ് രൂക്ഷമായ ഒരവസ്ഥയിലാണുള്ളത്. പ്രായമായവരെ വരെ പുച്ഛത്തോടെ നോക്കുകയും പരസ്യമായി അധിക്ഷേപിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആർക്കും വേണ്ട ഈ പാവങ്ങളെ സുഖം തേടിയുള്ള യാത്രയിൽ എവിടെയെങ്കിലും ഉപേക്ഷി

ക്കുന്നു. ഒരിക്കലും അടുക്കാനാവാത്ത വിധം ഇവർ സമൂഹത്തിൽ നിന്നും അകറ്റപ്പെടുന്നു.

ഇന്നത്തെ സമൂഹത്തിൽ വൃദ്ധജനങ്ങൾ ലോകത്തൊട്ടാകെ വർദ്ധിച്ച് വരികയാണ്. അതിനാൽ അവർക്കൊരു ദിനം വരെ കണ്ടെത്തിയിരിക്കുകയാണ് ലോകാരോഗ്യ സംഘടന. ഇന്ത്യയിൽ ഏറ്റവും അധികം വൃദ്ധമന്ദിരമുള്ളത് കേരളത്തിലാണ്. വിദ്യാഭ്യാസവും സംസ്കാരവും ഏറ്റവും കൂടിയവരെന്ന് അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന് പയുന്നവർ തങ്ങളുടെ മാതാപിതാക്കളുടെ സംരക്ഷണത്തിന് വില പറയുകയാണ്. കേരളത്തിലെ ഏത് മുക്കിലും മൂലയിലും വൃദ്ധ മന്ദിരങ്ങൾ കാണാം. ഇന്നത്തെ സമൂഹത്തിൽ മാതാപിതാക്കളെ ഉപേക്ഷിക്കൽ ഒരു മത്സരമായിട്ടാണ് കാണുന്നത്. മിക്ക വീടുകളിലും മാതാപിതാക്കൾ ഇല്ലാത്ത അവസ്ഥയാണ്.

ഭാരതീയ സംസ്കാരം വൃദ്ധ ജനങ്ങളെ ബഹുമാനിക്കാനാണ് പഠിപ്പിക്കുന്നത്. എന്നാൽ ആധുനിക സംസ്കാരത്തിന്റെ വക്താക്കളായ നാം വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നുണ്ടോ? പലർക്കും അവരുടെ പദവി നിലനിർത്താൻ വൃദ്ധരായ മാതാപിതാക്കൾ തടസ്സമാണ്. അമ്പലനടയിൽ അമ്മയെ ഉപേക്ഷിച്ച് മക്കൾ കടന്ന് കളഞ്ഞു. വിദേശത്ത് നിന്ന് വന്ന മകൾ കണ്ടത് അമ്മയുടെ അസ്ഥികൂടം മാത്രം. കേരളത്തിൽ വൃദ്ധസദനങ്ങൾ പെരുകുന്നു. തുടങ്ങിയ വാർത്തകൾ മാധ്യമങ്ങളിൽ വരുന്നതിന് അത്ഭുതപ്പെടാനില്ല. കൂട്ടുകുടുംബ വ്യവസ്ഥിതിയുണ്ടായിരുന്ന കാലത്ത് ഇത്തരത്തിലുള്ളൊരു വാർത്തകളൊന്നും കേട്ടുകേൾവി പോലുമില്ലായിരുന്നു.



സമകാലിക സമൂഹത്തിലെ മനുഷ്യത്വരഹിതമായ മനോഭാവങ്ങളോടുള്ള അതിശക്തമായ പ്രതികരണമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. ഈ കവിത ഉൾക്കൊണ്ട് ഇനിയുള്ള തലമുറ മുന്നോട്ട് പോവാൻ പ്രാർത്ഥിക്കാം. മാതാപിതാക്കളെ ജീവിതാന്ത്യം വരെ സ്നേഹിച്ച് അവരോടൊത്ത് ജീവിക്കാം.

---

# ഒരമ്മയുടെ നൊമ്പരം

**ഷബീറ ഇ.കെ.** | IX-N



അവസാനമായി മകനെ ഒന്നുകാണാൻ ആഗ്രഹിച്ചു
അവനുവേണ്ടിയാണ് താനിത്രയും
ജീവിച്ചതെന്ന് പറയാൻ
അവനുവേണ്ടി ജീവിച്ചപ്പോൾ വിചാരിച്ചില്ല
അവസാനം അവനും തന്നെ
വൃദ്ധസദനത്തിലെത്തിക്കുമെന്ന്
അമ്മയെ തെരുവിലാക്കിയ
മക്കളുടെ കഥയറിഞ്ഞപ്പോഴും
ഓർത്തില്ല തന്റെ മകനും തന്നെ കളയുമെന്ന്
ഇന്നിതാ സ്നേഹം മാത്രം കൊടുത്ത് വളർത്തിയ
മകൻ സ്വന്തം ഭാര്യക്ക് വേണ്ടി
അമ്മയെ ഉപേക്ഷിച്ചിരിക്കുന്നു.
വൃദ്ധസദനത്തിലെത്തിയപ്പോൾ അവിടെയും കണ്ടു
ധാരാളം സങ്കടം മാത്രം തളം കെട്ടിയ മുഖങ്ങൾ
അവർക്കെല്ലാവർക്കും പറയാനുണ്ടായിരുന്നു
സ്നേഹിച്ചിട്ടും ഉപേക്ഷിച്ചുപോയ മക്കളുടെ കഥ
മക്കൾ തങ്ങളെ കൂട്ടിക്കൊണ്ട് പോകുമെന്ന
വിശ്വാസവുമായി സങ്കടത്തോടെ
എല്ലാവരും കാത്തിരുന്നു
എന്നാൽ മക്കൾ ഇതറിയുന്നില്ലാ...
മക്കൾക്ക് അവരുടെ ജീവിതമാണ് വലുത്.
മക്കൾ ഉപേക്ഷിച്ച് പോയവരെല്ലാം ഒരേ സ്വരത്തിൽ
ഒരു കാര്യം മാത്രം പറയുന്നു.
'സ്നേഹം അധികം കൊടുക്കല്ലേ...
ചിലപ്പോൾ അവർ ഉപേക്ഷിച്ച് പോകും.'

# പ്രളയം

**ഫാത്തിമ ഷജ സി. | IX-C**

പ്രിയപ്പെട്ടവരേ,

അതിഭീകരമായിരുന്നു കേരളം ഈ വർഷം നേരിട്ട പ്രളയം. ഇപ്പോഴും അതിൽ നിന്ന് പൂർണ്ണമായും മോചനം നേടിയിട്ടില്ല. സമചിത്തതയോടെ ദുരന്തത്തെ നേരിടുക യാണ് വേണ്ടത്. ലോകത്ത് എത്രയോ രാജ്യ ങ്ങളിൽ എത്രയോ ദുരന്തങ്ങൾ അരങ്ങേറിയി ട്ടുണ്ട്. എന്നാൽ ധീരതയോടെ നേരിട്ട ചരിത്ര മാണ് ഇന്ത്യയുടേത്. ഇതിനൊരു ഉദാഹരണ മാണ് കാശ്മീർ. കാശ്മീരിലെ എല്ലാ ജന തയും എല്ലാ വർഷവും പ്രളയം എന്ന ദുരന്തം നേരിടുന്നുണ്ട്. പ്രളയമെന്നത് പ്രകൃ തിയുടെ ഒരു പ്രതിഭാസമാണ്.

അമിതമായ ചൂട്, വർഷപാതം, വരൾച്ച, കൊടുങ്കാറ്റ് തുടങ്ങിയ നാമിന്ന് അഭി മുഖീകരിക്കുന്ന പ്രകൃതിദുരന്തങ്ങൾ നിരവ ധിയാണ്. ഇതിനൊക്കെ കാരണമെന്ത് എന്ന ചിന്ത വിരൽചൂണ്ടുന്നത് നമ്മുടെ പ്രവൃത്തിക ളിലേക്ക് തന്നെയാണ്. പ്രകൃതിയുടെ പച്ച ക്കുട നാം ഇന്ന് ഇല്ലാതാക്കി. മലയോരങ്ങ ളിലെ മരങ്ങൾ വെട്ടി നശിപ്പിച്ച് മൊട്ടക്കുന്നു കളാക്കി മാറ്റി. പ്രകൃതിയോട് ചെയ്യുന്ന ഓരോ ക്രൂര പ്രവർത്തനങ്ങൾക്കും പ്രകൃതി നമുക്ക് തിരിച്ചടി നൽകി. പരമാവധി മരങ്ങൾ വെച്ചുപിടിപ്പിച്ച് പ്രകൃതിയെ പച്ചക്കുട ചൂടി പ്പിക്കാം. മണൽ വാരൽ, കുന്നിടിക്കൽ, മണ്ണൊലിപ്പ് തുടങ്ങിയ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത വർദ്ധിച്ച് കൊണ്ടിരിക്കുന്നു. ഇതിനെതിരെ നമുക്ക് പോരാടാം.






# വിശ്വരൂപം

**ആദിൽ നസ്റിൻ ഡി.പി. | X-G**

കാമത്തിന്റെ കണ്ണുകൾക്ക്
വിശപ്പകറ്റാൻ
കത്തിയെരിയുന്ന കനലുകൾക്ക് സമാനമാകാൻ
മെഴുകുതിരിപോലെ ഉരുകിയൊലിക്കാൻ
ജീവിതം കണ്ണീരിന്റെ
ഉപ്പുരസത്തെ മാത്രം രുചിക്കാൻ
രാവിലെയും പകലിലെയും
കഴിഞ്ഞ കാലയവനികക്കുള്ളിൽ
മറഞ്ഞുപോയതുമായ താൻ
നേരിട്ട ന്യൂനതകളെ നെയ്തുതീർക്കാൻ
സമൂഹത്തിൽ അവഗണിക്കപ്പെടാൻ
മാത്രമായി വിധിക്കപ്പെട്ട
ഒരു ജീവൽ സങ്കടങ്ങളാലും
ആക്ഷേപങ്ങളാലും
വിണ്ടുകീറിയ ആ വിശ്വരൂപത്തെ നോക്കി
സമൂഹം ആർത്തട്ടഹസിക്കുന്ന പേര്
സ്ത്രീ...

# പ്രകൃതിയുടെ രോദനം



നഫീസത്തുൽ മിസ്‌രിയ കെ. | X-D

വേണ്ടതെല്ലാം തന്നൂട്ടീ
വളർത്തിയൊരമ്മയെ
കൊല്ലാൻ തുനിയുന്നു മക്കൾ
എല്ലാം സഹിച്ച് പൊറുക്കുന്നു പാവം...
എന്നിട്ടാരുമനസ്സിലാക്കുന്നാ ഭാവം
വസ്ത്രങ്ങൾ ചീന്തിയെറിഞ്ഞു നിർഭയം
നെഞ്ചുപിളർന്നു രക്തമൂറ്റീയാവോളം
ഏറ്റവുമൊടുവിൽ ക്ഷമകെട്ട
അസഹ്യമായ വേദനയാൽ
നെഞ്ചുപൊട്ടി കരഞ്ഞു.
ആ കണ്ണീരിൻ ശക്തിയാൽ
മനുഷ്യ സൃഷ്ടികളൊക്കെയും
നിലം പതിച്ചു.
കനിഞ്ഞു നൽകിയതിനപ്പുറം
കട്ടെടുക്കാൻ തുനിഞ്ഞതിൻ ഫലം.

---

# മാതൃത്വം

ഫാത്തിമ ഫിദ പി. | IX-C

പിഞ്ചുനാളിൽ ഞാൻ
പിച്ചവെച്ചു നടക്കുമ്പോൾ
വീഴാതിരിക്കാൻ പിടിച്ചെന്റമ്മ

കുഞ്ഞുനാളിലെൻ
വായിൽ മധുരം തേച്ച
സ്നേഹമാണെൻ പൊന്നമ്മ

വീട്ടിൽ പ്രകാശമായ്
ദീപമായ് വരുന്ന
സുഗന്ധക്കാറ്റാണെന്റമ്മ

സ്നേഹനിധിയായ്
രാരീരം പാട്ടുമായ്
ആട്ടിയുറക്കിയ പൊന്നമ്മ

അമ്മയെപ്പോലൊരു ഗുരുവുണ്ടോ?
സ്നേഹത്തിൻ അതിരുണ്ടോ
അമ്മയെന്നും അമ്മ തന്നെ
അമ്മയെപോൽ ഒന്നുമില്ല.

നീലാകാശത്തിലെ അമ്പിളിപോലെ
എന്നുമെന്നും തിളങ്ങിയെന്റമ്മ
എന്നുമെന്നും തിളങ്ങിയെന്റമ്മ.



# വേനൽകാല പുഷ്പങ്ങൾ



ഫാത്തിമ സഫ ഒ. | IX-R

ഞാൻ നിങ്ങളുമായി പങ്കുവെക്കാൻ ആഗ്രഹിക്കുന്നത് എന്റെ യാത്രകളിൽ മനസ്സിൽ തട്ടിയ ഒന്നാണ്.

“തണൽ” ഇത് ഒരു അനാഥാലയം ആണ്. എട്ട് ദിവസം മുതൽ 7 വയസ്സ് വരെ പ്രായമുള്ള പിഞ്ചുകുഞ്ഞുങ്ങൾ ആണ് അന്തേവാസികൾ. അവരിൽ മാതാപിതാക്കൾ കാടുകളിൽ ഉപേക്ഷിച്ചവരും വഴിയിൽ ഉപേക്ഷിച്ചവരും എല്ലാമുണ്ട്. അവർക്കൊക്കെ ഓരോ കഥകളുമുണ്ട്.

2019 നവംബർ ഒമ്പതാം തിയ്യതിയാണ് ഞങ്ങൾ അവിടെ എത്തിയത്. ഞങ്ങൾ എട്ട് പേരടങ്ങുന്ന കുടുംബമാണ് പോയത്. ഞങ്ങൾ അവർക്കായി കുറച്ച് ഭക്ഷണം കരുതിയിരുന്നു. വൈകുന്നേരമാണ് ഞങ്ങളവിടെ എത്തിയത്. അഞ്ച് മണിക്കേ അവരെ സന്ദർശിക്കാൻ പുറത്തേക്ക് കൊണ്ടുവരൂ എന്ന് അവിടെയുള്ളവർ പറഞ്ഞു. ഞങ്ങളുടെ കുറച്ച് നേരത്തെ കാത്തിരിപ്പിന് ശേഷം നിഷ്കളങ്കമായ ചിരിയുമായി ആ കുഞ്ഞുങ്ങളെ പുറത്തേക്ക് കൊണ്ടുവന്നു. അവരുടെ ഓരോരുത്തരുടെയും മുഖത്ത് നോക്കുമ്പോൾ എങ്ങനെ ഇവരെ ഉപേക്ഷിക്കാൻ തോന്നി എന്ന് സ്വയം ചോദിച്ചുപോകും. ഞാൻ ആദ്യം കണ്ട കുട്ടിയെ വാരിയെടുത്ത് ഒരു ഉമ്മ വെച്ചു. താഴേക്ക് നോക്കിയപ്പോൾ മറ്റ് കുട്ടികൾ എന്റെ കാലിൽ പിടിച്ചു വലിച്ച് പറയുന്നു. ‘എന്നെയും അതുപോലെ എടുക്കുമോ? എനിക്കും ഒരു ഉമ്മ തരുമോ?’ എന്ന്. അതുകേട്ടപ്പോൾ ചങ്കിൽ എന്തോ വല്ലാതെ കുത്തിയിറങ്ങുന്നത് പോലെ തോന്നി.

അമ്മയുടെയും അച്ഛന്റെയും സ്നേഹം എന്താണെന്ന് അവർക്ക് അറിയില്ല. സഹോദര സ്നേഹവും അറിയില്ല. ‘തണലിൽ’ ഉള്ള എല്ലാ സ്ത്രീകളും അവർക്ക് അമ്മമാർ തന്നെ. അവരിൽ ചിലർ ഞങ്ങൾക്ക് പാട്ടുകൾ പാടിത്തന്നു. ആ പാട്ടിലും ഞാൻ കേട്ടത് കരച്ചിലിന്റെ സ്വരമാണ്.

തലമുടി നോക്കി നടത്താൻ സൗകര്യം ഇല്ലാത്തതുകൊണ്ട് അവരുടെ മുടി മൊട്ടയടിക്കൽ ആണ്. അതുകൊണ്ട് തന്നെ എന്റെ തലമുടി കണ്ടപ്പോൾ അവർക്ക് കൗതുകം തോന്നി. എന്നോട് അവർ ചോദിച്ചു. പൊന്നുചേച്ചി. ഞാൻ ആ മുടി അഴിച്ചോട്ടെ എന്ന്. എന്റെ സമ്മതത്തോടെ അവർ എന്റെ തലമുടിയിൽ കളിച്ചു. ചീപ്പും റിബ്ബണും എടുത്ത് എന്റെ തലമുടിയിലും കമ്മലിലും എല്ലാം അവർ കൗതുകത്തോടെ കളിച്ചു.

നേരം വൈകിയപ്പോൾ ഞാൻ അവരോട് യാത്ര പറയാൻ ശ്രമിച്ചു. പക്ഷേ പൊന്നുചേച്ചി പോകല്ലേ എന്ന വാക്കിൽ എനിക്ക് പെട്ടെന്ന് മടങ്ങൽ അസാധ്യമായി. എങ്കിലും പതിയെ ഞങ്ങൾ ഇറങ്ങാൻ തുടങ്ങി. ഞാൻ കൂടെ വരട്ടെ എന്ന് ചോദിച്ചു. ആ മക്കൾ കരച്ചിലായി. ആ പുഞ്ചുകുഞ്ഞുങ്ങളോട് കള്ളം പറയാൻ എനിക്ക് മടി തോന്നി. എങ്കിലും അവരോട് പറഞ്ഞു. ആദ്യം ഞങ്ങൾ പോയിട്ട് ഇവരെ അവിടെ ഇറക്കിയിട്ട് കൊണ്ടുപോകാൻ വരാം എന്നും അല്ലെങ്കിൽ കാറിൽ സ്ഥലം ഉണ്ടാകില്ലെന്നും പറഞ്ഞു.

അവിടെ നിന്നും ഇറങ്ങുമ്പോൾ ചങ്കിനകത്ത് ഒരു വിങ്ങൽ അനുഭവപ്പെട്ടു. ഞാൻ അവരെ ഒന്ന് തിരിഞ്ഞുനോക്കി. എല്ലാവരും ഗൈറ്റിൽ വന്നു നിൽക്കുകയാണ്. അവരുടെ കണ്ണിൽ അപ്പോൾ ഒരു പ്രതീക്ഷയുടെ ദീപം തെളിഞ്ഞപോലെ എനിക്ക് തോന്നി. ഞങ്ങൾ കാറെടുത്ത് പോരുമ്പോൾ അവർ ഞങ്ങളെ നോക്കി അതേ നിൽപ്പാണ്. അവിടെ നിന്ന് പോന്നിട്ടും എന്റെ മനസ്സ് മുഴുവൻ അവരോടൊപ്പമായിരുന്നു. ഞാൻ സ്വയം പറഞ്ഞു. തീയിൽ കുരുത്ത കുട്ടികളാണ്. അവർ ഒരു നല്ല നിലയിൽ എത്തും. കത്തുന്ന വേനലിനെ അതിജീവിച്ച് വളർന്ന് വരുന്ന പൂച്ചെടികളായിട്ടാണ് എനിക്കവരെ തോന്നിയത്.



# കൊഴിഞ്ഞുവീണ തളിരിലകൾ

ലബീബ പി. | IX-C

"ആയിഷാ... യ്യൊന്ന് എണീക്ക്ണ്ടോ...? ഇനീം കിടന്നാ അന്റെ സുബ്ഹി പോകൂലേ...?"

ഉമ്മാന്റെ വിളിയാണ്. പെട്ടെന്നെണീറ്റു. വേഗം നിസ്കാരവും മറ്റു കർമ്മങ്ങളും കഴിച്ചുകൂട്ടി. ബാഗുമെടുത്തിറങ്ങുമ്പോൾ വീണ്ടും ഉമ്മാന്റെ ശബ്ദം.

"അല്ലായിഷൂ... ഇന്നന്റെ തലേലെ തട്ടം ഏട പ്പോയി."

ഉമ്മാ... ഞാനിന്നലെ ങ്ങളോട് പറഞ്ഞീലേ.. ഇനി ഞങ്ങളെ കോളേജിലേക്ക് അങ്ങിനത്തെ വസ്ത്രൊന്നും ഇടാമ്പാടില്ലാന്ന്." ഇതും പറഞ്ഞ് ആയിഷ നടന്നകന്നു. ഒരാഴ്ചത്തെ കോളേജ് ലീവിന് വന്നതാ മോള്. മതത്തിന്റെ പേരില്ണ്ടായ എന്തോ അടിപിടീല് ഒരു ചെക്കനെന്തോ പറ്റീതാ.. പോയിപ്പോയി മൻഷന്മാര് ഇതെങ്ങാട്ടാണാവോ... സൈനബാത്ത ചിന്തക്ക് വേലിവെച്ചു. അടുക്കളയി ലേക്ക് നീങ്ങി.

കോളേജിലെത്തിയ ആയിഷ വേഗം ക്ലാസി ലേക്ക് നടന്നു. നല്ല ക്ഷീണമുണ്ടായിരുന്നു. പോകുന്ന വഴിയിൽ മരത്തിന് പിറകിൽ നിന്നൊരു കല്ല് തന്റെ നേരെ ചീറിപ്പാഞ്ഞ് വരുന്നത് കണ്ടു. കയ്യിലാ കൊണ്ടത്. മുറിവായിട്ടുണ്ട്. അത് കാര്യമാ ക്കാതെ അവൾ ക്ലാസിലേക്ക് നടന്നു. ക്ലാസിലെത്തി യപ്പോൾ നന്ദന ഓടിവന്നു. അവളെ ആയിഷക്ക് ഒരു പാടിഷ്ടമാണ്. എന്നാൽ പല ഭീഷണിക്കത്തുകളും നന്ദനക്ക് ലഭിക്കാൻ കാരണം തന്റെ മതമാണെന്ന് ആയിഷ സങ്കടത്തോടെ ഓർത്തു.

നന്ദന ആകെ വിളറിയിരുന്നു. കിതച്ചു കൊണ്ടവൾ ആയിഷയുടെ ചെവിയിൽ പറഞ്ഞു.

"അതേ... അർജുൻ അഭിജിത്തിനോട് പറയു ന്നത് കേട്ടു. അവർ പറയുന്നത് അടുത്തത് ആയിഷ യാണെന്നാണ്. കഴിഞ്ഞാഴ്ച നടന്ന തല്ലിൽ മുജീബ് ഗുരുതരാവസ്ഥയിലാണെന്നാണ് കേട്ടത്. ഞാൻ പോട്ടെ. ഇനീം ഇവിടെ നിന്നാൽ കുഴപ്പമാകും." ആയിഷയുടെ തല കറങ്ങുന്നത് പോലെ തോന്നി. അവൾ അവസാനത്തെ ബെഞ്ചിലായിരുന്നു. അവിടെ പോയിരുന്നു. ക്ലാസിൽ എന്നും ഫസ്റ്റ് ആയി ഷ ആയിരുന്നിട്ടും അവളെ ബാക്ക് ബെഞ്ചിലാണ് ഇരുത്തിയിരുന്നത്. അതിൽ അവൾക്ക് വിഷമമുണ്ടാ യിരുന്നില്ല. പക്ഷേ തന്റെ കൂടെ ഒരു കുട്ടിയേയും ഇരുത്താൻ ആരും സമ്മതം നൽകിയിരുന്നില്ല. അതാ യിരുന്നു അവൾക്ക് സങ്കടം ഉണ്ടാക്കിയത്.

കുറച്ച് ദിവസങ്ങൾ കഴിഞ്ഞു. കോളേജ് ശാന്ത മായിരുന്നു. എന്നാൽ എന്നും ആയിഷയുടെ ഇരിപ്പിട ത്തിൽ ഒരു കുറിമാനം അവളെ കാത്തിരിപ്പുണ്ടാകും. എല്ലാ കത്തിന്റെയും ഉള്ളടക്കം ഒന്നായിരിക്കും. "മതം മാറണം". അന്ന് കോളേജ് വിട്ടു. ഹോസ്റ്റലി ലേക്ക് നടക്കുമ്പോഴാണ് ആയിഷ ഓർത്തത്. ബോട്ട ണിയുടെ ബുക്ക് എടുത്തിട്ടില്ല. നാളേക്ക് ഒരുപാട് എഴുതാനുമുണ്ട്. അവൾ പെട്ടെന്ന് കോളേജിലേക്ക് നടന്നു. ക്ലാസിലെത്തിയപ്പോൾ അതാ ബോട്ടണി യുടെ ബുക്ക്. പക്ഷേ അതിനടുത്ത് അർജുനും അഭി ജിത്തും നിൽക്കുന്നുണ്ടായിരുന്നു. അവരുടെ കയ്യിൽ ഒരു പേനയുമുണ്ടായിരുന്നു. പിന്നെ ക്ലാസിലേക്ക് കയറിയില്ല. എങ്ങനെയെങ്കിലും അവിടെ നിന്ന് പോയാൽ മതിയെന്നായി. പിറ്റേദിവസം ഹോം വർക്ക് ചെയ്യാതെ ആയിഷ കോളേജിലേക്ക് വരുന്ന ആദ്യ ദിവസമായിരുന്നു. ആദ്യപിരിയഡ് കഴിഞ്ഞ പ്പോൾ ഓഫീസിലേക്ക് വിളിക്കുന്നു എന്ന് പറഞ്ഞ് ഒരു കുട്ടി ക്ലാസിലെത്തി. ഓഫീസിലെത്തിയപ്പോൾ കോപത്തോടെ ഒരു പേപ്പർ അവൾക്ക് നേരെ നീട്ടി. നിന്റെ ബോട്ടണിയുടെ ബുക്കിൽ നിന്നും കിട്ടിയതാ... എന്നും. അവൾ പേപ്പർ തുറന്നു. അത് വായിച്ചപ്പോൾ അവളുടെ തല കറങ്ങുന്നത് പോലെ തോന്നി. അവൾ അവിടെയുണ്ടായിരുന്ന ചുമരിൽ ചാരി നിന്നു. ഇതൊന്നും്ര ശദ്ധിക്കാത്തമ ട്ടിൽപ റഞ്ഞു.ഇ താ നിന്റെ ടി.സി.

ഫോൺ ബെല്ലടിക്കുന്നു. ഇതുകേട്ട് സൈന ബാത്ത ഓടിയെത്തി. 'ഹലോ..., ആരാ...' സൈന ബാത്ത ചോദിച്ചു.

ഇത് ആയിഷയുടെ കോളേജിൽ നിന്നാണ്. ഒരു ലൗമാറ്ററിന്റെ പേരിൽ നിങ്ങളുടെ മകൾ സൂയി സൈഡ് അറ്റെംറ്റ് നടത്തിയിരിക്കുന്നു. ഗുരുതരാവ സ്ഥയിലാണ്. ഇപ്പോൾ സിറ്റി ആശുപത്രിയിൽ ഉണ്ട്. പെട്ടെന്ന് ഇങ്ങോട്ട് വരൂ..."

ഓട്ടോറിക്ഷയിൽ കയറിയിരുന്നിട്ടേയുള്ളൂ.. വീണ്ടും ഫോൺ. കരഞ്ഞു തളർന്നിരുന്ന സൈന ബാത്ത ഒരുവിധം ഫോണെടുത്തു.

"ഹലോ... നിങ്ങളുടെ മകൾ മരണപ്പെട്ടിരിക്കു ന്നു. നിങ്ങൾ എത്രയും പെട്ടെന്ന് വന്നാൽ ഞങ്ങൾക്ക് പോകാമായിരുന്നു."

# മറക്കാനാവാത്ത ഉല്ലാസയാത്ര

സുൽഫീന പി. | IX-C

എടീ അമ്മൂ... നിനക്ക് ഐസ്ക്രീം വേണ്ടേ...?

"വേണം"

എന്നാൽ വാ, നമുക്ക് കഴിക്കാം.

അവൾ ചുറ്റുപാടുകൾ കണ്ട് നടന്നു. എത്ര എത്ര കാഴ്ചകൾ. എന്തെല്ലാം വസ്തുക്കൾ. അമ്മു അങ്ങനെ ചിന്തിച്ച് നടക്കുകയായിരുന്നു.

''വാ... കടയെത്തി. നമുക്ക് ഐസ്ക്രീം കഴിക്കാം." അങ്ങനെ അവർ ഐസ്ക്രീം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു.

പെട്ടെന്ന്, അമ്മൂ... അമ്മൂ... എണീക്ക് അമ്മൂ... നിനക്ക് സ്കൂളിൽ പോകേണ്ടേ..? അമ്മു പെട്ടെന്ന് ഉറക്കത്തിൽ നിന്ന് ഞെട്ടി ഉണർന്നു.

എല്ലാം സ്വപ്നമായിരുന്നോ... ദൈവമേ! എന്തെല്ലാം ആശിച്ചുപോയി.

എന്താ.. അമ്മൂ... നീ പിറുപിറുക്കുന്നത്. അമ്മ ആശ്ചര്യത്തോടെ ചോദിച്ചു.

ഒന്നുല്യമ്മേ... ഞാൻ ഒരു യാത്ര പോകുന്ന സ്വപ്നം കണ്ടു.

അത് നീ എന്നും കാണുന്നതല്ലേ... അതിലെന്താ ഇത്ര ആശ്ചര്യം. അമ്മ ചോദിച്ചു.

അമ്മേ...ഇ ൗസ ്വപ്നംഎ ന്നും കാണുന്ന പോലെയല്ല. ഇത് വ്യത്യസ്തമായൊരു സ്വപ്നമാണ്. പ്രഭാതത്തിൽ കണ്ട സ്വപ്നം ഫലിക്കുമെന്നല്ലേ അമ്മേ പറയാറ്.

മോളേ... നമുക്ക് എന്നെങ്കിലും അങ്ങനെ ഒരു ദിവസം വരും. നീ വിഷമിക്കാതിരിക്ക്. വേഗം എണീറ്റ് സ്കൂളിൽ പോകാൻ നോക്ക്.

ഉം.. എന്ന് മൂളിക്കൊണ്ട് അവൾ എണീറ്റുപോയി. പ്രഭാതകൃത്യങ്ങൾ ചെയ്ത് കുളിച്ച് യൂണിഫോം ഇട്ടു. ശേഷം ബാഗെടുത്ത് അമ്മയോട് പറഞ്ഞ് സ്കൂളിലേക്ക് നടന്നു. അവൾ നടന്ന് കൊണ്ടിരിക്കുമ്പോൾ അവളുടെ മനസ്സിൽ ഒരേ ചിന്ത മാത്രം. എനിക്ക് ഉല്ലാസയാത്ര പോകണം. പക്ഷേ എങ്ങനെ സാധിക്കും. അതിനൊക്കെ ധാരാളം കാശ് വേണം. എങ്കിലും എനിക്കൊരു യാത്ര പോകണം. അച്ഛൻ മരിച്ചതിന് ശേഷം അമ്മ പല വീടുകളിൽ ജോലി ചെയ്താണ് എന്നെയും അനിയത്തിയെയും നോക്കുന്നത്. കാശ് അമ്മയോട് ചോദിക്കാനും കഴിയില്ല. ദൈവമേ... എനിക്കൊരു വഴി കാണിച്ചുതരണേ...

ചിന്തിച്ച് നടന്നപ്പോൾ സ്കൂളെത്തിയത് അറിഞ്ഞില്ല. എന്താ അമ്മൂ... നിന്റെ മുഖത്തൊരു വല്ലായ്മ. ഫാത്വിമയുടെ ചോദ്യമാണ് അവളെ ചിന്തയിൽ നിന്നുണർത്തിയത്.

ഏയ്... ഒന്നുമില്ലെടി...

അവൾ ക്ലാസിൽ കയറി ബാഗ് ഡെസ്കിൽ വെച്ച് ബെഞ്ചിലിരുന്നു. അടുത്ത് ഫാത്വിമയും ഇരുന്നു.

എന്താടീ.. നിനക്ക് പറ്റിയത്? നീ എന്താ ഒന്നും മിണ്ടാതെ. വീട്ടിലെന്തെങ്കിലും പ്രശ്നമുണ്ടോ?

ഇല്ല എന്ന ഭാവത്തിൽ അവൾ തലയാട്ടി.

പിന്നെന്താ നിനക്ക് പറ്റിയത്? ഫാത്വിമ വീണ്ടും ചോദിച്ചപ്പോൾ അവൾ പറഞ്ഞ് തുടങ്ങി. ഞാൻ ഇന്നലെ ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു. നമ്മൾ സ്കൂളിൽ നിന്ന് യാത്ര പോകുന്നതായി. പല കാഴ്ചകളും പല നാടുകളും കണ്ടു. പക്ഷേ എനിക്ക് അതിനുള്ള ഭാഗ്യമില്ലല്ലോ. ഇത്രയും പറഞ്ഞപ്പോഴേക്കും അവളുടെ കണ്ണ് നിറഞ്ഞു.

സാരമില്ലെടീ... നീ വിഷമിക്കാതിരിക്ക്. നമുക്ക് ഒരിക്കൽ ഒരു ടൂർ പോകണം. സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞതാണെങ്കിലും തന്റെ ദുഃഖത്തിൽ പങ്കുചേരുന്ന ചങ്ങാതി ഉണ്ടല്ലോ എന്നാണ് അമ്മുവിന്റെ സന്തോഷം.



ആ ദിവസത്തെ ക്ലാസ് ഒന്നും അമ്മുവിന് ശ്രദ്ധിക്കാനായില്ല. എനിക്ക് ഒരു യാത്ര പോകണം എന്ന ചിന്ത മാത്രമേയുള്ളൂ..

സ്കൂൾ വിട്ടപ്പോൾ അവൾ ബാഗെടുത്ത് ഫാത്വിമയോട് യാത്ര പറഞ്ഞ് വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയപ്പോഴും മൗനം തന്നെ. അമ്മക്ക് കാര്യം അറിയുന്നതിനാൽ ചോദിക്കാൻ നിന്നില്ല.

അവൾ കുളിച്ച് ഡ്രസ് മാറി. റൂമിൽ പോയി ഒറ്റക്കിടത്തം. പലതും ചിന്തിച്ച് കിടന്നു. നേരം ഒരുപാടായി. അവൾ എപ്പഴോ ഉറങ്ങി.

ദിനങ്ങളും മാസങ്ങളും കൊഴിഞ്ഞു. ഓരോ ദിനം കൂടുന്തോറും അമ്മുവിന്റെ മനസ്സിലെ ആഗ്രഹം കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു ദിവസം അമ്മു സ്കൂളിൽ എത്തിയപ്പോൾ അവളുടെ ചെവിയിൽ ഒരു വാർത്തയെത്തി. സ്കൂളിൽ നിന്ന് ഉല്ലാസയാത്ര പോകുന്നു. താൽപര്യമുള്ളവർ നാളെ തന്നെ തന്നെ ആയിരം രൂപയും പേരും നൽകണം.

ആയിരം രൂപ എന്ന് കേട്ടപ്പോഴാണ് അമ്മുവിന് വിഷമം തോന്നിയത്. ഫാത്വിമ അവളുടെ മുഖത്തേക്ക് നോക്കി. അവളുടെ മുഖം വാടിയത് ഫാത്വിമ കണ്ടു. കാരണം എന്താണെന്നും മനസ്സിലായി.

പിറ്റേ ദിവസം അമ്മു വൈകിയാണ് സ്കൂളിൽ എത്തിയത്. ഫാത്വിമ നേരത്തെ എത്തിയിട്ടുണ്ട്. അമ്മുവിന്റെ മുഖം വാടിയാണ് ഇരിക്കുന്നത്.

കുറച്ച് സമയം കഴിഞ്ഞ് ഒരു ഒഴിവ് സമയത്ത് ഫാത്വിമ അമ്മുവിനോട് ചോദിച്ചു. നീ എന്റെ കൂടെ ഓഫീസിലേക്ക് ഒന്ന് വരോ...

എന്തിനാ...? അമ്മു ചോദിച്ചു.

ടൂർ പോകാനുള്ള കാശ് കൊടുക്കാനാണ്. ഫാത്വിമ ചെറുചിരിയോടെ പറഞ്ഞു.

ഉം.. ഞാൻ വരാം... അമ്മു മൂളി.

അവർ ഓഫീസിലെത്തി. ഫാത്വിമയുടെ കൈയ്യിൽ രണ്ടായിരത്തിന്റെ ഒരു നോട്ടുണ്ട്. അവൾ അത് സാറിന് നീട്ടി.

പേര് പറയൂ... സാർ പറഞ്ഞു.

ഫാത്വിമ.

ഉം. സാർ മൂളി.

അമ്മു.

അമ്മു ആശ്ചര്യത്തോടെ ഫാത്വിമയെ നോക്കി. ഞാനോ?

ആ നീ തന്നെ. ഫാത്വിമ പറഞ്ഞു.

എന്നാ സാർ ടൂർ? ഫാത്വിമ ചോദിച്ചു.

അടുത്ത ശനിയാഴ്ച. ഇനി മൂന്ന് ദിവസം മാത്രമേയുള്ളൂ. സാർ മറുപടി പറഞ്ഞു.

അമ്മുവും ഫാത്വിമയും ഓഫീസിൽ നിന്ന് ഇറങ്ങി. ക്ലാസിലേക്ക് നടന്നു.

നീ എന്തിനാ എന്റെ പേര് കൊടുത്തത്? അമ്മു ചോദിച്ചു.

നിനക്ക് ഒരു യാത്ര പോകാൻ ആഗ്രഹമില്ലേ? അത് ഞാൻ സാധിച്ച് തരാം. ഫാത്വിമ ചിരിച്ചുകൊണ്ട് പറഞ്ഞു.

അമ്മു അന്ന് ചിരിച്ചുകൊണ്ടാണ് വീട്ടിലെത്തിയത്. അവൾ അമ്മയോട് എല്ലാ കാര്യവും പറഞ്ഞു. അമ്മയ്ക്കും സന്തോഷമായി. അങ്ങനെ ശനിയാഴ്ചക്കായി കാത്തിരുന്നു.

അങ്ങനെ ആ ദിവസം വന്നെത്തി. അന്ന് നേരത്തെ എണീറ്റ് പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ചു. കുളിച്ച് യൂണിഫോം ധരിച്ചു. അമ്മയോട് പറഞ്ഞ് ഇറങ്ങി. അമ്മ പറഞ്ഞു. മോളേ... നന്നായി ശ്രദ്ധിക്കണം.

ശരി അമ്മേ... അവൾ പറഞ്ഞു.

അവൾ സ്കൂളിലെത്തി. ഫാത്വിമ അവിടെ എത്തിയിരുന്നു. സമയം 7.30. അവർ ബസിൽ കയറി ഇരുന്നു. ബസ് നീങ്ങിത്തുടങ്ങി. അമ്മു പുറത്തേക്ക് തന്നെ നോക്കിയിരുന്നു. പല തരത്തിലുള്ള കാഴ്ചകൾ... പല വസ്തുക്കൾ... അവർ പല സ്ഥലങ്ങളിലും ഇറങ്ങി. അവൾ കണ്ട സ്വപ്നത്തേക്കാൾ മനോഹരമായിരുന്നു കാഴ്ചകൾ. അവൾ ഏറെ രാത്രി വൈകിയാണ് തിരിച്ചെത്തിയത്. എല്ലാവരും വീട്ടിലേക്ക് പോകേണ്ട തിരക്കിലാണ്. അമ്മു ഫാത്വിമയെ കെട്ടിപ്പിടിച്ച് ഞാൻ പോയി എന്ന് യാത്ര പറഞ്ഞ് വീട്ടിലേക്ക് നടന്നു. സന്തോഷത്തോടെ അവൾ വീട്ടിലെത്തി. അമ്മയോടും അനിയത്തിയോടും കണ്ട കാഴ്ചകളെല്ലാം വിവരിച്ചു. അന്നേരം അവളുടെ മനസ്സിൽ അമ്മയും അനിയത്തിയും എന്ന് ഈ സ്ഥലങ്ങളെല്ലാം കാണും എന്ന വിഷമം ബാക്കിയായിരുന്നു.

## ചിത്രമൂല



ത്വയ്യിബ തെസ്നി | X-K



ഷംനാദ് നിഹാൽ | IX-R



സനൂബിയ | IX-P

# അച്ഛനെത്തേടി

ഷിഫ ടി. | IX-N

അങ്ങ് ദൂരെ ഒരു പ്രദേശം. കാടുകളും മേടുകളും പുൽനാമ്പുകളും നിറഞ്ഞ ഭൂമിയിലെ കൊച്ചു സ്വർഗ്ഗം. പുൽമേട് എന്നായിരുന്നു ആ ഗ്രാമത്തിന്റെ പേര്. പരസ്പരം സ്നേഹിച്ചും സഹായിച്ചും തലോടിയും മാത്രം ജീവിക്കുന്ന ഒരു പറ്റം ഗ്രാമ വാസികൾ. യുഗങ്ങൾ മാറുന്നതിനനുസരിച്ചുള്ള മാറ്റങ്ങൾ അവിടെ ദൃശ്യമാണ്. അത് മനുഷ്യസ്വഭാവത്തിലായാലും മറ്റു കാര്യങ്ങളിലായാലും. എത്ര സുന്ദരമായാലും ഒരു വിദ്യാലയമില്ലാത്തത് ആ പ്രദേശത്തിന്റെ ഒരു കുറവായിരുന്നു. അതുകൊണ്ട് തന്നെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ നന്നെ കുറവായിരുന്നു. അവരുടെ ജീവിതം മുഴുവൻ കൃഷിയും പാടങ്ങളും തോപ്പുകളുമായിരുന്നു. അതിനപ്പുറമുള്ളൊരു ലോകം അവർക്ക് അപരിചിതമായിരുന്നു. വിദ്യ തേടിപ്പോകുന്നവർ പിന്നീട് ആ ഗ്രാമത്തിലേക്ക് തിരിച്ചുവരില്ലായിരുന്നു. അതുമൂലം ഗ്രാമവാസികളുടെ മനസ്സിൽ വിദ്യാഭ്യാസം എന്നത് മരണത്തിന് തുല്യമായിരുന്നു.

ദൈവത്തിന്റെ പ്രതീതിപോലെയായിരുന്നു അവന്റെ വരവ്. അരുൺ അങ്ങകലെയുള്ള സിറ്റിയിൽ താമസിക്കുന്നു അവൻ ഏറെ പ്രതീക്ഷയോടെയും ലക്ഷ്യങ്ങളോടെയുമാണ് അവിടെ എത്തിയത്. ബസ്സിറങ്ങിയപ്പോൾ തന്നെ അവന്റെ കണ്ണുകൾ ഉടക്കിയത് ചായക്കടയിലിരുന്ന് ഒരു അന്യഗ്രഹ ജീവിയെ പോലെ തന്നെ നോക്കുന്ന ആളുകളിലാണ്.



പെട്ടെന്നായിരുന്നു കാർമേഘങ്ങൾ മൂടിക്കെട്ടിയത്. അതിന്റെ വരവ് കഠിനമായിരുന്നു. ശക്തമായ മഴ. അവൻ ആ ചായക്കടയിലേക്ക് കയറി. മഴയോടൊപ്പം വരുന്ന തണുപ്പേറിയ കാറ്റിൽ അവന്റെ ചിന്തകളും എങ്ങോട്ടെന്നില്ലാതെ പാറിപ്പറന്നു.

“മോൻ എവിടെന്നാ...?” ആ ശബ്ദമായിരുന്നു അവനെ ചിന്തകളിൽ നിന്നുണർത്തിയത്.

കുറച്ചകലെ ഒരു നഗരത്തിൽ നിന്നാണ്. ഒരു ചായ കിട്ടിയാൽ കൊള്ളാമായിരുന്നു. ഒരു പുഞ്ചിരിയോടെ ചോദ്യത്തിനുള്ള ഉത്തരത്തോടൊപ്പം അവൻ പറഞ്ഞു. എന്നിട്ട് അടുത്തൊഴിഞ്ഞ് കിടക്കുന്ന ബെഞ്ചിൽ ഇരിപ്പുറപ്പിച്ചു. തൊട്ടപ്പുറത്തായി തന്റെ ബാഗും.

“എങ്ങോട്ടാ... യാത്ര?’ ചായയുമായി വന്ന കടക്കാരൻ അവനോടായി ചോദിച്ചു.

പുൽമേട്ടിലേക്കാണ്. ഇവിടെ നിന്ന് ഏകദേശം എത്ര ദൂരം ഉണ്ടാകും? ഒരിറക്ക് ചായ കുടിച്ച് അവൻ കടക്കാരന്റെ ഉത്തരത്തിനായി കാത്തിരുന്നു. അതുവരെ അവനെ സംശയത്തിന്റെ നിഴലിൽ നിർത്തിയിരുന്ന അയാളുടെ അധരങ്ങളിൽ ഒരു ചെറുപുഞ്ചിരി വിടർന്നു. കുറച്ചകലെയുള്ള മലയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അയാൾ പറഞ്ഞു.

“ദാ... ആ കാണുന്ന മല കടന്നാൽ പുൽമേട് എത്തും. ആട്ടെ. വിദ്യതേടി പോയ ആരെങ്കിലും ആണോ?”

അതെന്താ അങ്ങനെ ചോദിച്ചത്? അവൻ അയാളുടെ മുന്നിൽ തന്റെ സംശയം ഉണർത്തി.

“ഏയ്, അതൊന്നുല്യാ... ഇവിടെന്ന് വിദ്യ തേടിപ്പോയ ആരും തന്നെ തിരികെ വന്നിട്ടില്ല. ഇനി അങ്ങനെ ആരെങ്കിലുമാണോ

എന്നുവെച്ച് ചോദിച്ചതാ.."

അയാളുടെ ചോദ്യത്തിന് കൃത്യമായൊരു മറുപടി നൽകാതെ അകലെയുള്ള ആ മല ലക്ഷ്യ മാക്കി അവന്റെ കാലുകൾ ചലിക്കാനൊരുങ്ങി.

"താൻ പുൽമേട്ടിലേക്കാണോ? ഞാനും അങ്ങോട്ടാ...! എന്റെ കൂടെ പോരൂ..."

തന്നേക്കാളേറെ അഞ്ചാറ് വയസ്സ് പ്രായം തോന്നിക്കുന്ന ഒരു യുവാവായിരുന്നു അത്. മറു ത്തൊന്നും പറയാതെ അവൻ അയാളുടെ കൂടെ തന്റെ പ്രതീക്ഷകളെ കൂട്ടുപിടിച്ച് ഓരോ ചുവടും മുന്നോട്ട് വെച്ചു.

വഴിയിലുടനീളമുള്ള പച്ചപ്പ് അവന്റെ കണ്ണു കൾക്കും മനസ്സിനും കുളിരേകി. ആ ഗ്രാമത്തിന്റെ സൗന്ദര്യത്തെ അവൻ അവനിലേക്ക് ആവാഹിച്ചെ ടുത്തു.

"സിറ്റിയിൽ നിന്നാണല്ലേ വരവ്? എന്താ പേര്?"

അരുൺ. അവൻ മറുപടി നൽകി.

"ഞാൻ ദേവ്. ഗ്രാമത്തിൽ ഇത്തിരി കൃഷി യൊക്കെയായി മുന്നോട്ട് പോകുന്നു. വീട്ടിൽ ഭാര്യയും രണ്ട് മക്കളുമുണ്ട്. അവരെയൊക്കെ പോറ്റണ്ടേ.. യുവാവ് സ്വയം പരിചയപ്പെടുത്തി.

പെട്ടെന്നാണ് അവന്റെ മനസ്സിൽ ചായക്കട ക്കാരന്റെ ചോദ്യം വെളിപ്പെട്ടത്. ഇത്തിരി സംശയ ത്തോടെ അരുൺ ചോദിച്ചു. "നേരത്തെ ചായക്കട യിലെ ചേട്ടൻ പറയുന്നതായി കേട്ടല്ലോ. ഇവിടെയു ള്ളവർ വിദ്യതേടി പുറത്തുപോയാൽ തിരിച്ചുവരി ല്ലെന്ന്. എന്താ സംഭവം?"

"അതോ.. ഇവിടെന്ന് ഇന്നേവരെ വിദ്യ തേടി പ്പോയവർ പിന്നെ തിരിച്ചുവന്നിട്ടില്ല. അതുകൊണ്ട് തന്നെ വിദ്യാഭ്യാസം എന്നത് ഞങ്ങൾക്കൊരു പേടി സ്വപ്നമാണ്. ഇവിടെയാണേൽ വിദ്യാലയവും ഇല്ല. മാത്രവുമല്ല, എല്ലാവരും പഠനത്തിന്റെ കാര്യ ത്തിൽ പിന്നോക്കവുമാണ്. ഈ നാട്ടിൽ ഇച്ചിരിയെ ങ്കിലും പഠിപ്പും വിവരോം ഉള്ളത് ഗോവിന്ദൻ മാഷിനാണ്."

അതാരാ.. ഗോവിന്ദൻ മാഷ്? അവൻ ചോദി ച്ചു.

വർഷങ്ങൾക്ക് മുന്നേ ഈ നാട്ടിലേക്ക് നഗര ത്തിൽ നിന്നും വന്നതാണ്. മാഷ് ഞങ്ങൾക്ക് ഒരു വൈദവത്തെ പോലെയാണ്. ഈ ഗ്രാമത്തിൽ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് മാഷാണ്. ഒറ്റശ്വാസത്തിൽ ദേവ് പറഞ്ഞു. മാഷിന്റെ ഒരു സ്വപ്നമാണ്. ഇവിടെ ഒരു സ്കൂൾ തുടങ്ങുക എന്നത്. ഇവിടത്തെ കുട്ട്യോൾക്കും വിദ്യ നേടു ന്നത് വല്യ ആഗ്രഹാണ്. മാഷ് അവർക്ക് എപ്പോഴും ഓരോ കഥകളൊക്കെ പറഞ്ഞ് കൊടു ക്കും. ഒരു സ്കൂൾ തുടങ്ങാൻ എല്ലാം ഏർപ്പാ ടാക്കിയിട്ടുണ്ട്. പക്ഷേ ഒരധ്യാപകനെ കിട്ടിയിട്ടില്ല.

വഴിയിലുടനീളം സംസാരിച്ച് അവർ നേരെ പോയത് ഗോവിന്ദൻ മാഷിന്റെ വീട്ടിലേക്കാണ്.

"നമസ്കാരം"

ആരാ...? മനസ്സിലായില്ല. കണ്ണടക്കിടയിലൂടെ നോക്കിക്കൊണ്ട് ഗോവിന്ദൻ മാഷ് അരുണിനോ ടായി ചോദിച്ചു.

ഞാൻ അരുൺ. ഇത്തിരി ദൂരേനിന്നാണ്. തങ്ങാൻ ഒരിടം നൽകുകയാണെങ്കിൽ തരക്കേടില്ലാ യിരുന്നു.

അരുണിന് ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് ഗോവിന്ദൻമാഷ് അടുത്തു കാണുന്ന കെട്ടിടത്തി ലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു. ദാ... ആ കാണുന്ന മുറിയിൽ തങ്ങിക്കോളൂ... സ്കൂൾ തുടങ്ങാനായി ഉണ്ടാക്കിയതാണ്. ഒരു മാഷിനെ കിട്ടാത്തതു കൊണ്ട് അത് അങ്ങനെ കിടക്കുകയാണ്.

അരുൺ നന്ദിപൂർവ്വം പുഞ്ചിരിച്ചുകൊണ്ട് ആ കെട്ടിടത്തിലേക്ക് കയറി. രണ്ട് മുറി, ഒന്നിൽ ബെഞ്ചുകളെല്ലാം കൊണ്ട് ഒരു ക്ലാസ് റൂം പോലെ. മറ്റേത് താമസിക്കാൻ പറ്റിയ ഒരു മുറിയും. അവൻ അവിടെ വിശ്രമിക്കാനിരുന്നു.

അരുൺ പോവുന്നതും നോക്കി നിന്ന് ഗോവിന്ദൻ മാഷ് ദേവനോടായി പറഞ്ഞു. ഇത്തിരി വിദ്യയുള്ള കൂട്ടത്തിലാണെന്ന് തോന്നുന്നു. കാണാനും തരക്കേടില്ല. വിരോധമില്ലെങ്കിൽ നമുക്ക് ഇവിടുത്തെ അധ്യാപകനാക്കിയാലോ. ഞാനൊന്ന് സംസാരിച്ചു നോക്കട്ടെ.

എനിക്കും തോന്നുന്നു. നേരം സന്ധ്യയാകാ റായി. എന്നാ ഞാനങ്ങോട്ട്.

ഹാ.. ആയിക്കോട്ടെ.

പിറ്റേ ദിവസം രാവിലെ ആരോ വിളിക്കുന്ന ശബ്ദം കേട്ടാണ് അരുൺ ഉറക്കത്തിൽ നിന്നും ഉണർന്നത്. വാതിൽ തുറന്ന് നോക്കിയപ്പോൾ ഒരു കപ്പ് ചായയുമായി നിൽക്കുന്നു ഗോവിന്ദൻ മാഷ്. ഒരു ചിരി അധരങ്ങളിൽ വിടർത്തി ഗോവിന്ദൻ മാഷ് ചായ അരുണിന് നീട്ടിക്കൊണ്ട് പറഞ്ഞു. ഇതങ്ങ് കുടിക്യ. എന്നിട്ട് ഇറങ്ങിക്കോളു. ഇവിടെ അടുത്ത് ഒരു ആറ് ഉണ്ട്. അവിടെ നിന്ന് കുളിച്ചിട്ട് ബാക്കി നോക്കാം. എന്റെ കൂടെ പോരൂ...

അരുൺ തന്റെ ചിരി മായ്ക്കാതെ ചായ കുടിച്ച് തോർത്തുമായി ഗോവിന്ദൻ മാഷിന്റെ കൂടെ ഇറങ്ങി.

എത്ര പഠിച്ചിട്ടുണ്ട്? ഗോവിന്ദൻ മാഷ് അരു ണിനോടായി ചോദിച്ചു.

ബിഎഡ് കഴിഞ്ഞു.

ആഹാ... അപ്പോ അധ്യാപകനാണല്ലേ.

ആ... അങ്ങനെ പറയാം.

വിരോധല്യങ്കിൽ ഇവിടുത്തെ സ്കൂളിൽ ഒരു അധ്യാപകൻ ആയിക്കൂടെ. തനിക്ക് അറിയാലോ കുറേ നാളായിട്ട് ഞങ്ങൾ ഒരു അധ്യാപകനെ തേടി നടക്കുകയാണ്. കിട്ടിയാലുടൻ സ്കൂൾ തുടങ്ങാൻ വേണ്ടി.

ഞാനോ...?!

ഹാ... താൻ തന്നെ. താൻ ഇവിടുത്തെ മാഷാ കണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. എതിര് പറ യരുത്. അപേക്ഷയാണ്.

അരുൺ തലയാട്ടി തന്റെ സമ്മതം അറിയിച്ചു. പിറ്റെ ദിവസം തന്നെ സ്കൂൾ ആരംഭിച്ചു. കുട്ടികൾ വന്ന് തുടങ്ങി. വിദ്യാഭ്യാസത്തോടുള്ള പേടി ആ ഗ്രാമ വാസികളിൽ നിന്നും പതിയെ മാഞ്ഞുപോയി. അരുൺ കുട്ടികളോടൊത്തുള്ള ദിവസങ്ങൾ ഒരു ട്രെയിൻ കണക്കെ നീങ്ങി. കുട്ടികൾക്ക് അവരുടെ

മാഷിനെ ഏറെ ഇഷ്ടമായി.

അങ്ങനെ ദിവസങ്ങൾ നീങ്ങി. ഒരു ദിവസം. അരുൺ ഗോവിന്ദൻ മാഷിന്റെ വീട് സന്ദർശിക്കാൻ പോയി. സ്കൂളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സംസാരിക്കാൻ വേണ്ടിയാണ്. വീടിന്റെ പടിക്കൽ എത്തിയപ്പോൾ തന്നെ.

വാ... കേറിയിരിക്ക്. ഗോവിന്ദൻ മാഷ് സ്നേഹപൂർവ്വം അവനെ വീട്ടിലേക്ക് സ്വാഗതം ചെയ്തു.

ചുമ്മാ... വന്നതാണ്. സ്കൂളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ തിരക്കാനുമുണ്ട്.

എടീ... വാസന്തിയേ... ചായ എടുക്ക്. നമുക്ക് ഔരു ഗസ്റ്റ് ഉണ്ട്. ഗോവിന്ദൻ മാഷ് തന്റെ ഭാര്യയോടായി അടുക്കളയിലേക്ക് വിളിച്ചുപറഞ്ഞു.

അല്ലാ... മോന്റെ വീട്ടിൽ ആരൊക്കെയുണ്ട്. വന്നിട്ട് ദിവസങ്ങളായെങ്കിലും അതൊന്നും ചോദിക്കാൻ പറ്റിയിട്ടില്ല.

ഇത്തിരി വാടിയ മുഖത്തോടെ അരുൺ മറുപടി പറഞ്ഞു. എനിക്ക് പറയത്തക്ക ബന്ധുക്കൾ ഒന്നുമില്ല. അച്ഛൻ എന്റെ കുഞ്ഞിലെ നാടുവിട്ട് പോയി. അമ്മ കുറച്ച് മാസങ്ങൾക്ക് മുമ്പ് യാത്രയായി. ഇത്രയും പറയുമ്പോൾ അരുണിന് വാക്കുകൾ ഇടറുന്നുണ്ടായിരുന്നു. അമ്മയെക്കുറിച്ച് പറഞ്ഞപ്പോൾ അവൻ വിതുമ്പി.

കണ്ണുതുടച്ച് ചായയുമായി വരുന്ന വാസന്തിയമ്മയെ നോക്കി ഒരു പുഞ്ചിരി സമ്മാനിച്ചപ്പോൾ പെട്ടെന്നായിരുന്നു ചുവരിൽ തൂക്കിയിട്ട ഫോട്ടോ അവന്റെ ശ്രദ്ധയിൽ പെട്ടത്. കണ്ടപാടെ.. അമ്മോ.... എന്ന് വിളിച്ചവൻ ഫോട്ടോക്കരികിലേക്ക് ഓടി. അത് കയ്യിലെടുത്തു. ഒരു സംശയരൂപേണ അവനെ നോക്കുകയായിരുന്ന ഗോവിന്ദൻ മാഷും ഭാര്യയും അവന്റെ ചുമലിൽ കൈവെച്ചു ചോദിച്ചു.

"ഇത്...

ഇതാണെന്റെ അമ്മ. അപ്പോ നിങ്ങൾ?". ഏറെ പ്രതീക്ഷയും അന്ധാളിപ്പും അവന്റെ ചോദ്യത്തിൽ ഉയർന്നു.

അപ്പോ താൻ എന്റെ വസുമതിയുടെ മകൻ ആണോ? എന്റെ ഭാര്യ. ഈ നാട്ടിലേക്ക് വന്നെത്തിയത് എന്റെ അച്ഛനെ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ്. ഇവിടെ ഉണ്ടെന്ന സൂചന മരിക്കുമ്പോൾ അമ്മ തന്നിരുന്നു. ഒരു പൊട്ടിക്കരച്ചിലോടെ അവർ തമ്മിൽ ആലിംഗനം ചെയ്തു. പിന്നീട് തന്റെ അച്ഛനോടൊത്തുള്ള അരുണിന്റെ ജീവിതം ആനന്ദകരമായിരുന്നു...

---



# സ്റ്റാറ്റസിന്റെ മരണം

**അഫീഫ എ.കെ. | X-D**

അലാറം എന്നെ അതിയായി ആക്രമിക്കാൻ തുടങ്ങിയപ്പോൾ കിടക്കയിൽ നിന്നും എണീറ്റുപോന്നു. പത്രത്തിന് മീതെ മൊബൈലും വെച്ച് അതിനെ നിരന്തരം ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അസാധാരണയായി മെസേജുകളുടെ പ്രളയം. എന്റെ പിറുപിറുക്കൽ കേട്ട് മക്കൾ എന്നെ നോക്കി ചിരിച്ചു. സ്റ്റാറ്റസിനെ പ്രേമിക്കുന്ന ഞാൻ ഉടനെ സ്റ്റാറ്റസാണ് നോക്കിയത്. ഞാൻ അന്ധാളിച്ചുപോയി. വല്ലാത്തൊരു അസ്വസ്ഥത. എല്ലാറ്റിലും ഇത്രമാത്രമായിരുന്നു. "ഹാപ്പി മദേഴ്സ് ഡേ" ഫ്രണ്ട്സിന്റെ അമ്മമാരുടെ ഫോട്ടോ കൊണ്ട് നിറഞ്ഞപ്പോൾ എനിക്കൊരു ആധി. ഞാനെന്റെ ഫോണിൽ അമ്മയെ തിരഞ്ഞു. പക്ഷേ ദൈവം എന്നെ പരീക്ഷിച്ചു. അമ്മയെ കണ്ടില്ല. ഞാൻ ധൃതിയിൽ കാറെടുത്ത് പാഞ്ഞു. അപ്പോഴാണ് എന്റെ ഫോണിന്റെ നിലവിളി. അതിന്റെ നിലവിളിക്ക് പരിഹാരം കണ്ടപ്പോൾ കേട്ടത് എന്റെ കാതുകളെ മരവിപ്പിച്ചു കളഞ്ഞു. "അമ്മ മരിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ വന്നാൽ ആനക്കര സർക്കാർ ആശുപത്രിയിൽ വന്ന് കൊണ്ടുപോകാം. അല്ലെങ്കിൽ വൃദ്ധസദനത്തിലേക്ക് വന്നാലും മതി." അപ്പോഴും എന്റെ കാതുകൾ നിശ്ശബ്ദമായിരുന്നു. അപ്പോഴും എന്റെ സങ്കടം എന്റെ സ്റ്റാറ്റസിന്റെ മരണത്തിലായിരുന്നു.

*Insperia*

ഇവിടെ അവസാനിക്കുന്നു.

സൃഷ്ടികൾ തന്ന്
സമ്പുഷ്ടമാക്കിയവർ.....

രൂപകൽപന നടത്തിയ
ഗ്രാഫിക് ഡിസൈനർ....

അണിയറയിൽ പ്രചോദനം നൽകിയ
രക്ഷാധികാരികൾ....

പത്രാധിപ സമിതി....

വിദ്യാർത്ഥി പ്രതിനിധികൾ...

എല്ലാവർക്കും

**നന്ദി...**